# പതിനാലാം കേരള നിയമസഭ

## പത്തൊൻപതാം സമ്മേളനം

## 2020 മാർച്ച് 18, ബുധൻ

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

**[ആകെ ചോദ്യങ്ങൾ--317]**

| മറുപടി നൽകുന്ന മന്ത്രിമാർ | ചോദ്യ നമ്പർ |
|---|---|
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : 3616 മുതൽ 3739 വരെ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി | : 3740 മുതൽ 3811 വരെ |
| വൈദ്യുതി വകുപ്പുമന്ത്രി | : 3812 മുതൽ 3857 വരെ |
| സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി | : 3858 മുതൽ 3932 വരെ |

### ബ്ലേഡ് പലിശക്കാർക്കെതിരെയുള്ള പരാതികൾ സംബന്ധിച്ച്

3616. **പ്രൊഫ.കെ.യു. അരുണൻ :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബ്ലേഡ് പലിശക്കാർക്കെതിരെയുള്ള പരാതികൾ പരിഹരിക്കുന്നതിന് ധനകാര്യ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

### നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

3617. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കുന്നതിനായി ധനകാര്യ വകുപ്പ് സ്വീകരിച്ച പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ആയതിന്റെ ഭാഗമായി സംസ്ഥാനം നേടിയെടുത്ത വികസന പുരോഗതി എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോക്തൃ സംസ്ഥാനമായ കേരളത്തെ ഉല്പാദക സംസ്ഥാനമാക്കി മാറ്റാനായി ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്നും അതുമൂലമുണ്ടായ നേട്ടങ്ങൾ എന്തെന്നും വ്യക്തമാക്കുമോ?

### താൽക്കാലിക ജീവനക്കാരുടെ വേതനം

3618. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ സർക്കാർ ഓഫീസുകളിൽ ആറ് മാസത്തേക്ക് താൽക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം മാസങ്ങൾ വൈകുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) സ്പാർക്ക് ആപ്ലിക്കേഷനിൽ ഇവരുടെ വിശദാംശങ്ങൾ രേഖപ്പെടുത്തി കിട്ടുന്നതിൽ വരുന്ന കാലതാമസമാണ് ഇതിന് കാരണമെന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(സി) ഇത്തരത്തിൽ താൽക്കാലിക ജീവനക്കാരുടെ മാസവേതനം വൈകുന്നത് പരിഹരിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

## പാലക്കാട് ജില്ലയിലെ അനുവദിച്ചിട്ടുള്ള പദ്ധതികൾ

3619. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് ജില്ലയിൽ വിവിധ നിയമസഭാ മണ്ഡലങ്ങളിൽ നാളിതുവരെ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ മണ്ഡലവും വകുപ്പുകളും തരംതിരിച്ച് വിശദമാക്കാമോ?

## തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി

3620. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇതേവരെയുള്ള പദ്ധതി പുരോഗതി എത്ര ശതമാനമാണ്;

(ബി) ട്രഷറി നിയന്ത്രണങ്ങൾ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം എത്ര ശതമാനം ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

## ദേവികുളം മണ്ഡലത്തിലെ ജീവനം -2019 എന്ന പദ്ധതി

3621. ശ്രീ.എസ്.രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ദേവികുളം നിയോജക മണ്ഡലവുമായി ബന്ധപ്പെട്ടുള്ള എ.ഡി.എഫ്./എസ്.ഡി.എഫ്. ഫണ്ടുകളിൽ നിന്നും ഏതെങ്കിലും പദ്ധതിക്കായി ധനകാര്യ വകുപ്പിന്റെ പ്രത്യേക അനുമതിക്കായി അപേക്ഷ ലഭിച്ചിരുന്നോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം അപേക്ഷ ലഭിച്ചിട്ടുണ്ടെങ്കിൽ അവയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ദേവികുളം മണ്ഡലവുമായി ബന്ധപ്പെട്ട് എ.ഡി.എഫ്./എസ്.ഡി.എഫ്. മുഖേന നടപ്പിലാക്കുന്നതിന് പ്രത്യേക അനുമതിക്കായി സമർപ്പിച്ചിരുന്ന ജീവനം -2019 എന്ന പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

<u>വിദേശ നിക്ഷേപം</u>

3622. **ശ്രീ.അൻവർ സാദത്ത് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര കോടി രൂപയുടെ പുതിയ നിക്ഷേപങ്ങൾ സംസ്ഥാനത്ത് നടത്തിയിട്ടുണ്ട്;

(ബി) അതിൽ എത്ര കോടിയുടെ വിദേശ നിക്ഷേപമാണ് ഉള്ളത്;

(സി) കേന്ദ്ര സർക്കാർ മുതൽ മുടക്ക്, പൊതു സ്വകാര്യ പങ്കാളിത്തം എന്നിവ എത്രയാണ് എന്നിവ അറിയിക്കാമോ?

<u>വിവിധ വകുപ്പുകളിലെ വിദേശവായ്പ ലഭ്യമാക്കിയിട്ടുള്ള പദ്ധതികൾ</u>

3623. **ശ്രീ.മഞ്ഞളാംകുഴി അലി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ വകുപ്പുകളിലെ ഏതെല്ലാം പദ്ധതികൾക്ക് വിദേശവായ്പ ലഭ്യമാക്കിയിട്ടുണ്ടെന്നും ഓരോ പദ്ധതിയ്ക്കും ലഭ്യമായ തുകയും തുക നൽകിയ ഏജൻസികൾ ഏതെല്ലാമാണെന്നും അറിയിക്കുമോ;

(ബി) നിലവിൽ ഏതെല്ലാം ഏജൻസികളിൽ നിന്നുള്ള വായ്പകളാണ് തിരിച്ചടച്ച് കൊണ്ടിരിക്കുന്നത്; പദ്ധതിയുടെ വിശദാംശം, ഏജൻസി എന്നിവ വ്യക്തമാക്കുമോ;

(സി) പുതിയതായി ഏതെങ്കിലും ഏജൻസികളുമായി വായ്പയ്ക്ക് ധാരണാപത്രം ഒപ്പിട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

<u>വിവിധ പദ്ധതികൾക്കായുള്ള വിദേശ വായ്പ</u>

3624. **ശ്രീ.പി.ടി. തോമസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വിവിധ വകുപ്പുകളിൽ ഏതെല്ലാം പദ്ധതികൾക്കായി വിദേശ വായ്പ ലഭ്യമാക്കി; ഓരോ പദ്ധതിക്കും ലഭ്യമാക്കിയ തുകയുടെയും ഫണ്ടിംഗ് ഏജൻസിയുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) പുതിയതായി വിദേശ വായ്പ വാങ്ങുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതി ഏതെന്നും ഏത് ഏജൻസിയിൽ നിന്നുമാണ് വാങ്ങുന്നതെന്നും വ്യക്തമാക്കുമോ;

(സി) ഏതെങ്കിലും വിദേശ വായ്പകൾ 2019-20 വർഷം തിരിച്ചടയ്ക്കുന്നുണ്ടോ; ഉണ്ടെങ്കിൽ പദ്ധതിയുടെ പേര്, വായ്പ തുക, ഫണ്ടിംഗ് ഏജൻസി എന്നിവ വ്യക്തമാക്കുമോ?

## കടപ്പത്രങ്ങൾ വഴി സമാഹരിച്ച തുക

3625. **ശ്രീ.എ.പി. അനിൽ കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കടപ്പത്രങ്ങൾ വഴി എത്ര തവണയായി എത്ര കോടി രൂപ സമാഹരിച്ചു എന്ന് അറിയിക്കാമോ;

(ബി) ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും മറ്റും വായ്പയെടുത്തിട്ടുണ്ടോ; എങ്കിൽ എന്ത് തുകയെന്ന് അറിയിക്കാമോ;

(സി) നിലിവിൽ സംസ്ഥാന സർക്കാർ എടുത്തിട്ടുള്ള കടവും പലിശയും ഉൾപ്പെടെ 2021 മുതൽ 2026 വരെ ഓരോ വർഷവും തിരിച്ചടയ്ക്കേണ്ടത് എത്ര കോടി രൂപയാണെന്ന് വിശദമാക്കുമോ?

## സംസ്ഥാനത്തിന്റെ കടബാധ്യത

3626. **ശ്രീ.പി.കെ.ബഷീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരം ഒഴിയുമ്പോഴുള്ള കടബാധ്യതയും ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം നാളിതുവരെയുള്ള കടബാധ്യതയും എത്ര രൂപയാണ്;

(ബി) ആയതിൽ ആഭ്യന്തര കടബാധ്യത എത്ര രൂപയാണ്; കട ബാധ്യത നടപ്പ് സാമ്പത്തിക വർഷം അവസാനിക്കുമ്പോഴേക്കും എത്ര ശതമാനം വർദ്ധിക്കുമെന്നാണ് കണക്കാക്കുന്നത്;

(സി) റവന്യൂ വരുമാനത്തിന്റെ എത്ര ശതമാനമാണ് ശമ്പളം, പെൻഷൻ, പലിശ തിരിച്ചടവ്, സബ്സിഡികൾ, തദ്ദേശ സ്ഥാപനങ്ങൾക്കുള്ള വിഹിതം എന്നിവയ്ക്കായി നീക്കി വയ്ക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) നടപ്പ് സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതമായി എത്ര തുക നീക്കി വച്ചിരുന്നുവെന്നും ആയതിൽ എത്ര തുക ചെലവായി എന്നും വിശദമാക്കാമോ?

## നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

3627. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും കുടിശ്ശികയായിക്കിടക്കുന്ന നികുതികൾ പിരിച്ചെടുക്കുന്നതിനും ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

## നികുതിപ്പണം സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിക്കൽ

3628. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൂടുതൽ പലിശ കിട്ടുന്നതിനുവേണ്ടി ജനങ്ങളുടെ നികുതിപ്പണം സ്വകാര്യ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും എത്ര തുകയാണ് നിക്ഷേപിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ;

(ബി) ഈ നിക്ഷേപങ്ങളിൽ ഏതെല്ലാം വകുപ്പുകളുടെ തുക ഉൾപ്പെട്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(സി) ഇതിൽ യെസ് ബാങ്കിൽ എത്ര തുക നിക്ഷേപിച്ചുവെന്നും ഇത് ഏത് ഇനത്തിലുള്ള തുകയാണെന്നും വെളിപ്പെടുത്തുമോ?

<u>കോമ്പൻസേഷൻ നികുതി നേടിയെടുക്കാൻ സ്വീകരിച്ച നടപടികൾ</u>

3629. ശ്രീ.എം.ഉമ്മർ
ഡോ.എം. കെ. മുനീർ
ശ്രീ.ടി.എ.അഹമ്മദ് കബീർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിയമം നിലവിൽ വന്ന സാഹചര്യത്തിൽ കേന്ദ്രത്തിൽ നിന്നും കോമ്പൻസേഷൻ നികുതി നേടിയെടുക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഏത് വർഷത്തെ അടിസ്ഥാനപ്പെടുത്തിയാണ് കോമ്പൻസേഷൻ നികുതി സംസ്ഥാനം ആവശ്യപ്പെട്ടിരിക്കുന്നതെന്ന് വിശദമാക്കാമോ; അതിന്റെ അടിസ്ഥാനത്തിൽ എത്ര കോടി രൂപ ലഭിക്കാനാണ് നിയമപരമായി അവകാശമുള്ളതെന്നും വിശദമാക്കുമോ;

(സി) കോമ്പൻസേഷൻ നികുതിക്കായി നൽകിയ അടിസ്ഥാന വർഷ നികുതി പിരിവ് യഥാർത്ഥത്തിൽ എത്രയായിരുന്നുവെന്ന് വിശദമാക്കാമോ;

(ഡി) നാളിതുവരെ കോമ്പൻസേഷൻ നികുതിയിനത്തിൽ എത്ര കോടി ലഭിക്കാനുണ്ടെന്നും കോമ്പൻസേഷൻ നികുതി ലഭിക്കുന്നത് ഏത് കാലയളവുവരെയാണെന്നും വ്യക്തമാക്കാമോ;

(ഇ) കോമ്പൻസേഷൻ നികുതി കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന കാലാവധി കഴിഞ്ഞാൽ പ്രസ്തുത നഷ്ടം നികത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ നികുതി സംസ്ഥാനത്ത് പിരിച്ചെടുക്കാൻ കഴിയുന്ന സാഹചര്യം സംജാതമായിട്ടുണ്ടോയെന്ന് വിശദമാക്കുമോ; ഉണ്ടെങ്കിൽ ഇത് വ്യക്തമാക്കുന്നതിനുള്ള കാരണങ്ങൾ വെളിപ്പെടുത്തുമോ?

<u>സാമ്പത്തിക പ്രതിസന്ധി മറികടക്കുന്നതിന് സ്വീകരിച്ച നടപടി</u>

3630. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക പ്രതിസന്ധി കാരണം വിവിധ വകുപ്പുകളുടെ ഫെബ്രുവരി, മാർച്ച് മാസങ്ങളിലെ പദ്ധതി ചെലവുകൾ അടുത്ത വർഷത്തേക്ക് മാറ്റി വയ്ക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഇതിനായി ഇ-ലെഡ്ജർ സംവിധാനം നിലവിൽ വന്നിട്ടുണ്ടോ; ഇ-ലെഡ്ജർ സംവിധാനത്തിന്റെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(സി) വാർഷിക പദ്ധതി വെട്ടിക്കുറച്ചെങ്കിലും ശേഷിക്കുന്ന ചെലവുകൾക്ക് പോലും മാർച്ചിൽ പണം തികയാത്ത സാഹചര്യമുണ്ടോ; എങ്കിൽ ഇതു മറികടക്കാൻ ക്ഷേമനിധികൾ, കെ.എസ്.എഫ്.ഇ പോലുള്ള സ്ഥാപനങ്ങൾ തുടങ്ങിയവയിൽ നിന്ന് വായ്പ എടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(ഡി) വകുപ്പുകളിലെയും തദ്ദേശസ്ഥാപനങ്ങളിലെയും കരാറുകാരുടെ കുടിശ്ശിക നൽകാൻ ബിൽ ഡിസ്കൗണ്ടിങ്ങ് സമ്പ്രദായം വ്യാപകമാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

## സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി

3631. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനായി പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; നികുതി പിരിവ് ഊർജ്ജിതമാക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) നികുതി പിരിവ് ഊർജ്ജിതമാക്കാനും പുതിയ വരുമാനമാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും സംസ്ഥാന സർക്കാർ കമ്മിറ്റിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഈ സാമ്പത്തിക വർഷത്തെ പദ്ധതി പ്രവർത്തനങ്ങളുടെ പുരോഗതി വിശദീകരിക്കാമോ?

## സംസ്ഥാനത്തിന്റെ സാമ്പത്തികാവസ്ഥ

3632. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020 മാർച്ച് 31-ന് സംസ്ഥാനത്തിന്റെ പൊതുകടം, ആളോഹരി കടം, റവന്യൂ കമ്മി, ധനകമ്മി എന്നിയ യഥാക്രമം എത്രയാകുമെന്നാണ് സർക്കാർ കണക്കാക്കുന്നത്;

(ബി) ഈ കാലയളവിൽ സർക്കാരിന്റെ വിദേശവായ്പ ഇനത്തിലെ കടബാധ്യത എത്ര കോടി രൂപയാകും; വിശദാംശങ്ങൾ നൽകുമോ;

(സി) ആളോഹരി വിദേശകടം എത്ര രൂപയാകും; വിശദാംശങ്ങൾ നൽകുമോ?

## കിഫ്ബി പദ്ധതി

3633. ശ്രീ.കെ.എൻ.എ ഖാദർ

ഡോ.എം. കെ. മുനീർ

ശ്രീ.കെ.എം.ഷാജി

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമ്പത്തിക മാന്ദ്യത്തെ ചെറുക്കാനുള്ള ശക്തമായ ഉപാധിയെന്ന നിലയിൽ ഈ സർക്കാർ കൊണ്ടുവന്ന കിഫ്ബി പദ്ധതി കൊണ്ട് നാല് വർഷത്തെ ഭരണകാലത്ത് എന്തൊക്കെ സാമ്പത്തിക മാന്ദ്യങ്ങൾ നീക്കാനായിയെന്ന് വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ നാല് വർഷങ്ങൾ കൊണ്ട് ഏതൊക്കെ കിഫ്ബി പദ്ധതികൾ പൂർത്തീകരിച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കാമോ; ഇനിയുള്ള വർഷത്തിൽ എത്ര തുകയാണ് കിഫ്ബി വഴി ചെലവഴിക്കുകയെന്ന് വെളിപ്പെടുത്താമോ;

(സി) കിഫ്ബി പദ്ധതികൾക്ക് ഊന്നൽ നൽകുമ്പോഴും സർക്കാരിന്റെ വാർഷിക പദ്ധതികളിൽ 2018 - 19 ൽ ഇരുപതു ശതമാനവും 2019 -20 ൽ മുപ്പതു ശതമാനവും കുറവ് വരുത്തിയതുവഴി വിഭവ സമാഹരണത്തിലും പദ്ധതി നിർവ്വഹണങ്ങളിലും സർക്കാർ വളരെയധികം പിന്നോക്കം പോയതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇപ്രകാരം കുറവ് വരുത്തിയ വാർഷിക പദ്ധതികൾക്കാനുപാതികമായി, വരുന്ന സാമ്പത്തിക വർഷം കൂടുതൽ ചെലവാക്കുന്നതിന് അനുമതി നൽകാനാവുമോയെന്ന് വ്യക്തമാക്കുമോ?

## ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുള്ള കിഫ്ബി ഫണ്ട്

3634. ശ്രീ.പി.ടി. തോമസ്

,, വി.ഡി.സതീശൻ

,, വി.എസ്.ശിവകുമാർ

,, അന്വർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ഫണ്ടുകൾ തകർച്ച നേരിടുന്ന ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; ഏതൊക്കെ ബാങ്കുകളിലാണ് കിഫ്ബിയുടെ തുകകൾ നിക്ഷേപിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ;

(ബി) കിഫ്ബിയുടെ തുക ദേശസാൽകൃത ബാങ്കുകളിൽ നിക്ഷേപിക്കാതെ ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കാനുണ്ടായ കാരണങ്ങൾ വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ സഞ്ചിത നിധി ഗ്യാരണ്ടിയായി ലഭ്യമാക്കുന്ന തുക തകർച്ച നേരിടുന്ന ന്യൂ ജനറേഷൻ ബാങ്കുകളിൽ നിക്ഷേപിക്കുന്നത് സുരക്ഷിതമാണോ; യെസ് ബാങ്ക് തകർച്ച നേരിട്ട സാഹചര്യത്തിൽ സമാനമായ മറ്റ് ബാങ്കുകളിൽ നിന്നും നിക്ഷേപം പിൻവലിക്കാൻ ആലോചിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

## കിഫ്ബി ഭരണാനുമതി നൽകിയ പ്രോജക്ടുകൾ

3635. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതും എന്നാൽ പല സാങ്കേതിക കാരണങ്ങളാലും ഭരണാനുമതി നീണ്ടുപോകുന്നതുമായ മുഴുവൻ പ്രോജക്ടുകൾക്കും കിഫ്ബി അംഗീകാരം നൽകുമോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) 2020 ഫെബ്രുവരി 29 വരെ കിഫ്ബിയിൽ നിന്നും എത്ര കോടി രൂപയുടെ ഭരണാനുമതി

നൽകിയിട്ടുണ്ടെന്ന് വിശദമാക്കുമോ?

## കിഫ്ബി മീഡിയ മാനേജ്മെന്റ് സെൽ

3636. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ മീഡിയ മാനേജ്മെന്റ് സെൽ നിലവിലുണ്ടോ; സെല്ലിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കാമോ;

(ബി) മീഡിയ മാനേജ്മെന്റ് സെല്ലിന്റെ ലക്ഷ്യവും കർത്തവ്യവും വിശദമാക്കുമോ; സെല്ലിലെ അംഗങ്ങളുടെ പേരുവിവരം, തസ്തികയുടെ പേര് എന്നിവ ലഭ്യമാക്കുമോ;

(സി) മീഡിയ മാനേജ്മെന്റ് സെല്ലിന്റെ തെരഞ്ഞെടുപ്പ് എങ്ങനെയെന്ന് വിശദമാക്കുമോ; സെല്ലിന്റെ നിയമനം സംബന്ധിച്ചുള്ള എല്ലാ ഉത്തരവുകളുടെയും പകർപ്പ് ലഭ്യമാക്കുമോ;

(ഡി) കിഫ്ബി രൂപീകരിച്ചതു മുതൽ നാളിതുവരെ (പത്രങ്ങൾ, വിവിധ റേഡിയോ, റെയിൽവേ, തീയേറ്റർ പരസ്യങ്ങൾ അടക്കം) എത്ര രൂപ പരസ്യ ഇനത്തിൽ ചെലവഴിച്ചിട്ടുണ്ട്;

(ഇ) കിഫ്ബിയിൽ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് (കെ.എസ്.ഐ.ഇ.) വഴി കൺസൽട്ടന്റിനെ തെരഞ്ഞെടുത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ ആരെയാണ്; ഈ വ്യക്തിക്ക് ഒരു സിറ്റിങ്ങിന് എത്ര തുകയാണ് അനുവദിക്കുന്നത്;

(എഫ്) പ്രസ്തുത സെല്ലിന് കൺസൽട്ടൻസി സർവ്വീസ് നൽകുന്നത് ആരൊക്കെയാണ്; പരസ്യങ്ങൾക്കും, അനുബന്ധ ചെലവുകൾക്കും ശമ്പള ഇനത്തിലും എത്ര രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് ;

(ജി) മീഡിയ മാനേജ്മെന്റ് സെല്ലിന് കൺസൽട്ടൻസി സർവ്വീസ് ഉണ്ടോ; അവർക്ക് അനുവദിക്കുന്ന തുക എത്ര; കെ.എസ്.ഐ.ഇ. വഴി കിഫ്ബി എന്തെല്ലാം കൺസൽട്ടൻസി സേവനങ്ങളാണ് ഉപയോഗപ്പെടുത്തിവരുന്നത്; ഈ ഇനത്തിൽ എത്ര തുക നാളിതുവരെ ചെലവഴിച്ചിട്ടുണ്ട് എന്ന് ഇനം തിരിച്ച് നൽകുമോ; വിശദമാക്കാമോ?

## കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികൾ

3637. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ പദ്ധതികളിൽ പൂർത്തീകരിച്ചവ എത്ര; മണ്ഡലാടിസ്ഥാനത്തിലുള്ള ഇവയുടെ വിശദാംശം നൽകാമോ;

(ബി) പ്രസ്തുത പദ്ധതികൾ കരാറെടുത്ത കമ്പനികളുടെ വിശദവിവരം ലഭ്യമാക്കാമോ;

(സി) പണി പൂർത്തിയായ പദ്ധതികളുടെ ബിൽ തുക പ്രവൃത്തി നടത്തിയ കമ്പനികൾക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനായി എന്തു തുക നൽകി എന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ?

## റോഡുകളുടെ നിലവാരം

3638. ശ്രീ.എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡുകളുടെ നിലവാരം മെച്ചപ്പെടുത്തുന്നതിന് കിഫ്ബിയിൽ നിന്നും ഇതുവരെ എത്ര കോടി രൂപയാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ റോഡുകളിൽ എത്ര കോടി രൂപയുടെ റോഡുകളാണ് പണി പൂർത്തിയാക്കിയതെന്നും ടെൻഡർ നടപടികൾ പൂർത്തിയായ റോഡുകൾ എത്രയാണെന്നും വ്യക്തമാക്കാമോ?

<u>കിഫ്ബിയുടെ ധനസമാഹരണ മാർഗ്ഗങ്ങളും ചെലവുകളും</u>

3639. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അക്കൗണ്ടിൽ ഫണ്ടിനത്തിൽ ഇതുവരെ എത്ര തുക ലഭിച്ചിട്ടുണ്ട് എന്നതിന്റെ വിശദമായ കണക്ക് ലഭ്യമാക്കുമോ;

(ബി) ഏതെല്ലാം ധനസമാഹരണ മാർഗ്ഗങ്ങളിലൂടെയാണ് പ്രസ്തുത തുക ലഭിച്ചിട്ടുള്ളത് എന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(സി) നാളിതുവരെ വിവിധ പദ്ധതികൾക്കായി ചെലവഴിച്ച തുകയുടെ വ്യക്തമായ വിവരം നൽകുമോ?

<u>കിഫ്ബിയുടെ പക്കലുള്ള അധികധനം നിക്ഷേപിച്ചിട്ടുള്ള ബാങ്കുകൾ</u>

3640. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ പക്കലുള്ള അധികധനം നിലവിൽ ഏതൊക്കെ ബാങ്കുകളിലാണ് നിക്ഷേപിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഓരോ ബാങ്കിലെയും നിക്ഷേപവും അതിന്റെ പലിശ നിരക്കും കാലാവധിയും വ്യക്തമാക്കുമോ;

(സി) കിഫ്ബിക്ക് യെസ് ബാങ്കിൽ അക്കൗണ്ട് ഉണ്ടായിരുന്നോ; എങ്കിൽ എന്ത് തുകയാണ് നിക്ഷേപിച്ചിരുന്നതെന്ന് അറിയിക്കാമോ;

(ഡി) യെസ് ബാങ്കിന്റെ കിട്ടാക്കടം ഉയർന്ന് പ്രസ്തുത ബാങ്ക് പ്രതിസന്ധിയിലായത് കിഫ്ബിയുടെ നിക്ഷേപത്തെ ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>റോഡുകളുടെ നിർമ്മാണത്തിന് കിഫ്ബി മാനദണ്ഡങ്ങൾ</u>

3641. ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ

,, വി.ടി.ബൽറാം

,, അൻവർ സാദത്ത്

,, കെ.എസ്.ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണം കിഫ്ബി വഴി നടപ്പിലാക്കുവാൻ എന്തെല്ലാം മാനദണ്ഡങ്ങളാണ് നിഷ്കർഷിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത മാനദണ്ഡം പാലിക്കാതെ റോഡുകൾ നിർമ്മിച്ചതായി കിഫ്ബിയുടെ പരിശോധനാവിഭാഗം കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ നിർമ്മാണം കിഫ്ബി മാനദണ്ഡപ്രകാരം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

## <u>ബോണ്ടുകളിൽ നൽകുന്ന പലിശയ്ക്ക് റ്റി.ഡി.എസ്.</u>

3642. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ നിക്ഷേപിക്കുന്ന ബോണ്ടുകൾക്ക് നൽകുന്ന പലിശയ്ക്ക് റ്റി.ഡി.എസ്. ഈടാക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എത്ര ശതമാനം; ഇതുമൂലം കെ.എസ്.എഫ്.ഇ.ക്ക് എന്ത് നഷ്ടമാണ് ഉണ്ടാകുന്നത്; ഇത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

## <u>കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ</u>

3643. **ശ്രീ.ആന്റണി ജോൺ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ഈ സർക്കാർ അനുവദിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾ ഏതെല്ലാമാണെന്ന് ഓരോ പദ്ധതിയ്ക്കും അനുവദിച്ചിട്ടുള്ള തുക സഹിതം വിശദമാക്കാമോ;

(ബി) ഇതിൽ ഇനിയും കിഫ്ബി അംഗീകാരം ലഭ്യമാകാത്ത പദ്ധതികൾ ഏതെല്ലാമാണെന്നും എന്തുകൊണ്ടാണ് അംഗീകാരം വൈകുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഇനിയും അംഗീകാരം ലഭ്യമാകാത്ത കോതമംഗലം മണ്ഡലത്തിലെ കിഫ്ബി പ്രവർത്തികൾക്ക് എന്നത്തേക്ക് അംഗീകാരം ലഭ്യമാക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ;

(ഡി) കിഫ്ബി അംഗീകാരം ലഭിച്ച പ്രവർത്തികളുടെ നിലവിലെ അവസ്ഥ എന്താണെന്ന് ഓരോ പ്രവർത്തിയും തിരിച്ച് വ്യക്തമാക്കാമോ;

(ഇ) കിഫ്ബി പ്രകാരം അംഗീകാരം ലഭിച്ച പ്രവർത്തി ആരംഭിച്ച പദ്ധതികളിൽ ഓരോ പദ്ധതിയും എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയും എന്നും വ്യക്തമാക്കാമോ?

## <u>കാസർകോട് ജില്ലയിലെ കിഫ്ബി പദ്ധതികൾ</u>

3644. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട് ജില്ലയിലെ കിഫ്ബി പദ്ധതികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയുടെയും എസ്റ്റിമേറ്റ് തുക എത്രയാണെന്നും പ്രവൃത്തിയുടെ ഇപ്പോഴത്തെ അവസ്ഥ എന്താണെന്നും വ്യക്തമാക്കാമോ;

(സി) കാസർകോട് ജില്ലയിലെ ഏതെങ്കിലും പദ്ധതി പുതുതായി കിഫ്ബിയിൽ ഉൾപ്പെടുത്താൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ;

(ഡി) കാസർകോട് മെഡിക്കൽ കോളേജ് കിഫ്ബിയിൽ ഉൾപ്പെടുത്തി പൂർത്തിയാക്കുമെന്ന പ്രഖ്യാപനത്തെത്തുടർന്ന് സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>മാവേലിക്കര റെയിൽവേ ഓവർബ്രിഡ്ജ്</u>

3645. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണവുമായി ബന്ധപ്പെട്ട് കിഫ്ബി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; ഈ സാമ്പത്തിക വർഷം കിഫ്ബി അനുമതി ലഭ്യമാക്കുമോ; വ്യക്തമാക്കുമോ?

<u>മാനന്തവാടി മണ്ഡലത്തിലെ മലയോര ഹൈവേ പദ്ധതി</u>

3646. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലൂടെ കടന്നുപോകുന്ന മലയോര ഹൈവേയ്ക്കായി കിഫ്ബി എത്ര തുകയാണ് വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മണ്ഡലത്തിലെ മലയോര ഹൈവേ പദ്ധതി പ്രവൃത്തി ആരംഭിക്കുന്നതിനായുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കാമോ?

<u>കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ പാലങ്ങളുടെ നിർമ്മാണം</u>

3647. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ ഹൈവേയുടെ ഭാഗമായി കൊയിലാണ്ടി നിയോജകമണ്ഡലത്തിലെ എത്ര പാലങ്ങളുടെ ഡി.പി.ആർ. ആണ് ഇപ്പോൾ കിഫ്ബിയിൽ അംഗീകാരത്തിനായി എത്തിയിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഓരോ പാലത്തിന്റെയും പേരും കണക്കാക്കിയ അടങ്കൽ തുകയും വ്യക്തമാക്കാമോ?

<u>കുറുങ്കോട്ട ദ്വീപിലേക്കുള്ള പാലത്തിന്റെ നിർമ്മാണത്തിന് തുക അനുവദിക്കുന്നതിന് നടപടി</u>

3648. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ചേരാനല്ലൂർ പഞ്ചായത്തിലെ എൺപത്തി നാലോളം പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കുറുങ്കോട്ട ദ്വീപിലേക്ക് പാലം നിർമ്മിക്കുവാൻ 2016-17 ബജറ്റിൽ പത്ത് കോടി രൂപ വകയിരുത്തിയെങ്കിലും കിഫ്ബി മാനദണ്ഡപ്രകാരം ആവശ്യമുള്ള പത്ത് മീറ്റർ വീതിയിൽ സ്ഥലം ലഭ്യമല്ലാത്ത സാഹചര്യത്തിൽ ദ്വീപ് നിവാസികൾക്ക് അനുയോജ്യവും ഉപകാരപ്രദവുമാകുന്ന രീതിയിൽ പാലം നിർമ്മിക്കുവാൻ തുക വകയിരുത്തുമോ;

(ബി) ഇത് സംബന്ധിച്ച ധനകാര്യ വകുപ്പിലെ 1389754/ഇൻഡ്&പി.ഡബ്ല്യു-ബി1/2019 നമ്പർ ഫയലിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെന്ന് വിശദമാക്കാമോ?

എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതി

3649. ശ്രീ.പി.വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും സൊസൈറ്റി ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ക്ലബ്ബുകൾ, യുവജനസംഘടനകൾ, വായനശാലകൾ തുടങ്ങിയവയ്ക്ക് കെട്ടിടങ്ങൾ നിർമ്മിക്കുന്നതിനോ, കായികോപകരണങ്ങൾ വാങ്ങുന്നതിനോ, ടിവി, ഫർണിച്ചർ, കമ്പ്യൂട്ടർ, പുസ്തകങ്ങൾ തുടങ്ങി ആസ്തി സ്വഭാവമുള്ളവ വാങ്ങി നൽകുന്നതിനോ തുക അനുവദിക്കുന്നതിന് സാധ്യമാണോ എന്ന് വിശദമാക്കാമോ;

(ബി) നിലവിലെ മാനദണ്ഡങ്ങൾ പ്രകാരം മേൽക്കാര്യങ്ങൾക്ക് തുക അനുവദിക്കുവാൻ നിർവ്വാഹമില്ലെങ്കിൽ ഇക്കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി മാർഗ്ഗനിർദ്ദേശങ്ങൾ പരിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) മേൽപ്പറഞ്ഞ സ്ഥാപനങ്ങൾക്ക് ബ്ലോക്ക് ഡെവലപ്മെന്റ് ഓഫീസർമാരുടെയോ, പഞ്ചായത്ത് സെക്രട്ടറിമാരുടെയോ പേരിൽ സാധന/സാമഗ്രികൾ വാങ്ങി നൽകുന്ന കാര്യത്തിൽ സർക്കാരിന്റെ അഭിപ്രായം വ്യക്തമാക്കാമോ?

എം.എൽ.എ.മാരുടെ വിവിധ ഫണ്ടുകൾ വിനിയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിലെ കാലതാമസം

3650. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ നിയോജകമണ്ഡല പ്രത്യേക വികസന ഫണ്ട്, ആസ്തി വികസന ഫണ്ട് എന്നിവ വിനിയോഗിച്ചുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള അംഗീകാരം ലഭിക്കുവാൻ ഉണ്ടാകുന്ന നടപടികളിലെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹായകരമായ രീതിയിൽ ഏക ജാലക സംവിധാനം നടപ്പിലാക്കുന്നത് പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ;?

എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിന്റെ അനുമതിയ്ക്കായുള്ള നടപടികൾ

3651. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

എം.എൽ.എ.മാരുടെ പ്രാദേശിക വികസന ഫണ്ടിലൂടെ നടപ്പാക്കുന്ന പ്രവൃത്തികളുടെ ബില്ലുകൾ കളക്ടേറ്റുകളിൽ നിന്നും പാസ്സായി ലഭിക്കുന്നതിന് എ.ഡി.സി. (ജനറൽ), ഫിനാൻസ് ഓഫീസർ എന്നിവരെ കൂടാതെ കളക്ടറുടെ പരിശോധനയും നടക്കുന്നതിനാൽ ഉണ്ടാകുന്ന കാലതാമസം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് എന്ന് വ്യക്തമാക്കുമോ?

<u>ആസ്തി വികസന പദ്ധതി</u>

3652. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികളുടെ കായികാഭിരുചി വളർത്തുന്നതിന് എം.എൽ.എ.മാരുടെ ആസ്തി വികസന പദ്ധതിയിൽ നിന്നും അനുമതി നൽകുന്നതിന് തടസമുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ?

<u>ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ്</u>

3653. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ ആസ്തി വികസന ഫണ്ടിലെ ടെണ്ടർ സേവിംഗ്സ് ഉപയോഗിച്ച് നടപ്പിലാക്കുന്നതിനായി പുതിയ പദ്ധതികൾ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ ഏതെല്ലാം നിയോജകമണ്ഡലത്തിൽ നിന്നാണ് ശിപാർശകൾ നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇല്ലെങ്കിൽ നാളിതുവരെയും ടെണ്ടർ സേവിംഗ്സ് ഉപയോഗപ്പെടുത്താൻ കഴിയാത്ത സാഹചര്യം എന്താണെന്ന് പരിശോധിക്കുമോ; ആയതിൻ പ്രകാരം നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണനയിലുണ്ടോ എന്ന് വ്യക്തമാക്കുമോ?

<u>ആസ്തി വികസന ഫണ്ടിൽ നിന്നും ബഡ്സ് സ്കൂളിനു വാഹനം അനുവദിക്കൽ</u>

3654. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പഞ്ചായത്തിന് കീഴിലുള്ള ബഡ്സ് സ്കൂളിനു വാഹനം അനുവദിക്കുന്നതിന് നിലവിൽ വ്യവസ്ഥയുണ്ടോ ?

<u>ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വായനശാലകൾക്ക് കെട്ടിടം</u>

3655. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വായനശാലകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നടപടികളും വിശദമാക്കാമോ?

പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും ആംബുലൻസ് അനുവദിക്കുന്നതിന് നടപടി

3656. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്നും പട്ടാമ്പി താലൂക് ആശുപത്രിയ്ക്കും കൊപ്പം പി.എച്ച്.സി.യ്ക്കും ആംബുലൻസ് അനുവദിക്കണമെന്നുള്ള നിർദ്ദേശത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ;

(ബി) ആംബുലൻസുകൾ അനുവദിക്കുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കാമോ;

(സി) ഈ ആംബുലൻസുകൾ എന്ന് നൽകാൻ കഴിയുമെന്ന് വിശദമാക്കാമോ?

ഹൈമാസ്റ്റ് - മിനിമാസ്റ്റ് ലൈറ്റ് പദ്ധതി നടപ്പിലാക്കുന്നതിൽ കാലതാമസം

3657. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ എ.ഡി.എസ്. ഉപയോഗിച്ച് ഹൈമാസ്റ്റ് - മിനിമാസ്റ്റ് ലൈറ്റ് പദ്ധതികൾ നടപ്പിലാക്കുന്നതിൽ ഉണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

മാവേലിക്കര ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിന് ആസ്തി വികസന ഫണ്ട്

3658. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാമണ്ഡലത്തിൽ ഹൈടെക് സ്കൂളാക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂളിലെ നിർമ്മാണത്തിന് ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 1.04 കോടി രൂപ എം.എൽ.എ. അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഭരണാനുമതിയ്ക്കായി ധനകാര്യവകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; അടിയന്തരമായി ഭരണാനുമതി ലഭ്യമാക്കുമോയെന്ന് വ്യക്തമാക്കാമോ?

ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ജോലികൾ

3659. **ശ്രീ.കെ.സി.ജോസഫ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നടത്തുന്ന ജോലികൾക്ക് പണം നൽകുവാൻ വൈകുന്നതായ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനം മുഖേന നിർവ്വഹണം നടത്തുന്ന പ്രവൃത്തികൾക്ക് പണം നൽകുവാൻ വൈകുന്നത് ഏത് സാഹചര്യത്തിലാണ്;

(സി) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾ വഴി നടപ്പിലാക്കുന്ന പ്രവർത്തികൾക്ക് മുൻകൂർ തുക നൽകുന്നുണ്ടോ; എങ്കിൽ എത്ര ശതമാനം എന്ന് അറിയിക്കാമോ;

(ഡി) ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശ സ്വയംഭരണ വകുപ്പ് വഴിയും പൊതുമേഖലാ സ്ഥാപനങ്ങൾ വഴിയും നടത്തുന്ന പ്രവൃത്തികൾക്ക് കാലതാമസം കൂടാതെ തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നോഡൽ ഏജൻസി</u>

3660. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ വകുപ്പ് പ്രത്യേക വികസന നിധി, ആസ്തി വികസന നിധി എന്നിവ പ്രകാരം സ്ഥാപിക്കുന്ന ഹൈമാസ്റ്റ് ലൈറ്റുകൾക്ക് നോഡൽ ഏജൻസി ആയി ഏതൊക്കെ സ്ഥാപനങ്ങൾക്കാണ് അംഗീകാരം നൽകിയത് എന്ന് വിശദമാക്കാമോ;

(ബി) ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് അനുമതി തേടി ഏതെങ്കിലും സർക്കാർ-പൊതുമേഖലാ സ്ഥാപനങ്ങൾ ധനകാര്യ വകുപ്പിനെ സമീപിച്ചിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ സ്ഥാപനങ്ങളാണ് സമീപിച്ചതെന്ന് വ്യക്തമാക്കാമോ;

(സി) ഹൈമാസ്റ്റ് ലൈറ്റുകൾ ജം വഴി വാങ്ങണമെന്ന് ധനകാര്യ വകുപ്പ് നോഡൽ ഏജൻസികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ബാലുശ്ശേരി മണ്ഡലത്തിലെ എം.എൽ.എ. ആസ്തിവികസന ഫണ്ട്</u>

3661. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ബാലുശ്ശേരി മണ്ഡലത്തിലെ എം.എൽ.എ. ആസ്തിവികസന ഫണ്ടിൽ 2016-17, 2017-18 എന്നീ വർഷങ്ങളിലെ ടെണ്ടർ ബാലൻസ് തുക എത്രയെന്നത് അറിയിക്കാമോ?

<u>ഒറ്റപ്പാലം മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രവൃത്തികൾ</u>

3662. **ശ്രീ.പി. ഉണ്ണി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഫണ്ട് അനുവദിച്ച് ഏതെല്ലാം പ്രവൃത്തികൾ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ നാളിതുവരെ പൂർത്തീകരിച്ചു; അതിന് എത്ര തുക അനുവദിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിച്ചിട്ടും ഫണ്ട് അനുവദിക്കാത്ത ഏതെല്ലാം പ്രവൃത്തികളാണുള്ളത്; വിശദാംശം നൽകാമോ?

സ്കൂൾബസ് വാങ്ങുന്നതിനായി ആസ്തി വികസന ഫണ്ടുപയോഗപ്പെടുത്തുന്നതിലെ കാലതാമസം

3663. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ടുപയോഗപ്പെടുത്തി സ്കൂളുകൾക്ക് ബസ് വാങ്ങി നൽകുന്നതിന് ഈ സാമ്പത്തിക വർഷം വളരെയധികം കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈയിനത്തിൽ എത്ര പ്രൊപ്പോസലുകളാണ് തീർപ്പാക്കുന്നതിനായി ധനകാര്യവകുപ്പിൽ അവശേഷിക്കുന്നത്; ഭരണാനുമതി ലഭ്യമാക്കിയ ശേഷം ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ബില്ലുകൾ മാറാൻ ഉള്ള സമയത്ത് ഫണ്ട് ക്രെഡിറ്റ് ചെയ്യുന്നതിന് തടസ്സം നേരിടുന്നതിന്റെ കാരണങ്ങൾ വിശദമാക്കുമോ;

(സി) വേങ്ങര നിയോജക മണ്ഡലത്തിൽ എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് സ്കൂൾ ബസ് വാങ്ങി നൽകുന്നതിന് ഈ വർഷം ലഭിച്ച ഭരണാനുമതി പ്രകാരം ഫണ്ട് അനുവദിക്കുന്നതിന് ധനകാര്യവകുപ്പിൽ കാലതാമസം വന്നിട്ടുണ്ടോ; ഇതിലേക്കുള്ള ഫണ്ട് എന്നത്തേക്ക് ലഭ്യമാകും; വിശദമാക്കുമോ?

എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധി

3664. ശ്രീ.വി.പി.സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. മാരുടെ പ്രത്യേക വികസന നിധി വിനിയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ നിർവ്വഹണ ഉദ്യോഗസ്ഥരായി മാർഗരേഖ പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നത് ആരെയൊക്കെയാണ്;

(ബി) തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ ബ്ലോക്ക്/കോർപ്പറേഷൻ /മുനിസിപ്പാലിറ്റിയിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരെ ചുമതലപ്പെടുത്തുന്നതിന് ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകുമോ?

പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ഫണ്ട്

3665. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.മാരുടെ പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തി പൂർത്തിയായ പ്രവൃത്തികളുടെ ബാക്കിയായ തുകക്ക് പ്രവൃത്തി നിർദ്ദേശിക്കുന്നതിന് നിശ്ചിത സമയപരിധി നിലവിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രത്യേക വികസന നിധിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾക്ക് ഫണ്ട് ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; വിശദമാക്കാമോ?

## കാസർകോട് ജില്ലയിൽ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾ

3666. ശ്രീ. എൻ .എ.നെല്ലിക്കുന്ന് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തി വികസന ഫണ്ട് നിലവിൽ വന്നതിനുശേഷം കാസർകോട് ജില്ലയിൽ പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ചെയ്ത പ്രവൃത്തികൾ ഏതൊക്കെയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പൂർത്തിയാക്കിയ പ്രവൃത്തികളുടെ പണം കരാറുകാർക്ക് നൽകിക്കഴിഞ്ഞോ എന്നും ഇല്ലെങ്കിൽ ഏത് പ്രവൃത്തിയുടെ ബില്ലാണ് നൽകാൻ ബാക്കിയുള്ളതെന്നും മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഭരണാനുമതി ലഭിച്ചിട്ടും ഇതുവരെ ആരംഭിക്കാൻ കഴിയാത്ത പ്രവൃത്തികൾ ഉണ്ടോ; ടെൻഡർ നടപടികൾ പൂർത്തിയായ പ്രവൃത്തികൾ ഇതിൽപ്പെടുമോ; ഈ അവസ്ഥ വരാൻ കാരണമെന്താണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(ഡി) ടെൻഡർ നടപടികൾ പൂർത്തിയായതിനുശേഷം എസ്റ്റിമേറ്റ് തുകയിൽ മാറ്റം വരുത്താതെയുള്ള ചില വ്യതിയാനങ്ങൾ അനുവദിക്കാൻ ധനകാര്യ വകുപ്പ് തയ്യാറാകാത്തതുകൊണ്ട് മുടങ്ങിക്കിടക്കുന്ന പ്രവൃത്തികൾ കാസർകോട് ജില്ലയിൽ ഉണ്ടോ എന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ?

## കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ

3667. ശ്രീ.മോൻസ് ജോസഫ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 സാമ്പത്തിക വർഷത്തെ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ വിവിധ സ്ഥലങ്ങളിൽ ഹൈമാസ്റ്റ്/മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) നിയമസഭാംഗങ്ങളുടെ ആസ്തി വികസന ഫണ്ടിൽ നിന്നും വർക്കുകൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് അക്രഡിറ്റഡ് ഏജൻസികൾക്ക് അഡ്വാൻസായി നൽകിയിരുന്ന 25 ശതമാനം തുക നിലവിൽ നൽകാത്ത അവസ്ഥയ്ക്ക് പരിഹാരം കണ്ടെത്തുമോ;

(സി) ജെമ്മിൽ നിന്നും ലഭിക്കുന്ന ബില്ലുകൾക്ക് പത്തുദിവസത്തിനുള്ളിൽ പേയ്മെന്റ് നൽകണമെന്ന ധനകാര്യവകുപ്പിന്റെ ഉത്തരവിറങ്ങിയതിനുശേഷം 100 ദിവസവും അതിന് മുകളിലും ബില്ലുകൾ പെൻഡിങ് ആകുന്ന സാഹചര്യത്തിന് എന്ത് പരിഹാരമാണ് നിർദ്ദേശിച്ചിരിക്കുന്നത്;

(ഡി) എം.എൽ.എ. ഫണ്ടിനെ പൂർണമായും ട്രഷറി നിയന്ത്രണത്തിൽനിന്നും ഒഴിവാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയോ, അല്ലെങ്കിൽ അക്രെഡിറ്റഡ് ഏജൻസികൾ സമർപ്പിക്കുന്ന വർക്ക് പൂർത്തീകരിച്ച ബില്ലുകൾക്ക് ജില്ലാപഞ്ചായത്ത് തയ്യാറാക്കുന്ന പ്രോസീഡിങ്ങ്സ്/ പേയ്മെന്റ് റിക്വിസിഷൻ അടിസ്ഥാനത്തിൽ കെ.എഫ്.സി. മുഖാന്തിരം ബില്ല് ഡിസ്കൗണ്ട് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുകയോ ചെയ്യുമോ; വ്യക്തമാക്കാമോ?

## കേന്ദ്ര വിഹിതം കുറയ്ക്കുന്നത് സംബന്ധിച്ച ശിപാർശ

3668. **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന് എൻ.കെ. സിംഗ് അദ്ധ്യക്ഷനായ 15-ാം ധനകാര്യ കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാന സർക്കാരിന് ഗുണകരമാണോ;

(ബി) സംസ്ഥാനങ്ങൾക്കുള്ള കേന്ദ്ര വിഹിതം കുറയ്ക്കുന്നതിന് ശിപാർശ നൽകിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(സി) നിലവിൽ നികുതി വരുമാനത്തിന്റെ എത്ര ശതമാനമാണ് കേന്ദ്രം സംസ്ഥാനങ്ങൾക്ക് വീതിച്ച് നൽകുന്നത്; കേന്ദ്ര വിഹിതം കുറയുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിന് ഉണ്ടാകുന്ന നഷ്ടം എപ്രകാരം മറികടക്കുവാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

<u>കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം</u>

3669. **ശ്രീ.വി.ടി.ബൽറാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഓരോ സാമ്പത്തിക വർഷവും കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ച ധനസഹായം വിശദമാക്കുമോ;

(ബി) ഓരോ സാമ്പത്തിക വർഷവും പദ്ധതിയേതര ധനസഹായം, സംസ്ഥാന പദ്ധതികൾക്കുള്ള ധനസഹായം, കേന്ദ്ര പദ്ധതികൾക്കുള്ള ധനസഹായം, കേന്ദ്രാവിഷ്കൃത പദ്ധതികൾക്കുള്ള ധനസഹായം എന്നിവ പ്രത്യേകം പ്രത്യേകം ലഭ്യമാക്കുമോ?

<u>സംസ്ഥാനത്തിന് വായ്പയായി എടുക്കാവുന്ന തുകയിൽ കേന്ദ്രം വരുത്തിയ കുറവ്</u>

3670. **ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം വായ്പയായി എടുക്കാവുന്ന തുകയിൽ കേന്ദ്രം വെട്ടിക്കുറവ് വരുത്തിയിരുന്നോ; എങ്കിൽ എന്ത് തുകയാണ് വെട്ടിക്കുറച്ചതെന്ന് അറിയിക്കാമോ;

(ബി) കേന്ദ്രം പ്രസ്തുത വെട്ടിക്കുറവ് വരുത്തിയതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വിശദമാക്കുമോ;

(സി) ഇക്കാര്യം പുന:പരിശോധിക്കുവാൻ കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; അതിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം തുക പുനസ്ഥാപിച്ച് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര;

(ഡി) ഇപ്രകാരം തുക പുനസ്ഥാപിച്ച് നൽകിയിട്ടുണ്ടെങ്കിൽ അത് നിലവിൽ സംസ്ഥാനം അഭിമുഖീകരിക്കുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് എത്ര മാത്രം സഹായകമായിയെന്ന് വ്യക്തമാക്കുമോ?

<u>എ.ടി.എം.കളിലെ **2000** രൂപ കറൻസികൾ</u>

3671. **ശ്രീ.ടി. വി. ഇബ്രാഹിം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എ.ടി.എം.കളിൽ 2000 രൂപയുടെ കറൻസികൾ നിക്ഷേപിക്കേണ്ടെന്ന് ബാങ്കുകൾ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) 2000 രൂപ കറൻസിയുടെ വിനിയോഗം കുറച്ച് കൊണ്ടുവരുന്നതുമായോ, നിർത്തൽ ചെയ്യുന്നതുമായോ ബന്ധപ്പെട്ട് കേന്ദ്ര സർക്കാരിൽ നിന്നോ, റിസർവ് ബാങ്കിൽ നിന്നോ ഏതെങ്കിലും രീതിയിലുള്ള അറിയിപ്പുകൾ ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) എ.ടി.എം.കളിൽ 2000 രൂപ കറൻസികൾ നിർത്തൽ ചെയ്യുന്നത് മൂലം പണ ലഭ്യത കുറവുവരാതിരിക്കാൻ ബാങ്കുകൾക്ക് സർക്കാർ പ്രത്യേക നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

<u>എയ്ഡഡ് സ്കൂളുകൾക്കും കോളേജുകൾക്കും നൽകിയ സാമ്പത്തിക സഹായം</u>

3672. **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 മുതൽ 2019-20 വരെ സംസ്ഥാനത്തെ എയ്ഡഡ് സ്കൂളുകൾ/കോളേജുകൾക്ക് നൽകിയ സാമ്പത്തിക സഹായം മൊത്തം എത്ര കോടി രൂപയാണെന്ന് വെളിപ്പെടുത്താമോ?

<u>മലപ്പുറം ഗവ.വനിതാ കോളേജിന്റെ വാടക കുടിശ്ശിക</u>

3673. **ശ്രീ.പി.ഉബൈദുള്ള :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ഗവ. വനിതാ കോളേജിന്റെ താൽക്കാലിക കെട്ടിടത്തിന്റെ പതിനാല് മാസത്തെ വാടക കുടിശ്ശിക നൽകാനുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ധനകാര്യ വകുപ്പിൽ പെൻഡിംഗുള്ള ഫയലിൽ അനുകൂല ഉത്തരവുകൾ നല്കി കുടിശ്ശികയുള്ള മുഴുവൻ വാടകയും കൊടുത്തു തീർക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശത്തുക എഴുതിത്തള്ളാനുള്ള നടപടി</u>

3674. **ശ്രീ.ജോൺ ഫെർണാണ്ടസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതവകുപ്പിന്റെ തേവര ഓഫീസിൽ ചാർജ്ജ്മാനായി ജോലി ചെയ്തുവരവെ 19.12.2015 ൽ മരണപ്പെട്ട പട്ടികജാതി സമുദായാംഗമായ കെ.കെ.പുരുഷോത്തമന്റെ പേരിലുള്ള ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശത്തുക സംബന്ധിച്ച ധനകാര്യവകുപ്പിന്റെ പരിഗണനയിലിരിക്കുന്ന ഗതാഗത വകുപ്പിന്റെ 42D1/2019/ഗത ഫയലിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കുടുംബത്തിന്റെ ദയനീയാവസ്ഥ കണക്കിലെടുത്ത് പ്രസ്തുത പലിശ തുക എഴുതിതള്ളാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത് സംബന്ധിച്ച് ധനകാര്യ പരിശോധന വിഭാഗത്തിന്റെ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വ്യക്തമാക്കാമോ?

## ഹോമിയോ ഡിസ്പെൻസറികളിലെ ജീവനക്കാരുടെ വേതനം

3675. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിന് കീഴിൽ കോളനികളോടനുബന്ധിച്ച് നടത്തിവരുന്ന ഹോമിയോ ഡിസ്പെൻസറികളിലെ ജീവനക്കാരുടെ വേതനം നൽകേണ്ടത് ഏത് വകുപ്പാണ്;

(ബി) ഇത്തരം സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പട്ടികജാതി വകുപ്പ് പണം അനുവദിച്ചിട്ടും ധനകാര്യ വകുപ്പ് ബാങ്ക് അക്കൗണ്ടിലേക്ക് സ്പാർക്ക് മുഖേന വേതനം ലഭ്യമാക്കുന്നില്ലെന്നും കഴിഞ്ഞ രണ്ട് വർഷമായി ഇവർക്ക് വേതനം ലഭിച്ചിട്ടില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സ്പാർക്ക് മുഖേന ഇവർക്ക് എന്നത്തേക്ക് പണം നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

## പങ്കാളിത്ത പെൻഷൻ

T 3676. ശ്രീ.വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ സമിതി അധ്യാപക സർവീസ് സംഘടനകളുമായി ചർച്ച നടത്തുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഈ ചർച്ചയിൽ നിന്ന് പ്രമുഖ അദ്ധ്യാപക സർവീസ് സംഘടനകളായ കെ.എസ്.ടി.എ., എ. കെ.എസ്.ടി.യു., കെ.പി.എസ്.ടി.എ. എന്നിവയെ ഒഴിവാക്കിയതിന്റെ കാരണം അറിയിക്കുമോ;

(സി) ഈ സംഘടനകളെ ഇനി ചർച്ചക്ക് ക്ഷണിക്കുമോ എന്ന് വ്യക്തമാക്കുമോ?

## പങ്കാളിത്ത പെൻഷൻ പുന:പരിശോധന

3677. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുന:പരിശോധിക്കുവാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; നയം വ്യക്തമാക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ പുന:പരിശോധനാ കമ്മീഷൻ ഇതിനകം ജീവനക്കാരുടെ സംഘടനകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ചർച്ചയ്ക്കായി എത്ര സിറ്റിങ്ങുകൾ നടത്തിയെന്ന് അറിയിക്കാമോ;

(സി) കമ്മീഷൻ ഇടക്കാല റിപ്പോർട്ട് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ; ഇതുവരെ കമ്മീഷൻ പ്രവർത്തനങ്ങൾക്കായി എത്ര തുക ചെലവായി; വിശദാംശം നൽകാമോ?

## മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി

3678. ശ്രീ.ടി. വി. ഇബ്രാഹിം

പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ

ശ്രീ. എൻ .എ.നെല്ലിക്കുന്ന്

,, കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഉദ്യോഗസ്ഥർക്കും, പെൻഷൻകാർക്കും വേണ്ടിയുള്ള മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതിയ്ക്കായി റിലയൻസ് ഇൻഷ്വറൻസ് കമ്പനിയുമായി ഏത് ഘട്ടം വരെ ചർച്ചകൾ പുരോഗമിച്ചുവെന്ന് അറിയിക്കാമോ; ചർച്ചകൾ ഫലപ്രാപ്തിയിൽ എത്താതിരുന്നതിന്റെ കാരണമെന്തെന്നും വിശദമാക്കുമോ;

(ബി) ഇൻഷ്വറൻസ് കമ്പനികളുടെ ലാഭകൊതിക്ക് വശംവദരാകാതെ സംസ്ഥാനത്ത് നിലവിലുള്ള സർക്കാർ ആശുപത്രികളുടെ ശൃംഖലയിൽ ഇൻഷ്വറൻസ് പ്രീമിയം തുക കൂടി മുടക്കി, ചികിത്സാ സൗകര്യം വർദ്ധിപ്പിക്കുന്ന തരത്തിൽ നിലവിലെ നയത്തിൽ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്താമോ?

## പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിക്കുന്നവർക്ക് മിനിമം പെൻഷൻ

3679. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതി പ്രകാരം വിരമിക്കുന്നവർക്ക് മിനിമം പെൻഷൻ ഉറപ്പാക്കുന്ന കാര്യത്തിൽ സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

## പങ്കാളിത്ത പെൻഷൻ പുനപരിശോധന കമ്മിറ്റി

T 3680. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പങ്കാളിത്ത പെൻഷൻ പദ്ധതി പുനപരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി നിയുക്തമായ കമ്മിറ്റിയുടെ പ്രവർത്തനത്തിനായി ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്താമോ?

## പങ്കാളിത്ത പെൻഷൻ സംബന്ധിച്ച് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള നിർദ്ദേശങ്ങൾ

3681. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ ഉൾപ്പെട്ട് വിരമിച്ചവർക്ക് സാമൂഹ്യക്ഷേമ പെൻഷന് അപേക്ഷിക്കാൻ നിയമപരമായി എന്തെങ്കിലും തടസ്സമുണ്ടോയെന്ന് അറിയിക്കുമോ;

(ബി) പങ്കാളിത്ത പെൻഷൻ നടപ്പിലാക്കുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ നൽകിയിട്ടുള്ള ശിപാർശകളും നിർദ്ദേശങ്ങളും എന്തെല്ലാമാണ്; ഉത്തരവുകളുടെയും നിർദ്ദേശങ്ങളുടെയും പകർപ്പുകൾ ലഭ്യമാക്കാമോ;

(സി) പങ്കാളിത്ത പെൻഷൻ പിൻവലിക്കാൻ സാധ്യമായ വിവരങ്ങൾ ഏതെങ്കിലും പുന:പരിശോധനാ സമിതി സർക്കാരിന് നൽകിയിട്ടുണ്ടോയെന്ന് അറിയിക്കുമോ?

## സ്പാർക്ക് ഓഫീസിൽ പരാതികൾക്ക് പരിഹാരം

3682. ശ്രീ.പി.ടി.എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാരുടെ ശമ്പള വിതരണത്തിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സ്പാർക്ക് ഹെഡ് ഓഫീസിൽ എത്തുന്ന വ്യക്തികളിൽ ജീവനക്കാരോ സ്ഥാപനമേധാവിയോ അല്ലാത്തവർക്ക്, അവർ ജീവനക്കാരുടെ അടുത്ത ബന്ധുക്കളാണെങ്കിൽ പോലും അൺ ഓതറൈസ്ഡ് പേഴ്സൺ എന്ന് കണക്കാക്കി വിവരങ്ങൾ നൽകാൻ വിസമ്മതിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഇപ്രകാരം വിവരങ്ങൾ നൽകരുതെന്ന് ധനകാര്യവകുപ്പ് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിലപാട് കാരണം വിദൂര ജില്ലകളിൽ നിന്ന് വരുന്ന ജീവനക്കാർക്ക് ഉണ്ടാവുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ജീവനക്കാരുടെ അടുത്ത ബന്ധുക്കൾക്കോ, ചുമതലപ്പെടുത്തിയ രേഖയുമായി വരുന്ന വ്യക്തികൾക്കോ വിവരങ്ങൾ കൈമാറുന്നതിനുള്ള വ്യവസ്ഥ ഏർപ്പെടുത്തുമോയെന്ന് വ്യക്തമാക്കുമോ;

(ഇ) സ്പാർക്ക് ഓഫീസിൽ ടെലഫോൺ മുഖേന ലഭിക്കുന്ന പരാതികൾ കൃത്യമായി സ്വീകരിച്ച് രജിസ്റ്റർ ചെയ്ത് തുടർ നടപടികൾ സ്വീകരിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്ന തരത്തിൽ നടപടികൾ കൈക്കൊള്ളുമോയെന്ന് വിശദമാക്കുമോ?

## ജീവനക്കാരുടെ എസ്.എൽ.ഐ./ജി.ഐ.എസ്.

3683. ശ്രീ.ടി.എ.അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ /തദ്ദേശഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ എസ്.എൽ.ഐ./ജി.ഐ.എസ്. എന്നിവ നിലവിൽ ഓൺലൈൻ സംവധാനം മുഖേനയാണോ നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ;

(ബി) ജീവനക്കാർക്ക് അവരുടെ അടവ് സംബന്ധിച്ച വിവരം ഓൺലൈനായി ലഭിക്കുവാൻ നിലവിൽ വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ?

## വയനാട് ജില്ലയിലെ ടൂറിസം മേഖലക്കായി വകയിരുത്തിയ തുക

3684. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം അവതരിപ്പിക്കപ്പെട്ട ബജറ്റുകളിൽ വയനാട് ജില്ലയിലെ ടൂറിസം മേഖലയുടെ വികസനത്തിനായി ഏതെല്ലാം പദ്ധതികൾക്കായി എത്ര കോടി രൂപ വീതം വകയിരുത്തിയിട്ടുണ്ട് എന്ന് അറിയിക്കുമോ; ആയതിന്റെ സാമ്പത്തിക വർഷം തിരിച്ചുള്ള

കണക്ക് വ്യക്തമാക്കാമോ?

<u>കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ</u>

3685. **ശ്രീ.റ്റി.വി.രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കഴിഞ്ഞ സർക്കാരിന്റെ കാലത്തെ ബജറ്റിൽ പ്രഖ്യാപിച്ചതും നടപ്പിലാക്കാൻ കഴിയാത്തതുമായ പ്രധാനപ്പെട്ട പദ്ധതികൾ ഏതൊക്കെയാണ്; വിശദമാക്കാമോ?

<u>വോട്ട്സ് ഓൺ ക്രെഡിറ്റിനുള്ള അനുമതി</u>

3686. **ശ്രീ.എം.ഉമ്മർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനകാര്യ വകുപ്പിൽ നിന്നും വോട്ട്സ് ഓൺ ക്രെഡിറ്റ് പ്രൊപ്പോസൽ ആവശ്യപ്പെട്ടുകൊണ്ട് ഏറ്റവും ഒടുവിൽ നിയമസഭയെ സമീപിച്ചത് എന്നായിരുന്നുവെന്ന് വിശദമാക്കാമോ;

(ബി) 2011-12 സാമ്പത്തിക വർഷത്തിൽ അത്തരം പ്രൊപ്പോസലിന് ധനകാര്യ വകുപ്പ് അനുമതി തേടിയിട്ടുണ്ടോ; എങ്കിൽ അത് ആവശ്യപ്പെട്ടുള്ള കത്തിന്റെ പകർപ്പ് ലഭ്യമാക്കാമോ; അതിനുള്ള സാഹചര്യം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) വോട്ട്സ് ഓൺ ക്രെഡിറ്റ് ആവശ്യപ്പെടുന്നതിന് സ്വീകരിക്കേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ഡി) ഭരണഘടനയിലെയും ബഡ്ജറ്റ് മാന്വലിലെയും ബന്ധപ്പെട്ട വകുപ്പുകൾ പ്രകാരം നാളിതുവരെ എത്ര തവണ വോട്ട്സ് ഓൺ ക്രെഡിറ്റിന് അനുമതി തേടിയിട്ടുണ്ട്; വിശദമാക്കാമോ;

(ഇ) 2020 മാർച്ച് 31-നു മുൻപ് കേന്ദ്രത്തിൽ നിന്നും കോമ്പൻസേഷൻ നികുതിയിനത്തിൽ തുക ലഭ്യമാക്കാൻ സാധ്യതയുള്ള സാഹചര്യത്തിൽ വോട്ട് ഓൺ ക്രെഡിറ്റിന് അനുമതി തേടുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ബജറ്റിൽ ഇരുപത് ശതമാനം തുക നീക്കി വെച്ച വയനാട് ജില്ലയിലെ പ്രവൃത്തികൾ</u>

3687. **ശ്രീ.ഒ. ആർ. കേളു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 സാമ്പത്തിക വർഷത്തിലെ ബജറ്റിൽ ഇരുപത് ശതമാനം തുക നീക്കി വെച്ച വയനാട് ജില്ലയിലെ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇരുപത് ശതമാനം തുക അനുവദിച്ച പ്രവൃത്തികളുടെ ഭരണാനുമതി അതേ സാമ്പത്തിക വർഷം തന്നെ ലഭ്യമാക്കണമെന്ന് നിബന്ധന ഉണ്ടോയെന്ന് അറിയിക്കാമോ?

<u>ഭരണാനുമതി നൽകിയ പ്രവൃത്തികൾ</u>

3688. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെട്ടതും ഭരണാനുമതിയില്ലാത്ത മരാമത്തു പണികളുടെ ലിസ്റ്റിൽ ഉൾപ്പെട്ടതുമായ ഏതെല്ലാം പ്രവൃത്തികൾക്ക് പിന്നീട് ഭരണാനുമതി നൽകുകയുണ്ടായി; വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും കാലികസ്ഥിതി, അനുവദിച്ച് നൽകിയ തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ബജറ്റിൽ പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും</u>

3689. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 മുതൽ 2019-20 വരെ ഓരോ വർഷവും പൊതുഭരണം, റവന്യൂ, പോലീസ്, നീതി നിർവ്വഹണം, ധനകാര്യം എന്നീ വകുപ്പുകളിൽ ബജറ്റിൽ പ്രതീക്ഷിച്ച ചെലവും യഥാർത്ഥ ചെലവും എത്രയായിരുന്നുവെന്ന് അറിയിക്കാമോ;

(ബി) 2016-17 നെ അപേക്ഷിച്ച് 2018-19-ൽ ഓരോ ഇനത്തിലും എത്ര ശതമാനം വർദ്ധനവാണ് ഉണ്ടായതെന്ന് വ്യക്തമാക്കാമോ?

<u>ബജറ്റിൽ പ്രഖ്യാപിച്ച കാരുണ്യ പദ്ധതി</u>

3690. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21 ബജറ്റിൽ പ്രഖ്യാപിച്ച കാരുണ്യ പദ്ധതിയിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് ചികിത്സാസഹായം ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) തുടർ ചികിത്സയും ധാരാളം ധനച്ചെലവും വരുന്ന ഡയാലിസിസ്, ക്യാൻസർ ചികിത്സ മുതലായവക്കുള്ള ധനസഹായം അഞ്ച് ലക്ഷം രൂപ ആക്കുന്നത് പരിഗണിക്കുമോ?

<u>പാലക്കാട് ജില്ലയ്ക്കായി പ്രഖ്യപിച്ച പുതിയ പദ്ധതികൾ</u>

3691. ശ്രീ.കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-21ലെ ബജറ്റിൽ പാലക്കാട് ജില്ലയ്ക്കായി പ്രഖ്യപിച്ച പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്ന് വ്യക്തമാക്കുമോ?

<u>ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള ഒറ്റപ്പാലം മണ്ഡലത്തിലെ പ്രവൃത്തികൾ</u>

3692. ശ്രീ.പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-2021 വർഷത്തെ ബഡ്ജറ്റിൽ ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾ ഉൾപ്പെട്ടിട്ടുണ്ടെന്നും ഒരോ പ്രവൃത്തിയ്ക്കും അനുവദിച്ച തുക എത്രയാണെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിർവ്വഹണത്തിനായി തനത് വർഷത്തേയ്ക്ക് അനുവദിച്ചിട്ടുള്ള തുക എത്രയാണെന്ന് അറിയിക്കാമോ?

<u>തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി പുരോഗതി</u>

3693. ശ്രീ.സി.മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഇതേവരെയുള്ള പദ്ധതി പുരോഗതി എത്ര ശതമാനമാണ്;

(ബി) ട്രഷറി നിയന്ത്രണങ്ങൾ പദ്ധതി നടത്തിപ്പിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ;

(സി) ഈ സാമ്പത്തിക വർഷം എത്ര ശതമാനം ചെലവഴിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾക്ക് വകയിരുത്തിയ വിഹിതം</u>

3694. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20 ലെ സംസ്ഥാന ബജറ്റിൽ എം.എൽ.എ. മാർ, എം.പി. മാർ, മറ്റ് ജനപ്രതിനിധികൾ എന്നിവർ നേരിട്ട് ശിപാർശ ചെയ്യുന്ന പ്രവൃത്തികൾ അടങ്ങുന്ന ഭരണാനുമതിയില്ലാത്ത മരാമത്ത് പണികൾ (അനുബന്ധം - II, വാല്യം -II) എന്നിവയ്ക്കായി '5054-80-800-66-അധിക പൊതുമരാമത്ത് പ്രവൃത്തികൾ' എന്ന ശീർഷകത്തിൽ എത്ര വിഹിതം വകയിരുത്തിയിരുന്നു; ഇതിൽ എത്ര തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്; വിശദീകിരക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷം ഇതേ ശീർഷകത്തിൽ എത്ര തുക അനുവദിച്ചു; എത്ര ചെലവ് വന്നിട്ടുണ്ട്; വിശദമാക്കാമോ?

<u>**2016-17** ലെ പുതുക്കിയ ബജറ്റിൽ ഉൾപ്പെട്ടതും നടപ്പിലാക്കാൻ സാധിക്കാത്തതുമായ പദ്ധതികൾ</u>

3695. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 ലെ പുതുക്കിയ ബജറ്റിൽ സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യവികസനത്തിനായി നടപ്പിലാക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളിൽ തനത് വർഷം പൂർണ്ണമായും നടപ്പിലാക്കുവാൻ സാധിക്കാത്ത പദ്ധതികൾ ഏതെല്ലാമാണ്; വിശദാംശം നൽകുമോ?

## സാമൂഹിക സുരക്ഷാ പെൻഷൻ മസ്റ്ററിംഗ്

3696. **ശ്രീ.വി.ടി.ബൽറാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക സുരക്ഷാ പെൻഷൻ വാങ്ങിച്ചുകൊണ്ടിരുന്ന അർഹരായ പലരും മസ്റ്ററിംഗിലൂടെ പുറത്തായിട്ടുണ്ടോ;

(ബി) ഇത്തരം അർഹരായ ഗുണഭോക്താക്കൾക്ക് മസ്റ്ററിംഗ് നടത്തുവാൻ ഇനിയും അവസരം നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) പല കാരണങ്ങളാൽ ബയോമെടിക് മസ്റ്ററിംഗിൽ പരാജയപ്പെട്ടവർക്ക് വീണ്ടും അത് നടത്തുവാൻ അനുവാദം നൽകുമോ;

(ഡി) നെറ്റ് വർക്ക് ലഭിക്കാത്ത പ്രദേശങ്ങളിൽ താമസിക്കുന്നവരുടെ കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാരുടെ ഉത്തമവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ സാമൂഹിക സുരക്ഷാ പെൻഷൻ നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

## സാമൂഹ്യ സുരക്ഷാപെൻഷൻ

3697. **ശ്രീമതിഷാനിമോൾ ഉസ്മാൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാപെൻഷൻ സംബന്ധിച്ച സർക്കാരിന്റെ പുതിയ നിലപാടും ഇത് സംബന്ധിച്ച് തുടരെ തുടരെ പുറപ്പെടുവിക്കുന്ന ഉത്തരവുകളും ഇത് നടപ്പിലാക്കുന്ന ഉദ്യോഗസ്ഥർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപേക്ഷകന്റെ പ്രായം തെളിയിക്കുന്നതിന് ആധാർ രേഖയായി ഉപയോഗിക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ വേറെ ഏതൊക്കെ രേഖകളാണ് ഇതിനായി ഉപയോഗിക്കുവാൻ അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത രേഖകളുടെ അഭാവത്തിൽ ഡോക്ടർമാർ നൽകുന്ന സർട്ടിഫിക്കറ്റ് പ്രായം തെളിയിക്കുന്ന രേഖയായി പരിഗണിക്കുമോയെന്ന് അറിയിക്കാമോ?

## സാമൂഹ്യക്ഷേമ പെൻഷനുള്ള മാനദണ്ഡങ്ങൾ

T 3698. **ശ്രീ.എം. സി. കമറുദ്ദീൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യക്ഷേമ പെൻഷനുകൾ ലഭിക്കുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത മാനദണ്ഡങ്ങളിൽ എന്തെങ്കിലും വ്യത്യാസം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

## ക്ഷേമപെൻഷൻ

3699. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021-ൽ ക്ഷേമപെൻഷൻ തുക 1500 ആയി വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ;

(ബി) എങ്കിൽ വർദ്ധിപ്പിച്ച നിരക്കിൽ പെൻഷൻ നൽകുവാൻ എന്ത് തുക അധികമായി വേണ്ടിവരുമെന്ന് വ്യക്തമാക്കുമോ?

## ക്ഷേമപെൻഷൻ നൽകുന്നതിന് ചെലവാക്കുന്ന തുക

3700. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷേമപെൻഷനുകൾ നൽകുന്നതിനായി ഈ സർക്കാർ പ്രതിവർഷം എത്രകോടി രൂപയാണ് ചെലവാക്കുന്നത് എന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതിനായി കേന്ദ്ര സർക്കാരിൽ നിന്നും എന്ത് തുകയാണ് ലഭിക്കുന്നതെന്നും ഏതൊക്കെ പെൻഷൻ നൽകുന്നതിനാണ് ഈ തുക വിനിയോഗിക്കുന്നതെന്നും അറിയിക്കാമോ?

## റബ്ബർ വിലസ്ഥിരതാ പദ്ധതിയിൽ വകയിരുത്തിയ തുക

3701. ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബർ വിലസ്ഥിരതാപദ്ധതിക്ക് സംസ്ഥാന സർക്കാർ 2020-21-ലെ ബജറ്റിൽ എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) പ്രസ്തുത പദ്ധതി പ്രകാരം റബ്ബർ ഉല്പാദക സംഘങ്ങളിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകർക്ക് കിലോയ്ക്ക് എത്ര രൂപ വെച്ച് ലഭിക്കുമെന്ന് അറിയിക്കാമോ;

(സി) കേന്ദ്ര ബജറ്റിൽ റബ്ബർ വിലസ്ഥിരതാ പദ്ധതിയിൽ തുക വകയിരുത്തണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിരുന്നോ; അതുപ്രകാരം കേന്ദ്ര ബജറ്റിൽ തുക വകയിരുത്തിയിട്ടുണ്ടോ;

(ഡി) കേന്ദ്രം തുകയൊന്നും വകയിരുത്തിയിട്ടില്ലെങ്കിൽ കർഷകർക്ക് കിലോയ്ക്ക് ഇരുനൂറ് രൂപ ലഭിക്കുന്നതിന് സഹായകമായ വിധത്തിൽ സംസ്ഥാന സർക്കാർ കൂടുതൽ തുക ഈ പദ്ധതിയിലേക്ക് നീക്കി വയ്ക്കുമോയെന്ന് വ്യക്തമാക്കാമോ?

## വിഭവ സമാഹരണത്തിന് അനുസൃതമല്ലാത്ത വാർഷിക പദ്ധതികൾ

3702. ശ്രീ.മഞ്ഞളാംകുഴി അലി

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) വിഭവ സമാഹരണത്തിന് അനുസൃതമായിട്ടല്ല സംസ്ഥാനത്ത് വാർഷിക പദ്ധതികൾ വിഭാവനം ചെയ്യുന്നതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ പ്രഖ്യാപിച്ച പല പദ്ധതികൾക്കും ആവശ്യമായ വിഭവസമാഹരണം കാര്യക്ഷമമായി നടക്കാത്തതും അധിക വിഭവ സമാഹരണത്തിനായുള്ള നടപടികൾ സ്വീകരിക്കാത്തതുമാണ് പല പദ്ധതികളും പൂർത്തീകരിക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുന്നതെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) പ്രഖ്യാപിത പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ഏതെല്ലാം തരത്തിലുള്ള വിഭവസമാഹരണമാണ് ഊർജ്ജിതമാക്കേണ്ടതെന്നാണ് സർക്കാർ കരുതുന്നതെന്ന് വ്യക്തമാക്കുമോ?

പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കായി ചെലവഴിച്ച തുക

3703. ശ്രീ.പി.സി. ജോർജ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നാളിതുവരെ സംസ്ഥാനത്തെ വിവിധ പൊതുമേഖലാ സ്ഥാപനങ്ങളുടെ പുരോഗതിക്കായി എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് സർക്കാർ തുക നൽകിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ഇനത്തിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക്, എത്ര തുക വീതം അനുവദിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) 2020-2021 സാമ്പത്തിക വർഷം പ്രസ്തുത ഇനത്തിൽ എത്ര തുകയാണ് ചെലവ് പ്രതീക്ഷിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

സർക്കാർ വിഹിതം ലഭിക്കുന്ന സ്ഥാപനങ്ങളുടെ ബാങ്ക് അക്കൗണ്ട് വിവരങ്ങൾ

3704. ശ്രീ.ടി.എ.അഹമ്മദ് കബീർ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ മുഴുവൻ വകുപ്പുകൾ, പൊതുമേഖലാ സ്ഥാപനങ്ങൾ, ഭരണഘടനാ സ്ഥാപനങ്ങൾ, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കമ്പനി (കെ.എസ്.ആർ.ടി.സി., കെ.ഡബ്ല്യൂ.എ., കെ.എസ്.ഇ.ബി.) കോർപ്പറേഷൻ, ബോർഡ്, മിഷനുകൾ തുടങ്ങിയ സർക്കാർ വിഹിതം ലഭിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും ബാങ്ക് അക്കൗണ്ടുകൾ ഏതൊക്കെ ബാങ്കുകളിലാണെന്ന് വെളിപ്പെടുത്താമോ;

(ബി) ഇത്തരത്തിലുള്ള മുഴുവൻ ബാങ്ക് അക്കൗണ്ട് വിവരങ്ങളും ജില്ലാ അടിസ്ഥാനത്തിൽ ബാങ്കിന്റെ പേര്, ഡിപ്പോസിറ്റ് ചെയ്തിട്ടുള്ള തുക, നിലവിൽ മിച്ചമുള്ള തുക എന്നിങ്ങനെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

പെട്രോളിന്റെയും ഡീസലിന്റെയും തീരുവയിലെ വർദ്ധന

3705. ശ്രീ.വി.ഡി.സതീശൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രം പെട്രോളിനും ഡീസലിനും തീരുവ വർദ്ധിപ്പിക്കുമ്പോൾ അതിന് അനുസൃതമായി സംസ്ഥാന നികുതി വരുമാനം വർദ്ധിക്കുമോ;

(ബി) എങ്കിൽ 2016 ജൂൺ ഒന്നിന് ശേഷം ഓരോ സാമ്പത്തിക വർഷവും ഈ ഇനത്തിൽ സംസ്ഥാനത്തിന് അധികമായി ലഭിച്ച തുക എത്രയാണെന്ന് അറിയിക്കാമോ;

(സി) സംസ്ഥാനത്തെ ജനങ്ങൾ വിലവർദ്ധനവ് മൂലം ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ തീരുവ വർദ്ധിപ്പിക്കുന്നതിലൂടെ ലഭിക്കുന്ന അധിക നികുതി വരുമാനം വേണ്ടെന്ന് വയ്ക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) 2020-ൽ മാത്രം പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിലൂടെ സംസ്ഥാനത്തിന് എത്ര കോടി രൂപ അധിക വരുമാനം ലഭിച്ചുവെന്ന് വ്യക്തമാക്കുമോ?

## ഇ-വേ ബിൽ എടുക്കുന്നതിലെ തടസം

3706. ശ്രീ.ജി.എസ്.ജയലാൽ

,, എൽദോ എബ്രഹാം

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്ത് ചരക്ക് നീക്കത്തിന് ഇ-വേ ബിൽ നിർബന്ധമാണോ; ജി.എസ്.ടി ശൃംഖലയിൽ നിന്ന് ഇ-വേ ബിൽ എടുക്കാനായില്ലെങ്കിൽ ചരക്ക് കൊണ്ടുപോകാൻ കഴിയില്ലേയെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ സാഹചര്യങ്ങളിലാണ് ജി.എസ്.ടി ശൃംഖല ഇ-വേ ബിൽ തടഞ്ഞു വയ്ക്കുന്നതെന്നറിയിക്കുമോ;

(സി) നികുതി അടയ്ക്കാത്ത അൻപത്തയ്യായിരം വ്യാപാരികളെ (സെപ്തംബർ, ഒക്ടോബർ മാസങ്ങളിലെ) ഇ-വേ ബിൽ എടുക്കുന്നതിൽ ജി.എസ്.ടി ശൃംഖല തടഞ്ഞിരുന്നോ; വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ഇ-വേ ബിൽ തടഞ്ഞതോടെ പ്രസ്തുത വ്യാപാരികൾ റിട്ടേൺ നൽകി നികുതി അടച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഇ) റിട്ടേൺ ഫയൽ ചെയ്താൽ എത്ര സമയത്തിനുള്ളിൽ ഇ-വേ ബിൽ സൗകര്യം പുനഃസ്ഥാപിക്കും എന്നറിയിക്കുമോ?

## നികുതി വരുമാനം

3707. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സാമ്പത്തിക വർഷം നികുതി വരുമാനം എത്ര ശതമാനം വർദ്ധിക്കുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്തെ നികുതി പിരിവ് ലക്ഷ്യം കാണാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ജി.എസ്.ടി. വരുമാന ചോർച്ച തടയാനുള്ള മിനിമം സംവിധാനം സംസ്ഥാന സർക്കാർ

നടത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

<u>തെറ്റായി ജി.എസ്.ടി . നോട്ടീസ് നൽകിയ ഉദ്യോഗസ്ഥർക്കെതിരെ നടപടി</u>

3708. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തെറ്റായി ജി.എസ്.ടി. നോട്ടീസ് നൽകി വ്യാപാരികളെ ബുദ്ധിമുട്ടിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഇല്ലെങ്കിൽ നടപടി സ്വീകരിക്കുമോ;

(ബി) വ്യാപാരികളെ ദ്രോഹിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് നടപടി സ്വീകരിക്കുന്നില്ലെന്ന ആക്ഷേപം അടിയന്തിരമായി പരിഹരിക്കുമോ;

(സി) ഇത് സംബന്ധിച്ച് GST കമ്മീഷണർ തലത്തിൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

<u>പുതുക്കിയ ജി.എസ്.ടി.നിരക്ക്</u>

3709. ശ്രീ.സി. ദിവാകരൻ

,, കെ. രാജൻ

,, ജി.എസ്.ജയലാൽ

,, മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ ഇനത്തിൽപ്പെട്ട ചരക്കുകൾക്കും സേവനങ്ങൾക്കുമാണ് ജി.എസ്.ടി. നിരക്ക് 28 ശതമാനത്തിൽ നിന്നും 18 ശതമാനത്തിലേക്ക് കുറച്ചതെന്നറിയിക്കുമോ;

(ബി) 28% നിന്നും 18% ആക്കിയ ഉല്പന്നങ്ങൾക്ക് മേൽ നഷ്ടപരിഹാര സെസ്സ് ഏർപ്പെടുത്തണമെന്ന് ജി.എസ്.ടി. കൗൺസിലിനോട് സംസ്ഥാനം ആവശ്യപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ; ഇക്കാര്യത്തിൽ ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം എന്തെന്നറിയിക്കുമോ;

(സി) നിലവിലുള്ള നികുതി സ്ലാബുകളിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം വേണമെന്ന് സംസ്ഥാന സർക്കാരിന് അഭിപ്രായമുണ്ടോ; സ്വർണ്ണത്തിന്റെ കാര്യത്തിൽ ഇ-വേബിൽ ഏർപ്പെടുത്തുന്നതിനുള്ള പ്രധാന തടസ്സം എന്തെന്നറിയിക്കുമോ;

(ഡി) സ്വർണ്ണത്തിന് ഇ-വേബിൽ ഏർപ്പെടുത്തുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് സംസ്ഥാനം മുന്നോട്ടുവച്ചതെന്നറിയിക്കുമോ?

<u>സ്വർണ്ണ കച്ചവടത്തിലെ നികുതി വെട്ടിപ്പ്</u>

3710. ശ്രീ.വി.ഡി.സതീശൻ

,, പി.ടി. തോമസ്

,, ടി.ജെ. വിനോദ്

ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി

സദയം മറുപടി നൽകുമോ:

(എ) സ്വർണ്ണ കച്ചവടക്കാരുടെ നികുതി വെട്ടിപ്പ് തടയുവാനും സ്വർണ്ണക്കടത്ത് നിരീക്ഷിക്കുവാനും പരിശോധിക്കുവാനും നിലവിലുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വർണ്ണ വിപണിയിൽ നിന്നും ചരക്ക് സേവന നികുതി ഇനത്തിൽ 2018-19-ൽ എത്ര കോടി രൂപയാണ് ലഭിച്ചത്;

(സി) 2019-2020-ൽ ഇതുവരെ എത്ര കോടി രൂപ ലഭിച്ചുവെന്ന കണക്ക് ലഭ്യമാണോ; സ്വർണ്ണ കച്ചവടത്തിൽ നിന്നുള്ള നികുതി കുത്തനെ കുറയുന്ന സാഹചര്യത്തിൽ ആയത് കുറയുവാനുണ്ടായ സാഹചര്യം പരിശോധിക്കുമോ;

(ഡി) കടകളിൽ സ്വർണ്ണം വിൽക്കുമ്പോൾ ക്യൂ.ആർ. കോഡ് ഉൾപ്പെടെയുള്ള ബിൽ നിർബന്ധമാക്കുവാൻ ആലോചിക്കുമോ; വിശദമാക്കാമോ?

## പെട്രോൾ, ഡീസൽ വില്പനയിൽ ഒരു രൂപ അധിക വില്പന നികുതി

3711. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് പെട്രോൾ, ഡീസൽ വില്പനയിൽ ഒരു രൂപ അധിക വില്പന നികുതി ഈടാക്കി അതിന്റെ അമ്പത് ശതമാനം തുക 'എല്ലാവർക്കും വീട്' പദ്ധതിക്ക് വേണ്ടി മാറ്റിവയ്ക്കുമെന്ന് തീരുമാനിച്ചിരുന്നോ;

(ബി) ഈയിനത്തിൽ 2020 ഫെബ്രുവരി 29 വരെ എത്ര കോടി രൂപ ലഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തുക എന്ത് ആവശ്യത്തിനാണ് ചെലവഴിച്ചതെന്ന് അറിയിക്കുമോ?

## വിവിധ വകുപ്പുകളിൽ നിന്നുമുള്ള നികുതി വരുമാനം

3712. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-20ൽ ലോട്ടറി, മോട്ടോർ വാഹന രജിസ്ട്രേഷൻ വകുപ്പുകളിൽ നിന്നും എന്ത് തുക നികുതി ഇനത്തിൽ കിട്ടുമെന്നാണ് ലക്ഷ്യമിട്ടിരുന്നതെന്നും പ്രസ്തുത നികുതി ഇനങ്ങളിൽ 2020 ഫെബ്രുവരി 29 വരെ എന്ത് തുകയാണ് പിരിഞ്ഞ് കിട്ടിയത് എന്നും അറിയിക്കുമോ;

(ബി) ഈ സാമ്പത്തിക വർഷം മദ്യവിപണനം വഴി എന്ത് തുക നികുതിയിനത്തിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിച്ചിരുന്നതെന്നും 2020 ഫെബ്രുവരി 29 വരെ എന്തു തുക പിരിഞ്ഞു കിട്ടിയെന്നും അറിയിക്കുമോ;

(സി) സ്വർണ്ണ വിപണിയിൽ നിന്നും ഈ സാമ്പത്തിക വർഷം ഉദ്ദേശിച്ച നികുതി വരുമാനം എത്രയായിരുന്നെന്നും 2020 ഫെബ്രുവരി 29 വരെ ഈ ഇനത്തിൽ എന്ത് തുക പിരിഞ്ഞു കിട്ടിയെന്നും അറിയിക്കുമോ?

## ചാത്തന്നൂർ സബ് ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണം

3713. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) "ഇൻകെൽ" ഏറ്റെടുത്തിട്ടുള്ള ചാത്തന്നൂർ സബ് ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തികളുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) ചാത്തന്നൂർ സബ് ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത സബ് ട്രഷറി കെട്ടിടത്തിന്റെ പ്ലാൻ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാക്കാമോ;

(ഡി) ചാത്തന്നൂർ സബ് ട്രഷറി കെട്ടിടത്തിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തുന്നതിന് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ കാരണങ്ങളെന്താണെന്നും വിശദമാക്കാമോ?

ഇരിട്ടി സബ് ട്രഷറിയിൽ നിലവിലുള്ള സ്റ്റാഫിന്റെ വിവരം

3714. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താലൂക്ക് ആസ്ഥാനത്തുള്ള ഇരിട്ടി സബ് ട്രഷറിയിൽ നിലവിലുള്ള സ്റ്റാഫിന്റെ എണ്ണമെത്ര; എന്നുമുതലാണ് ഈ സ്റ്റാഫ് പാറ്റേൺ ഉള്ളത്; ഏതൊക്കെ തസ്തികകളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) താലൂക്ക് ആസ്ഥാനത്തുള്ള സബ് ട്രഷറികളിൽ ജൂനിയർ സൂപ്രണ്ട് തസ്തികയില്ലാത്ത എത്ര ട്രഷറികളുണ്ട്; ഏതൊക്കെ; ഒന്നിലധികം ജൂനിയർ സൂപ്രണ്ട് തസ്തികകളുള്ള എത്ര ട്രഷറികളുണ്ട്; ഏതൊക്കെയെന്ന് അറിയിക്കുമോ;

(സി) ഇരിട്ടി താലൂക്ക് രൂപീകരിച്ചതിനുശേഷം ട്രഷറി ഇടപാടുകളിൽ സാരമായ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ;

(ഡി) പുതുതായി അഞ്ചിലധികം താലൂക്ക് തല ഓഫീസുകൾ പ്രവർത്തനം ആരംഭിച്ചപ്പോൾ ട്രഷറിയിലും ആവശ്യമായ സ്റ്റാഫ് ക്രമീകരണം നടത്തിയിട്ടുണ്ടോ;

(ഇ) താലൂക്ക് ആസ്ഥാനത്തുള്ള ഇരിട്ടി സബ് ട്രഷറിയിൽ ജൂനിയർ സൂപ്രണ്ട് തസ്തിക അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ട്രഷറിയിൽ നിലവിലുള്ള നിക്ഷേപത്തിൽ തിരിച്ച് നൽകേണ്ടതായ നിക്ഷേപം

3715. ശ്രീ.മഞ്ഞളാംകുഴി അലി

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രഷറിയിൽ നിലവിലുള്ള നിക്ഷേപത്തിൽ, നിക്ഷേപക്കാർക്ക് തിരിച്ച് നൽകേണ്ടതായ നിക്ഷേപം എത്ര കോടി രൂപയുണ്ട്; ഏതെല്ലാം തരത്തിലുള്ള നിക്ഷേപമാണുള്ളത്; വിശദാംശം ലഭിക്കുമോ;

(ബി) നിലവിലുള്ള നിക്ഷേപത്തിന് എത്ര ശതമാനം പലിശയാണ് നൽകിവരുന്നത്; ഈ ഇനത്തിൽ ആകെ എത്ര രൂപ പ്രതിമാസം നൽകുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

ട്രഷറികളുമായി ബന്ധപ്പെടുത്തിയുള്ള എ.ടി.എം. സൗകര്യം

3716. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാന ട്രഷറികളുമായി ബന്ധപ്പെടുത്തി ATM സംവിധാനം ഏർപ്പെടുത്തുന്നതിന് സർക്കാർ ആലോചിട്ടുണ്ടോ; എങ്കിൽ എത്ര കേന്ദ്രങ്ങളിൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാന ലോട്ടറി സമ്മാന വ്യവസ്ഥകളുടെ പരിഷ്കരണം

3717. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറിയുടെ സമ്മാന വ്യവസ്ഥകൾ പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) സംസ്ഥാന ലോട്ടറിയിൽ നിന്നും സർക്കാരിന് ലഭിക്കുന്ന വരുമാനം വർദ്ധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ 2010-11 സാമ്പത്തിക വർഷം മുതലുള്ള കണക്കുകൾ വെളിപ്പെടുത്താമോ;

(സി) സമ്മാനങ്ങളുടെ അവകാശികൾ എത്താത്തതുമൂലം സർക്കാരിലേക്ക് വരവ് വച്ച സമ്മാനങ്ങളുടെ വിശദാംശങ്ങൾ സാമ്പത്തിക വർഷാടിസ്ഥാനത്തിൽ വെളിപ്പെടുത്താമോ;

(ഡി) കാരുണ്യ ലോട്ടറിയിൽ നിന്നും 2016-2017 മുതലുള്ള വിറ്റുവരവിന്റെ വിശദാംശങ്ങളും ഇതിൽ നിന്നും ചികിത്സാ സഹായമായി ചെലവഴിച്ച തുകയുടെ വിശദാംശങ്ങളും വെളിപ്പെടുത്താമോ?

സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റിന്റെ വില വർദ്ധന

3718. ശ്രീ.അനിൽ അക്കര

,, എ.പി. അനിൽ കുമാർ

,, ഐ.സി.ബാലകൃഷ്ണൻ

,, ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഭാഗ്യക്കുറി ടിക്കറ്റുകൾക്ക് ജി.എസ്.ടി. ഇരുപത്തി എട്ട് ശതമാനമാക്കുന്നതിന് ജി.എസ്.ടി. കൗൺസിൽ തീരുമാനിച്ച സാഹചര്യത്തിൽ ലോട്ടറി ടിക്കറ്റിന്റെ വില വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് വിൽക്കുന്ന ലോട്ടറി ടിക്കറ്റുകളുടെ ആധികാരികത തിരിച്ചറിയുന്നതിന് എന്തൊക്കെ സംവിധാനങ്ങളാണ് പുതുതായി ഒരുക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ;

(സി) ലോട്ടറി നറുക്കെടുപ്പിന് പുതിയ സോഫ്റ്റ്‌വെയർ ഉപയോഗിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം

3719. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്ത്രീ ശക്തി ഭാഗ്യക്കുറിയിലൂടെ നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി ഇപ്പോൾ നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ നിന്ന് ധനസഹായം ലഭിക്കുന്നതിനായി ശ്രീ. മുഹമ്മദ് പി.പി, കുന്നുംപുറത്ത് പുതിയപുരയിൽ, നെട്ടങ്ങോം പി.ഒ., ശ്രീകണ്ഠാപുരം, കണ്ണൂർ എന്ന വ്യക്തി നൽകിയ അപേക്ഷയിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ;

(സി) നിർദ്ധന കുടുംബങ്ങളിലെ പെൺകുട്ടികൾക്ക് വിവാഹ ധനസഹായം നൽകുന്നതിന് നിലവിൽ ഏതെല്ലാം പദ്ധതികളാണുള്ളതെന്ന് അറിയിക്കാമോ;

(ഡി) ഈ വിഷയത്തിൽ പുതിയ പദ്ധതികളെന്തെങ്കിലും ആരംഭിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

കാരുണ്യ ലോട്ടറിയിലൂടെ രോഗികൾക്ക് ആശ്വാസം നൽകുന്ന നടപടി

3720. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ലോട്ടറി സംസ്ഥാനത്ത് നിലവിൽ ഉണ്ടോ;

(ബി) കാരുണ്യ ലോട്ടറിയിൽ നിന്നും 2019-20 വർഷം ലഭിച്ച ലാഭം എത്രയാണ്;

(സി) പ്രസ്തുത ലാഭം കാരുണ്യ പദ്ധതിയിൽപ്പെടുത്തി രോഗികൾക്ക് ആശ്വാസം നൽകുന്നതിനാണോ വിനിയോഗിക്കുന്നത്;

(ഡി) പാവപ്പെട്ട രോഗികൾക്ക് ആശ്വാസം നൽകുന്നതിന് ഇപ്പോൾ നിലവിലുള്ള പദ്ധതിയുടെ വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന ലോട്ടറി ടിക്കറ്റുകളിലെ നികുതി വ്യത്യാസം

3721. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാർച്ച് 1-ാം തീയതി മുതൽ 6 -ാം തീയതി വരെ നറുക്കെടുത്ത സംസ്ഥാന ലോട്ടറി ടിക്കറ്റുകളിൽ ഫെബ്രുവരി 29-ാം തീയതി വരെയും, മാർച്ച് 6-ാം തീയതി വരെയും വിറ്റ ടിക്കറ്റുകളിൽ നിന്നും ലഭിച്ച നികുതി എത്രയെന്നറിയിക്കാമോ; പ്രസ്തുത ടിക്കറ്റുകളുടെ മുഖവില എത്ര; വിശദമാക്കാമോ;

(ബി) ഇത്തരത്തിൽ ഒരേടിക്കറ്റ് രണ്ട് മുഖവിലക്ക് വിൽക്കുന്നത് ലോട്ടറി നിയമം അനുവദിക്കുന്നുണ്ടോ;

(സി) ഇത്തരത്തിൽ മാർച്ച് 1-ാം തീയതി മുതൽ 6-ാം തീയതി വരെ വിറ്റ ലോട്ടറി ടിക്കറ്റുകളുടെ നികുതി വ്യത്യാസത്തിലൂടെ സർക്കാരിന് എത്ര രൂപ അധികം ലഭിച്ചു;

(ഡി) മാർച്ച് 1-ാം തീയതി മുതൽ 6-ാം തീയതി വരെ നറുക്കെടുത്ത ടിക്കറ്റുകൾ ഫെബ്രുവരിയിൽ വാങ്ങിയ ഏജന്റുമാർക്ക് 12% നികുതിയിൽ തന്നെ വിൽക്കണം എന്ന നിർദ്ദേശം നൽകിയിരുന്നോ; വിശദാംശം നൽകുമോ?

<u>ചാത്തന്നൂർ സബ് ലോട്ടറി ഓഫീസ്</u>

3722. ശ്രീ.ജി.എസ്.ജയലാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാത്തന്നൂർ ആസ്ഥാനമായി കൊല്ലം ജില്ലാ ഭാഗ്യക്കുറി ഓഫീസിന്റെ ഒരു സബ് ഓഫീസ് ആരംഭിക്കണമെന്നാവശ്യപ്പെട്ട് ജനപ്രതിനിധി 4.7.2019ൽ നൽകിയ നിവേദനം, 9.8.2019 ൽ 3670497/2019 എന്ന റഫറൻസ് നമ്പരിൽ ലോട്ടറി വകുപ്പ് ഡയറക്ടർക്ക് നൽകിയതിനുശേഷം പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ചാത്തന്നൂരിൽ ഒരു ഭാഗ്യക്കുറി സബ് ആഫീസ് ആരംഭിക്കുന്നതിന് നിലവിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; ഉണ്ടെങ്കിൽ തടസ്സങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഓഡിറ്റ് കമ്മീഷൻ രൂപീകരണം</u>

3723. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ലെ ബജറ്റിൽ പ്രഖ്യാപിച്ച ഓഡിറ്റ് കമ്മീഷന് രൂപം നൽകിയിട്ടുണ്ടോ; പ്രസ്തുത കമ്മീഷന്റെ ഘടന എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാന ഓഡിറ്റ് വകുപ്പ് നടപ്പിലാക്കുന്ന ഏതെല്ലാം പ്രവർത്തനങ്ങളാണ് ഓഡിറ്റ് കമ്മീഷൻെറ കീഴിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് അറിയിക്കുമോ?

<u>കെ.എഫ്.സി.യുടെ മൂലധന വർദ്ധനവ്</u>

3724. ശ്രീ.സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ മേഖലയുടെ വളർച്ചയിൽ കെ.എഫ്.സി.യുടെ പങ്ക് എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) കെ.എഫ്.സി.യുടെ മൂലധനത്തിൽ വർദ്ധനവ് വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; നിലവിൽ സംസ്ഥാന സർക്കാരിന് കെ.എഫ്.സി.യിൽ എത്ര ശതമാനം ഓഹരിയാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ;

(സി) സ്വകാര്യ വ്യക്തികൾക്ക് ഓഹരി വില്പന നടത്തിയാണോ മൂലധന വർദ്ധനവ് ഉണ്ടാക്കുകയെന്നും എങ്കിൽ എത്ര ശതമാനം ഓഹരിയാണ് ഇപ്രകാരം വിൽക്കുന്നതെന്നും അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണെന്നും വിശദമാക്കുമോ?

<u>കെ.എസ്.എഫ്.ഇ. യുടെ പ്രവാസി ചിട്ടി</u>

3725. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ. യുടെ പ്രവാസി ചിട്ടി ലാഭകരമായാണോ പ്രവർത്തിക്കുന്നത്;

(ബി) സാധാരണ ചിട്ടികളെ അപേക്ഷിച്ച് പ്രവാസി ചിട്ടികൾക്കുള്ള പ്രത്യേകതകൾ വ്യക്തമാക്കാമോ;

(സി) പ്രവാസി ചിട്ടികളിൽ നിന്നുള്ള ലാഭവീതം മറ്റ് ചിട്ടികളിൽ നിന്ന് വ്യത്യസ്തമാണോ; ഇത് കെ.എസ്.എഫ്.ഇ. യുടെ പ്രവർത്തനത്തിന് എപ്രകാരം മുതൽക്കൂട്ടാകുമെന്ന് വ്യക്തമാക്കുമോ?

<u>പ്രവാസി ചിട്ടി</u>

3726. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി വഴി സംസ്ഥാന വികസനത്തിനായി തുക സമാഹരിക്കാൻ എന്നാണ് സർക്കാർ തീരുമാനിച്ചതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പരസ്യ-പ്രചാരണ പ്രവർത്തനങ്ങൾക്കായി ഇതുവരെ എന്ത് തുക ചെലവഴിച്ചു എന്ന് അറിയിക്കുമോ?

<u>പ്രവാസി ചിട്ടി</u>

3727. ശ്രീ.എം. വിൻസെന്റ്
,, വി.എസ്.ശിവകുമാർ
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിലേക്ക് കൂടുതൽപേരെ ആകർഷിക്കുന്നതിനായി എന്തൊക്കെ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(ബി) ചിട്ടിയിൽ നിന്നും ഇതിനകം ലഭിച്ച ഫ്ലോട്ട് ഫണ്ട് എത്രയാണ്; അത് കിഫ്ബിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ലഭ്യമാക്കിയിട്ടുണ്ടോ?

<u>പ്രവാസി ചിട്ടി</u>

3728. ശ്രീ.എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടിയിൽ 2020 ഫെബ്രുവരി 29 വരെ എത്ര കോടി രൂപയുടെ ചിട്ടി സല ചെയ്തുവെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര കോടി രൂപ ചിട്ടി സബ്സ്ക്രിപ്ഷൻ ഇനത്തിലും തവണ സംഖ്യ ഇനത്തിലും സമാഹരിക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ;

(സി) ഇതിൽ എത്ര കോടി രൂപ കിഫ്ബിയിൽ നിക്ഷേപിച്ചുവെന്ന് വ്യക്തമാക്കാമോ?

## പ്രവാസി ചിട്ടി നടത്തിപ്പ് ചെലവുകൾ

3729. ശ്രീ.കെ.സി.ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി നടത്തിപ്പിനുവേണ്ടി ഇതുവരെ എത്ര കോടി രൂപ ഏതൊക്കെ ഇനങ്ങളിൽ കെ.എസ്.എഫ്.ഇ. ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) വിദേശ രാജ്യങ്ങളിലും രാജ്യത്തെ മറ്റുസംസ്ഥാനങ്ങളിലും പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട് നടത്തിയ യാത്രകൾക്ക് എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ട്;

(സി) ഇവിടങ്ങളിൽ സ്പോൺസർഷിപ്പ് ഇനത്തിൽ എത്ര രൂപ ചെലവഴിച്ചുവെന്നും ആർക്കൊക്കെ ഏതൊക്കെ ഇനങ്ങളിലായി എത്ര രൂപ വീതം നൽകിയെന്നും വെളിപ്പെടുത്താമോ;

(ഡി) പ്രവാസി ചിട്ടി പ്രചരണാർത്ഥം വിദേശരാജ്യങ്ങളിലും മറ്റ് സംസ്ഥാനങ്ങളിലും കെ.എസ്.എഫ്.ഇ. ഉദ്യോഗസ്ഥർ നടത്തിയ യാത്രകളിലൂടെ എത്ര ചിട്ടി ഇടപാടുകാരെ പുതിയതായി ചേർക്കുവാൻ കഴിഞ്ഞുവെന്ന് അറിയിക്കാമോ?

## പ്രവാസി ചിട്ടി നടത്തിപ്പിനായുള്ള ചെലവ്

3730. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രവാസി ചിട്ടി നടത്തിപ്പിനായി ഒരു മാസം എന്ത് തുകയാണ് ചെലവഴിക്കുന്നത്; കഴിഞ്ഞ മൂന്ന് മാസത്തെ ചെലവിന്റെ ഇനം തിരിച്ചുള്ള പട്ടിക ലഭ്യമാക്കുമോ;

(ബി) പ്രവാസി ചിട്ടിയിൽ 29.2.2020 വരെ എത്ര കോടി രൂപയുടെ പ്രൈസ്ഡ് ഡിഫാൾട്ട്, നോൺ പ്രൈസ്ഡ് ഡിഫാൾട്ട് ഉണ്ടായിട്ടുണ്ട്; ഇത് പരിഹരിക്കുവാൻ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കാമോ?

## കെ.എസ്.എഫ്.ഇ. കുന്നത്തുകാൽ ബ്രാഞ്ചിലെ ക്രമക്കേടുകൾ

3731. ശ്രീ.വി.എസ്.ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.യുടെ കുന്നത്തുകാൽ ബ്രാഞ്ചിൽ 2014 മുതൽ 2017 വരെയുള്ള കാലയളവിൽ ഹൗസ് ലോൺ നൽകിയ ഇനത്തിൽ എന്തെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ആഭ്യന്തരവിഭാഗം ആഡിറ്റിംഗിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത ബ്രാഞ്ചിലെ മാനേജർ ആരായിരുന്നുവെന്നും മാനേജർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്നും വെളിപ്പെടുത്താമോ;

(സി) പ്രസ്തുത ഓഫീസറെ വീണ്ടും ഇതേ ബ്രാഞ്ചിൽ അഡീഷണൽ മാനേജരായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ബ്രാഞ്ചിൽ ഹൗസ് ലോൺ നൽകിയ വസ്തു മറ്റേതെങ്കിലും കെ.എസ്.എഫ്.ഇ. ബ്രാഞ്ചിൽ മറ്റേതെങ്കിലും ലോണുകൾക്കോ ചിട്ടികൾക്കോ പണയപ്പെടുത്തിയതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>കെ.എസ്.എഫ്.ഇ. കുന്നത്തുകാൽ ബ്രാഞ്ചിലെ ക്രമക്കേട്</u>

3732. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-17 കാലയളവിൽ കെ.എസ്.എഫ്.ഇ.യുടെ കുന്നത്തുകാൽ ബ്രാഞ്ചിൽ ഹൗസ് ലോൺ, മറ്റ് ലോണുകൾ എന്നിവ നൽകിയ വകയിൽ കെ.എസ്.എഫ്.ഇ.ക്ക് എത്ര കോടി രൂപയുടെ നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത ബ്രാഞ്ചിൽ അഴിമതിയും ക്രമക്കേടും നടത്തിയെന്ന് കണ്ടെത്തിയ ബ്രാഞ്ച് മാനേജരെ കെ.എസ്.എഫ്.ഇ.യുടെ പ്രവാസി ചിട്ടി സെന്ററിൽ നിയമിച്ചിരുന്നോ;

(സി) അഴിമതി നടത്തിയ ബ്രാഞ്ച് മാനേജർക്കെതിരെ ശിക്ഷണ നടപടി സ്വീകരിക്കുന്നതിന് പകരം പ്രവാസി ചിട്ടി സെന്റർ പോലുള്ള സ്ഥലങ്ങളിൽ നിയമനം നൽകിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ?

<u>തഴക്കരയിൽ കെ.എസ്.എഫ്.ഇ യുടെ ശാഖ</u>

3733. **ശ്രീ.ആർ. രാജേഷ് :** താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കര നിയോജകമണ്ഡലത്തിലെ തഴക്കരയിൽ കെ.എസ്.എഫ്.ഇ യുടെ ഒരു ശാഖ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പുതുതായി കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ</u>

3734. **ശ്രീ.കെ. ആൻസലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിൽ പുതിയതായി കെ.എസ്.എഫ്.ഇ. ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) 2016 മുതൽ 2019 വരെ തിരുവനന്തപുരം ജില്ലയിൽ ഏതൊക്കെ സ്ഥലങ്ങളിലാണ് കെ.എസ്.എഫ്.ഇ. പുതിയ ബ്രാഞ്ചുകൾ ആരംഭിച്ചത് എന്ന് വിശദമാക്കാമോ?

<u>കയർ വ്യവസായം</u>

3735. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഉപഭോഗം വർദ്ധിപ്പിക്കുന്നതിനും കയർ വ്യവസായം സംരക്ഷിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

<u>കയറിനും കയറുല്പന്നങ്ങൾക്കും ഓൺലൈൻ വിപണി</u>

3736. ശ്രീ.വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറും കയറുല്പന്നങ്ങളും വിപണനം നടത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളത്;

(ബി) ഓൺലൈൻ മുഖേന വിപണി കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ;

(സി) ഓൺലൈൻ മുഖേന എത്ര രൂപയുടെ വില്പന നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വിപണനം</u>

3737. ശ്രീ.ആർ. രാജേഷ്
,, വി. അബ്ദുറഹിമാൻ
,, കെ.ജെ. മാക്സി
,, ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പരമ്പരാഗത കയർ ഉല്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനായി ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് അറിയിക്കുമോ;

(ബി) ഇതിന്റെ ഭാഗമായി കേരള സംസ്ഥാന കയർ കോർപ്പറേഷൻ ചെറുകിട ഉല്പാദക സഹകരണ സംഘങ്ങളിൽ നിന്നും കയറുല്പന്നങ്ങൾ സംഭരിച്ച് വിപണനം നടത്തുന്നുണ്ടോ;

(സി) കയർ ഉല്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കുന്നതിനായി കയർ മേളകൾ, പ്രദർശനങ്ങൾ തുടങ്ങിയവ സംഘടിപ്പിച്ച് വരുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) കയർ ഉല്പന്നങ്ങൾക്ക് വിദേശ വിപണി കണ്ടെത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുളളതെന്ന് വ്യക്തമാക്കാമോ?

<u>കയർ മേഖലയിലെ യന്ത്രവൽക്കരണം</u>

3738. ശ്രീമതിഷാനിമോൾ ഉസ്മാൻ
ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
,, എം. വിൻസെന്റ്
,, ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പമന്ത്രി സദയം

മറുപടി നൽകുമോ:

(എ) 'കയർ മേഖലയിൽ യന്ത്രവൽക്കരണം നടപ്പാക്കും ആധുനിക ഡിഫൈബറി യന്ത്രസംവിധാനങ്ങൾ പ്രോത്സാഹിപ്പിക്കും' എന്ന സർക്കാർ പ്രഖ്യാപനം ഏതു ഘട്ടത്തിലാണ്;

(ബി) നിലവിലുള്ള തൊഴിലാളികൾക്ക് സമ്പൂർണ്ണ സുരക്ഷ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ;

(സി) 'മിനിമം കൂലി ഉറപ്പുവരുത്തി സംഘങ്ങൾ ഉൽപാദിപ്പിക്കുന്ന കയർ കയർഫെഡും കയർ ഉൽപന്നങ്ങൾ കയർ കോർപ്പറേഷനും വാങ്ങും. ഈ കയർ കയറ്റുമതിക്കാർക്കും ആഭ്യന്തര വ്യാപാരികൾക്കും വ്യവസായികൾക്കും വിൽക്കുമ്പോഴുണ്ടാകുന്ന നഷ്ടം സർക്കാർ വഹിക്കും' എന്ന പ്രഖ്യാപനം എത്രത്തോളം പ്രവർത്തികമാക്കിയിട്ടുണ്ട്; വിശദ വിവരങ്ങൾ നൽകാമോ?

<u>കയർ ഉത്പന്നങ്ങളുടെ ഉത്പാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ</u>

3739. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയറിന്റെയും കയറുൽപ്പന്നങ്ങളുടെയും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും കയർ ഉത്പന്നങ്ങളുടെ വിപണനം മെച്ചപ്പെടുത്തുന്നതിനും ഈ സർക്കാർ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ചകിരി ദൗർലഭ്യം പരിഹരിക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ഇതരസംസ്ഥാനങ്ങളിൽ നിന്ന് ചകിരി ഇറക്കുമതി ചെയ്യുന്നുണ്ടോ; വിശദീകരിക്കുമോ;

(ഡി) പ്രതിവർഷം ശരാശരി എത്ര ടൺ ചകിരി സംസ്ഥാനത്തെത്തുന്നുവെന്ന് വിശദീകരിക്കുമോ?

<u>ആഗോള നിക്ഷേപക സംഗമം</u>

3740. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019-ൽ കൊച്ചിയിൽ നടന്ന ആഗോള നിക്ഷേപക സംഗമത്തിൽ എത്ര നിക്ഷേപകർ എത്ര കോടി രൂപയുടെ താല്പര്യപത്രം കൈമാറിയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംഗമത്തിൽ വയനാട് ജില്ലയിൽ നിക്ഷേപം നടത്തുന്നതിന് ഏതെങ്കിലും വ്യക്തികളോ സ്ഥാപനങ്ങളോ ധാരണാപത്രത്തിൽ ഒപ്പുവച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകോടി രൂപയുടെ ഏതെല്ലാം പദ്ധതികളാണെന്ന് വിശദമാക്കാമോ?

<u>പ്രവാസി വ്യവസായികളുടെയും വൻകിട കമ്പനികളുടെയും നിക്ഷേപങ്ങൾ</u>

3741. ശ്രീ.എൻ. ഷംസുദ്ദീൻ
,, എം. സി. കമറുദ്ദീൻ
,, ടി. വി. ഇബ്രാഹിം
പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രവാസി വ്യവസായികളും കേരളത്തിന് പുറത്തുള്ള വൻകിട കമ്പനികളും നിക്ഷേപങ്ങൾ വാഗ്ദാനം നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദവിവരം നൽകുമോ;

(ബി) ഇപ്രകാരം വാഗ്ദാനം നൽകിയ പദ്ധതികളിൽ എത്രയെണ്ണം സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട് എന്നതിന്റെയും ഇതുമൂലം എത്ര കോടി രൂപ സംസ്ഥാനത്ത് നിക്ഷേപമായി ലഭിച്ചിട്ടുണ്ട് എന്നതിന്റെയും വിശദവിവരം ലഭ്യമാക്കുമോ?

<u>ഉല്പാദന പ്രോത്സാഹനത്തിനായുള്ള പ്രവർത്തനങ്ങൾ</u>

3742. ശ്രീ.ജെയിംസ് മാത്യു

,, പി.വി. അൻവർ

,, ഡി.കെ. മുരളി

,, ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉയർന്ന പ്രതിശീർഷ വരുമാനവും മികച്ച ഉപഭോഗ സംസ്കാരവും ചേർന്ന അനുകൂല സാഹചര്യത്തിൽ ഉല്പാദന പ്രോത്സാഹനത്തിനായി ചെയ്തുവരുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പ്രാദേശിക വിഭവങ്ങളുടെ ലഭ്യതയുടെയടിസ്ഥാനത്തിൽ ഏറ്റവും സാധ്യതയുള്ള ചെറുകിട-സൂക്ഷ്മ വ്യവസായങ്ങളെയും കൃഷിയധിഷ്ഠിത മൂല്യവർദ്ധിതോല്പന്ന വ്യവസായങ്ങളെയും പ്രോത്സാഹിപ്പിക്കാൻ പ്രത്യേകം പദ്ധതിയുണ്ടോ;

(സി) യുവജനങ്ങളിൽ സംരംഭക സംസ്കാരം വളർത്തിയെടുക്കുന്നതിന് ചെയ്തുവരുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

<u>സംരംഭകത്വത്തിൽ താല്പര്യം വളർത്തുവാൻ പ്രചരണ പരിപാടികൾ</u>

3743. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ തലം മുതൽ സംരംഭകത്വത്തിൽ താല്പര്യം വളർത്തുന്ന തരത്തിൽ എന്തെല്ലാം പ്രചരണ പരിപാടികളാണ് നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) 2022-ൽ ഉദ്ദേശ്യ ലക്ഷ്യങ്ങൾ പൂർത്തീകരിക്കാൻ പര്യാപ്തമായ രീതിയിൽ എന്തെല്ലാം പദ്ധതികളാണ് വ്യവസായ വകുപ്പിൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നത്; വിശദമാക്കാമോ?

<u>വ്യവസായ ബൃഹത് സോൺ പദ്ധതി</u>

3744. ശ്രീ.മോൻസ് ജോസഫ്

,, പി.ജെ.ജോസഫ്

,, സി.എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും

യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ സംസ്ഥാനത്ത് വ്യവസായവൽക്കരണത്തിന് ബൃഹത് സോണുകൾ അനുവദിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ആയതിന് ഭൂമി ഏറ്റെടുത്തിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതിക്ക് ഭൂമി ഏറ്റെടുക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ?

<u>കേന്ദ്ര സാമ്പത്തിക നയം മൂലം വ്യവസായമേഖലയിലെ പ്രതിസന്ധി</u>

3745. ശ്രീ.എം.ഉമ്മർ
,, സി.മമ്മൂട്ടി
,, പി.കെ.അബ്ദു റബ്ബ്
,, എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ സാമ്പത്തിക നയം സംസ്ഥാനത്തിന്റെ വ്യവസായ മേഖലയെ എപ്രകാരം ബാധിച്ചിട്ടുണ്ടെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഇതുമൂലം സംസ്ഥാനത്തെ ഏതെല്ലാം വ്യവസായങ്ങളാണ് പ്രതിസന്ധി നേരിടുന്നതെന്ന് അറിയിക്കാമോ;

(സി) പ്രസ്തുത പ്രതിസന്ധി പരിഹരിക്കാൻ കൈക്കൊണ്ട നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>കെ.എ.എൽ. നിർമ്മിക്കുന്ന ഇലക്ട്രിക് ഓട്ടോകൾ</u>

3746. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനമായ കെ.എ.എൽ. ഇലക്ട്രിക് ഓട്ടോകൾ പുറത്തിറക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത ഇ-ഓട്ടോകൾ എത്രയെണ്ണം നാളിതുവരെയായി പുറത്തിറക്കിയിട്ടുണ്ട്;

(സി) പ്രസ്തുത ഇ-ഓട്ടോകൾ പുറത്തിറക്കാൻ കേന്ദ്രസർക്കാരിന്റെ ഏതെങ്കിലും അനുമതി ആവശ്യപ്പെട്ടിരുന്നോ; ആയതിന്റെ ഭാഗമായി കേന്ദ്രസർക്കാരിന്റെയോ മറ്റ് ഏതെങ്കിലും ഏജൻസികളുടെയോ അനുമതി ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ഡി) ഇ-ഓട്ടോയുമായി ബന്ധപ്പെട്ട് കെ.എ.എൽ. എന്തെങ്കിലും ടെണ്ടറുകൾ/ഇ-ടെണ്ടറുകൾ വിളിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ ടെണ്ടറുകളുടേയും നമ്പർ, തീയതി, എത്ര ദിവസത്തേക്കാണ് ടെണ്ടർ വിളിച്ചത്, പി.എ.സി. തുക എത്രയായിരുന്നു, ഏത് ഘടകം/ഉൽപ്പന്നം/സർവ്വീസിന് വേണ്ടിയാണ് ടെണ്ടർ വിളിച്ചത്, ആർക്കാണ് ടെണ്ടർ അവാർഡ് ചെയ്തത്, ടെണ്ടറിൽ രണ്ടാമത് വന്നത് ഏത് സ്ഥാപനമാണ് എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഇ) കെ.എ.എൽ. സ്വന്തമായി ഏത് ഘടകമാണ്/ഭാഗമാണ് ഇ-ഓട്ടോയ്ക്ക് വേണ്ടി നിർമ്മിക്കുന്നത് എന്നറിയിക്കാമോ?

കെ.എസ്.ഐ.ഇ.-യുടെ കൺസൾട്ടൻസി സേവനങ്ങൾ

3747. ശ്രീ.റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയ്ക്കായി എന്തെല്ലാം കൺസൾട്ടൻസി സേവനങ്ങളാണ് കെ.എസ്.ഐ.ഇ. നടത്താറുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സേവനങ്ങൾ കെ.എസ്.ഐ.ഇ. പുറമെയുള്ള ഏജൻസി മുഖേനയാണോ നടത്താറുള്ളത്; എങ്കിൽ ഏതെല്ലാം ഏജൻസികളെന്ന് അറിയിക്കാമോ;

(സി) കെ.എസ്.ഐ.ഇ. ടെൻഡർ ക്ഷണിച്ചാണോ ഇവരെ നിശ്ചയിച്ചിട്ടുള്ളത്; എങ്കിൽ എത്രപേർ ടെൻഡർ നടപടികളിൽ പങ്കെടുത്തെന്ന വിവരം നൽകുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) നിലവിലുള്ള ഏജൻസിയെ തെരഞ്ഞെടുത്തതിന്റെ മാനദണ്ഡം എന്താണ്;

(ഇ) നിലവിൽ ചുമതലപ്പെടുത്തിയിട്ടുള്ള ഏജൻസികളുടെ മുൻ പരിചയങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ഐ.ഡി.സി.യുടെ ലാഭം

3748. ശ്രീ.എസ്.ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി. ഓരോ വർഷവും എത്ര തുക വീതം ലാഭമുണ്ടാക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) കോർപ്പറേഷന്റെ സാമൂഹിക പ്രതിജ്ഞാബദ്ധത പ്രവർത്തനങ്ങൾക്കായി ഓരോ വർഷവും എത്ര തുക വീതം ചെലവഴിക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) നികുതിയുൾപ്പെടെ എത്ര തുക വീതം ലാഭ വിഹിതം കെ.എസ്.ഐ.ഡി.സി. ഓരോ വർഷവും സർക്കാരിലേയ്ക്ക് നൽകിയിട്ടുണ്ട്;

(ഡി) കെ.എസ്.ഐ.ഡി.സി.യിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; വിശദമാക്കാമോ;

(ഇ) പ്രസ്തുത ജീവനക്കാർക്ക് വേണ്ടി പ്രത്യേക പി.എഫ്. ട്രസ്റ്റ് നടത്തുന്നതിന് പ്രതിവർഷം എത്ര തുക ചെലവഴിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ?

മലബാർ സിമന്റ്സ്

3749. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ സിമന്റ്സിൽ ഏതു വർഷം വരെ ഓഡിറ്റ് പൂർത്തിയായെന്ന് അറിയിക്കാമോ;

(ബി) മലബാർ സിമന്റ്സിന്റെ 2014-15, 2015-16 വർഷത്തെ വിറ്റുവരവ്, ലാഭം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2016-17, 2017-18, 2018-19, 2019-20 പ്രകാരം ഓഡിറ്റ് പൂർത്തിയായതോ പ്രൊവിഷണൽ/ഇന്റേണൽ ഓഡിറ്റ് പ്രകാരമുള്ളതോ ആയ മലബാർ സിമന്റ്സിന്റെ ലാഭം/നഷ്ടം, വിറ്റുവരവ് എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) ചേർത്തലയിൽ മലബാർ സിമന്റ്സിന്റെ യൂണിറ്റ് ഉണ്ടോ; പ്രസ്തുത യൂണിറ്റ് എന്നാണ് തുടങ്ങിയത്; 2016-17 ൽ അവിടെ എത്ര ജീവനക്കാർ ഉണ്ടായിരുന്നുവെന്നും നിലവിൽ ചേർത്തല യൂണിറ്റിൽ എത്ര ജീവനക്കാരുണ്ടെന്നും വെളിപ്പെടുത്താമോ?

## പൊതുമേഖല സ്ഥാപനങ്ങളിലെ സിവിൽ വർക്കുകൾ

3750. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ സിവിൽ വർക്കുകൾ ചെയ്യാൻ അനുമതിയുള്ള സ്ഥാപനങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏതെല്ലാം സ്ഥാപനങ്ങളാണ് പൊതുവിദ്യാഭ്യാസ ശാക്തീകരണ യജ്ഞവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതെന്ന് അറിയിക്കാമോ;

(സി) വ്യവസായ വകുപ്പിന് കീഴിലുള്ള സിവിൽ വർക്കുകൾ ചെയ്യാൻ അനുമതിയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ 2019-20 വർഷത്തിൽ ഏറ്റെടുത്ത പ്രവൃത്തികൾ, സംഖ്യ എന്നിവ വിശദമാക്കുന്ന പട്ടിക നൽകാമോ?

## പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തന ലാഭം/നഷ്ടം

3751. ശ്രീ.എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിന് കീഴിലുള്ള ഓരോ പൊതുമേഖല സ്ഥാപനത്തിലെയും ഓഡിറ്റ് പൂർത്തിയായതിന് ശേഷമുള്ള കണക്കുകൾ പ്രകാരം അവസാന അഞ്ചു വർഷത്തെ പ്രവർത്തന ലാഭവും/നഷ്ടവും (പ്രോഫിറ്റ്/ലോസ് ബിഫോർ എക്സെപ്ഷണൽ ആൻഡ് എക്സ്ട്രാ ഓർഡിനറി ഐറ്റംസ് ആൻഡ് ടാക്സ്) എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിൽ ഓഡിറ്റ് പൂർത്തിയായതിനുശേഷമുള്ള കണക്കുകൾ പ്രകാരം അവസാന അഞ്ചു വർഷത്തെ ലാഭത്തിന്റെയും/നഷ്ടത്തിന്റെയും വിശദാംശം ലഭ്യമാക്കുമോ?

## യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ പുനരുദ്ധാരണം

3752. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം യുണൈറ്റഡ് ഇലക്ട്രിക്കൽ ഇൻഡസ്ട്രീസിന്റെ (മീറ്റർ കമ്പനി) പുനരുദ്ധാരണത്തിനായി കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മീറ്റർ കമ്പനിക്ക് അനുവദിച്ച സാമ്പത്തിക

സഹായത്തിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(സി) പ്രസ്തുത സാമ്പത്തിക സഹായം ഉപയോഗപ്പെടുത്തി ഈ സ്ഥാപനം കൈവരിച്ച നേട്ടങ്ങളെപ്പറ്റി വിശദീകരിയ്ക്കാമോ;

(ഡി) മീറ്റർ കമ്പനിയുടെ നിലവിലെ സാമ്പത്തിക സ്ഥിതി സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാണോ; എങ്കിൽ വെളിപ്പെടുത്താമോ?

<u>പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായുള്ള നടപടികൾ</u>

3753. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലാ സ്ഥാപനങ്ങളുടെ അഭിവൃദ്ധിക്കായി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ വ്യവസായ സ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിന് ഫലപ്രദമായ ഇടപെടൽ നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ; ഇതിനായി ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിനായി വി.ആർ.എസ്.അടക്കമുള്ള നടപടികൾ അവലംബിക്കുകയും ശാസ്ത്രീയമായ പുനരുദ്ധാരണ പാക്കേജ് ഓരോ വ്യവസായ സ്ഥാപനത്തിലും ആവിഷ്കരിച്ച് നടപ്പിലാക്കുകയും ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

<u>പുതിയ പൊതുമേഖല സ്ഥാപനങ്ങൾ</u>

3754. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വ്യവസായങ്ങളും കൂടുതൽ നിക്ഷേപങ്ങളും കേരളത്തിലേയ്ക്ക് കൊണ്ടു വരുന്നതിന് സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ആരംഭിച്ചിട്ടുള്ള പൊതു മേഖലാസ്ഥാപനങ്ങൾ ഏതെല്ലാണ്; വിശദവിവരം നൽകുമോ?

<u>വ്യവസായ വളർച്ച</u>

3755. **ശ്രീ.കെ.വി.വിജയദാസ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വ്യവസായ വളർച്ച എത്രയാണ് എന്ന് വ്യക്തമാക്കാമോ;

(ബി) ഈ നേട്ടം കൈവരിക്കുവാൻ സ്വീകരിച്ച ശ്രദ്ധേയമായ നടപടികൾ എന്തെല്ലാമാണ്; വിശദവിവരം നൽകുമോ?

എം.എസ്.എം.ഇ.-ക്ക് വേണ്ടി ബാങ്ക് അദാലത്ത് സംഘടിപ്പിക്കാൻ നടപടി

3756. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ട് നിരോധനം, ജി.എസ്.റ്റി.നടപ്പാക്കൽ, പ്രളയങ്ങൾ എന്നിവ മൂലം തകർച്ച നേരിട്ടുകൊണ്ടിരിക്കുന്ന വ്യവസായ യൂണിറ്റുകളെ ബാങ്കുകൾ നോൺ പെർഫോമിംഗ് അസെറ്റ് കാറ്റഗറിയിലുൾപ്പെടുത്തിയതു കാരണം വ്യവസായങ്ങൾ വീണ്ടും തുടങ്ങാൻ ബുദ്ധിമുട്ടുന്ന സാഹര്യത്തിൽ പ്രസ്തുത യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി സ്റ്റേറ്റ് ലെവൽ ബാങ്കേഴ്സ് കമ്മിറ്റിയുടെ സഹകരണത്തോടുകൂടി സംസ്ഥാനത്തെ മൈക്രോ സ്മോൾ ആന്റ് മീഡിയം എന്റർപ്രൈസസിനുവേണ്ടി ഒരു ബാങ്ക് അദാലത്ത് സംസ്ഥാന തലത്തിൽ സംഘടിപ്പിക്കുന്നതിന് വകുപ്പ് മുൻകൈ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഇത് സംബന്ധിച്ച് യോഗങ്ങൾ നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

വ്യവസായ മേഖലയിലെ പ്രളയാനന്തര പുനരുദ്ധാരണ പദ്ധതികൾ

3757. ശ്രീ.റ്റി.വി.രാജേഷ്

,, വി. കെ. സി. മമ്മത് കോയ

,, ആന്റണി ജോൺ

,, കെ.ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രളയം ബാധിച്ച സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ സഹായിക്കുന്നതിനായി പ്രളയാനന്തര പുനരുദ്ധാരണ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രളയക്കെടുതിയിൽ നഷ്ടം സംഭവിച്ച സംരംഭകർക്ക് ബാങ്ക് വായ്പ ഉപയോഗപ്പെടുത്തി അവരുടെ ഉപജീവന മാർഗ്ഗങ്ങൾ പുനരാരംഭിക്കുന്നതിനായി ഈ സർക്കാർ ഉജ്ജീവന സഹായ പദ്ധതി എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) പ്രളയത്തിൽ തകർന്ന വ്യവസായ സ്ഥാപനങ്ങളെ സഹായിക്കുന്നതിനായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷൻ ആവിഷ്കരിച്ച പുനർജ്ജനി പദ്ധതി പ്രകാരം എന്തെല്ലാം വായ്പകളാണ് ലഭ്യമാക്കുന്നതെന്ന് വ്യക്തമാക്കാമോ?

സംരംഭകത്വ സഹായ നിധി

3758. ശ്രീ.അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ, ചെറുകിട, ഇടത്തരം വ്യവസായ മേഖലയെ അഭിവൃദ്ധിപ്പെടുത്തുവാൻ ഈ സർക്കാർ നടപ്പിലാക്കി പുതിയ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) മുൻഗണനാ ലിസ്റ്റിൽ ഉൾപ്പെടുത്തി ഏതൊക്കെ വ്യവസായങ്ങൾക്കാണ് സംരംഭകത്വ സഹായ

നിധിയിൽ നിന്നും അധിക സാമ്പത്തിക സഹായം നൽകുന്നത്; വിശദാംശം നൽകുമോ;

(സി) സ്കൂൾ, കോളേജ് തലത്തിൽ സംരംഭകത്വ വികസന ക്ലബ്ബുകൾ വഴി വ്യവസായങ്ങൾക്ക് ധനസഹായം നൽകുന്ന പദ്ധതി നിലവിലുണ്ടോ; വിശദാംശം നൽകുമോ?

<u>കളിമൺ പാത്ര നിർമ്മാണം</u>

3759. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കളിമൺ പാത്ര നിർമ്മാണം നടത്തുന്നവർക്ക് വ്യവസായ വകുപ്പ് മുഖേന എന്തെങ്കിലും സഹായം ലഭ്യമാക്കുന്നുണ്ടോ;

(ബി) കുലത്തൊഴിലായി കളിമൺ പാത്ര നിർമ്മാണം നടത്തി ഉപജീവനം നടത്തുന്നവർക്ക് സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ</u>

3760. **ശ്രീ.സി. ദിവാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ സ്ഥാപിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ;

(ബി) ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ നവീകരണത്തിന് ഈ സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>കിൻഫ്ര, കെ.എസ്.ഐ.ഡി.സി എന്നിവയ്ക്കായി ഏറ്റെടുത്ത വ്യവസായ ഭൂമി</u>

3761. **ഡോ.എം. കെ. മുനീർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിൻഫ്രയ്ക്കായി ഏറ്റെടുത്ത വ്യവസായ ഭൂമിയുടെ വിസ്തീർണം എത്രയാണെന്ന് അറിയിക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഐ.ഡി.സി. ക്കായി ഏറ്റെടുത്ത വ്യവസായ ഭൂമിയുടെ വിസ്തീർണം എത്രയാണെന്ന് അറിയിക്കുമോ?

<u>സിഡ്കോയുടെ ഒല്ലൂർ ഡിവിഷനിലെ ക്രമക്കേടുകൾ</u>

3762. **ശ്രീ.അനിൽ അക്കര :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സിഡ്കോയുടെ ഒല്ലൂർ ഡിവിഷനിലെ പരിശോധനയിൽ ആഡിറ്റിംഗ് സംഘം ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ ക്രമക്കേടുകളാണ് കണ്ടെത്തിയത്; മാർക്കറ്റിംഗ് ഡിവിഷന്റെ ലെറ്റർ ഹെഡ് വ്യാജമായി നിർമ്മിച്ച് തുക തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ക്രമക്കേടിന് കാരണക്കാരായ ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

<u>കെ.എസ്.ഐ.ഡി.സിയിൽ നിന്ന് വിരമിച്ച ജീവനക്കാരുടെ ക്ഷേമം</u>

3763. **ശ്രീ.എസ്.ശർമ്മ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഐ.ഡി.സിയിൽ നിന്നും നാളിതു വരെ എത്ര ജീവനക്കാരാണ് സൂപ്പറാന്വേഷനിൽ വിരമിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരിൽ 1995 ന് മുമ്പ് അമ്പത്തിയഞ്ചാം വയസ്സിൽ വിരമിച്ചവരും പി.എഫ്. പെൻഷൻ ആനുകൂല്യം ലഭിക്കാത്തതുമായ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ; അവരുടെ ക്ഷേമത്തിനായി എന്തെങ്കിലും പദ്ധതികൾ കോർപ്പറേഷന്റെ പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(സി) കെ.എസ്.ഐ.ഡി.സിയിൽ നിന്നും വിരമിച്ച ജീവനക്കാർക്കായി ക്ഷേമപ്രവർത്തനങ്ങൾ നടപ്പിലാക്കണമെന്ന് ആവശ്യപ്പെട്ട് സംഘടനകളുടെ നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ജീവനക്കാരുടെ ആവശ്യങ്ങൾ പരിഗണിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ?

<u>എഫ്.ആർ.ബി.എൽ.-ന്റെ പ്രവർത്തനം പുനരാരംഭിക്കാൻ നടപടി</u>

3764. **ശ്രീ.വി.പി.സജീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര പൊതുമേഖല സ്ഥാപനമായ ഫാക്ടിന്റെയും രാഷ്ട്രീയ കെമിക്കൽസ് ആന്റ് ഫെർട്ടിലൈസേഴ്സിന്റെയും സംയുക്ത സംരംഭമായി അമ്പലമുകളിൽ പ്രവർത്തിച്ചിരുന്ന എഫ്.ആർ.ബി.എൽ. എന്ന സ്ഥാപനത്തിന്റെ പ്രവർത്തനം പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(ബി) സ്ഥാപനത്തിന്റെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് കേന്ദ്രസർക്കാരിൽ ആവശ്യമായ ഇടപെടൽ നടത്തുമോ എന്നറിയിക്കാമോ?

<u>നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ്</u>

3765. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ താലൂക്ക് വ്യവസായ ഓഫീസ് സ്ഥിതി ചെയ്യുന്നത് താലൂക്ക് ആസ്ഥാനമായ നിലമ്പൂർ ടൗണിൽനിന്ന് പതിനാല് കിലോമീറ്റർ അകലെയാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വ്യവസായ ഓഫീസ് വണ്ടൂർ കേന്ദ്രമായി പ്രവർത്തിക്കുന്നതുമൂലം സംരംഭകർക്കും വ്യവസായികൾക്കും അന്വേഷണങ്ങൾക്ക് എത്തുന്നവർക്കും ബുദ്ധിമുട്ട് അനുഭവപ്പെടുന്നതിനാൽ

നിലമ്പൂരിൽ നിർമ്മാണ പ്രവർത്തനം പൂർത്തിയായിക്കൊണ്ടിരിക്കുന്ന മിനി സിവിൽ സ്റ്റേഷനിലേക്ക് താലൂക്ക് വ്യവസായ ഓഫീസ് മാറ്റാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(സി) മുൻ സർക്കാരിന്റെ കാലത്താണ് നിലമ്പൂരിൽ അനുവദിക്കേണ്ട താലൂക്ക് വ്യവസായ ഓഫീസ് വണ്ടൂരിൽ അനുവദിച്ചതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഇക്കാര്യത്തിൽ എം.എൽ.എ. നൽകിയ നിവേദനത്തിന്മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

<u>പാറമടകൾക്ക് ദേശീയ വന്യജീവി ബോർഡിന്റെ അനുമതി</u>

3766. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവി സങ്കേതങ്ങളുടെ പത്ത് കിലോമീറ്റർ ചുറ്റളവിലുള്ള പാറമടകൾക്ക് ദേശീയ വന്യജീവി ബോർഡിന്റെ അനുമതി വേണമെന്ന കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ ഉത്തരവ് കഴിഞ്ഞ സെപ്റ്റംബറിൽ കേരളത്തിൽ നടപ്പാക്കുകയുണ്ടായോ; വ്യക്തമാക്കാമോ;

(ബി) രണ്ടുമാസത്തിനുള്ളിൽ ക്വാറി ഉടമകളുടെ അപേക്ഷ വന്യജീവി ബോർഡ് പരിഗണിച്ചില്ലെങ്കിൽ ക്വാറികൾ തുറന്നു പ്രവർത്തിക്കാമെന്ന കഴിഞ്ഞ ഡിസംബറിൽ ഹൈക്കോടതി സിംഗിൾ ബഞ്ച് ഉത്തരവ് ഇടുകയുണ്ടായോ;

(സി) പ്രധാനമന്ത്രി അദ്ധ്യക്ഷനായ വന്യജീവി ബോർഡ് വർഷത്തിൽ ഒന്നോ രണ്ടോ തവണ മാത്രം യോഗം ചേരുന്നതും സിംഗിൾ ബഞ്ച് ഉത്തരവിനെതിരെ സംസ്ഥാന സർക്കാർ മൗനം പാലിച്ചതും ക്വാറി ഉടമകൾക്ക് സഹായകമായോയെന്ന് അറിയിക്കാമോ;

(ഡി) നേരത്തെ അടച്ചുപൂട്ടിയ ക്വാറികളിൽ വന്യജീവി സംരക്ഷണ കേന്ദ്രങ്ങളുടെ ഒരു കിലോമീറ്റർ അപ്പുറമുള്ള മുഴുവൻ ക്വാറികളും ഇതോടെ തുറന്നു പ്രവർത്തിക്കാൻ സാഹചര്യമൊരുങ്ങുമെന്ന് കരുതുന്നുണ്ടോ ;

(ഇ) എങ്കിൽ സിംഗിൾ ബഞ്ച് വിധിക്കെതിരെ സർക്കാർ അപ്പീൽ സമർപ്പിക്കുമോ; കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ 2009 ലെ ഉത്തരവ് ഉയർത്തിപ്പിടിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

<u>കോതമംഗലത്തെ വ്യവസായ സ്ഥാപനങ്ങൾക്കും കടകൾക്കും പ്രളയ നഷ്ടപരിഹാരം</u>

3767. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018ൽ പ്രളയത്തിൽ കോതമംഗലം താലൂക്കിലെ വിവിധ വ്യവസായ സ്ഥാപനങ്ങളിലും കടകളിലും വെള്ളം കയറി നാശനഷ്ടം സംഭവിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത നാശനഷ്ടം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) നാശനഷ്ടങ്ങൾ സംഭവിച്ച സ്ഥാപനങ്ങളും കടകളും ഏതെല്ലാമാണെന്ന കണക്ക് ശേഖരിച്ചിട്ടുണ്ടോ; എത്ര സ്ഥാപനങ്ങൾക്കും കടകൾക്കും നാശനഷ്ടം സംഭവിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് എത്ര തുകയാണ് നഷ്ടപരിഹാരമായി കൊടുക്കേണ്ടത് എന്ന് വ്യക്തമാക്കാമോ;

(ഇ) നാളിതുവരെയായി എത്ര പേർക്ക് നാശനഷ്ടത്തിനുള്ള ധനസഹായം നൽകിയെന്നും ഇനി എത്ര പേർക്ക് നൽകാനുണ്ടെന്നും നഷ്ടപരിഹാരം നൽകാനുള്ള കാലതാമസത്തിന് കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) കാലതാമസവും സാങ്കേതിക പ്രശ്നങ്ങളും ഒഴിവാക്കി ഇവർക്ക് നഷ്ടപരിഹാരം വേഗത്തിൽ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>കഞ്ചിക്കോട് വ്യാവസായിക മേഖല നേരിടുന്ന വൈദ്യുതി പ്രതിസന്ധി</u>

3768. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിക്കോട് വ്യാവസായിക മേഖല നേരിടുന്ന വൈദ്യുതി പ്രതിസന്ധി പരിഹരിക്കുന്നതിനായി വൈദ്യുതി വകുപ്പുമായി യോജിച്ച് വൈദ്യുതി വിതരണ ശൃംഖല അപ്ഗ്രേഡ് ചെയ്യുന്നതിനുള്ള സ്പെഷ്യൽ പാക്കേജ് അനുവദിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഈ പ്രതിസന്ധി കാരണം പല വ്യവസായ യൂണിറ്റുകളും നഷ്ടത്തിലായി പൂട്ടേണ്ട സാഹചര്യം വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ചവറ കെ.എം.എം.എൽ. ലെ ഓവർടൈം അലവൻസ്</u>

3769. **ശ്രീ. എൻ .എ.നെല്ലിക്കുന്ന് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചവറ കെ.എം.എം.എല്ലിൽ എത്ര ജീവനക്കാരുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) 2019 ഏപ്രിൽ മുതൽ 2020 ജനുവരി വരെ ശമ്പള ഇനത്തിൽ ഇവർ കൈപ്പറ്റിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) ഇതേ കാലയളവിൽ ഓവർടൈം അലവൻസായി ഇവർക്ക് നൽകിയ തുക എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ശമ്പളത്തേക്കാൾ കൂടുതലായി അലവൻസ് വാങ്ങിയവരുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ ഇവർ ശമ്പളം എത്രയാണെന്നും വാങ്ങിയ അലവൻസ് എത്രയാണെന്നും വ്യക്തമാക്കാമോ;

(ഇ) ഓപ്പറേറ്റർ, ഫിറ്റർ, ടെക്നീഷ്യൻ തസ്തികകളിൽ എത്ര ഒഴിവുകൾ ഉണ്ടെന്നും ഈ ഒഴിവുകളിലേക്ക് അപേക്ഷ എപ്പോഴെങ്കിലും ക്ഷണിച്ചിരുന്നോയെന്നും ചുരുക്കപ്പട്ടിക തയ്യാറാക്കിയിട്ടുണ്ടോയെന്നും ഈ നിയമനങ്ങൾ നടത്തിയിരുന്നെങ്കിൽ ഓവർടൈം ഒഴിവാക്കാമായിരുന്നോയെന്നും വ്യക്തമാക്കാമോ?

<u>കൊല്ലം ജില്ലയിലെ വ്യവസായ സ്ഥാപനങ്ങൾ</u>

3770. **ശ്രീമതിപി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ സർക്കാർ അധീനതയിൽ ഉള്ള പ്രധാന വ്യവസായ സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(ബി) ആയതിൽ ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന സ്ഥാപനങ്ങൾ ഏതെല്ലാമാണെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത സ്ഥാപനങ്ങൾക്കുവേണ്ടി ഈ സർക്കാർ അധികാരത്തിൽ വന്നതിന്ശേഷം നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ?

<u>ചാലക്കുടി സാങ്കേതിക സഹകരണ സംഘത്തിന്റെ ലിക്വിഡേഷൻ</u>

3771. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയിൽ വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിച്ചിരുന്ന ചാലക്കുടി സാങ്കേതിക സഹകരണ സംഘം കഴിഞ്ഞ പതിനഞ്ച് വർഷത്തിലേറെയായി യാതൊരു പ്രവർത്തനവുമില്ലാത്ത സാഹചര്യത്തിൽ സംഘത്തിന്റെ ലിക്വിഡേഷൻ നടപടികൾക്ക് സർക്കാർ അംഗീകാരം നൽകി സ്ഥലം തിരിച്ചുപിടിക്കുന്നതിനും വ്യവസായ വകുപ്പിനുകീഴിൽ സംരംഭകർക്കായി പുതിയ പ്രോജക്ടുകൾക്ക് പ്രയോജനപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ;

(ബി) ലിക്വിഡേഷൻ നടപടി ഒഴിവാക്കുന്നതിനായി സംഘത്തിന് കൂടുതൽ സമയം അനുവദിച്ചിരിക്കുന്ന സർക്കാർ ഉത്തരവ് പിൻവലിച്ച് ലിക്വിഡേഷൻ അംഗീകരിക്കുന്നതിനാവശ്യമായ നടപടി അടിയന്തരമായി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

<u>ആലത്തൂർ താലൂക്കിൽ വ്യവസായ വകുപ്പിന്റെ ഭൂമിയും സ്ഥാപനങ്ങളും</u>

3772. **ശ്രീ.കെ.ഡി. പ്രസേനൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ താലൂക്കിൽ വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയുടേയും സ്ഥാപനങ്ങളുടെയും വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇതിൽ നിലവിൽ ഉപയോഗിക്കുന്നവയുടേയും ഉപയോഗിക്കാതിരിക്കുന്നവയുടേയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>നിലമ്പൂർ നഗരസഭയിൽ വ്യവസായ വകുപ്പിന്റെ സ്ഥലം</u>

3773. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ നഗരസഭയിൽ വ്യവസായ വകുപ്പിനുകീഴിലുള്ള സ്ഥലങ്ങൾ ഏതെല്ലാമെന്നും അവയുടെ സർവ്വേ നമ്പറും വിസ്തീർണ്ണവും അറിയിക്കാമോ;

(ബി) നിലമ്പൂർ ആയുർവേദ ആശുപത്രിക്ക് സമീപമുള്ള സ്ഥലം പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് കുടുംബശ്രീ, സഹകരണ സംഘങ്ങൾ എന്നിവയ്ക്ക് പാട്ട വ്യവസ്ഥയിൽ ലഭ്യമാക്കുവാൻ സാധിക്കുമോ എന്നറിയിക്കാമോ; എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമെന്ന്

വിശദമാക്കാമോ?

<u>കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനി പ്രവർത്തനം</u>

3774. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചിരുന്ന കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിയുടെ പ്രവർത്തനം പൂർണ്ണമായും അവസാനിപ്പിച്ച് വർഷങ്ങൾ പിന്നിട്ട സാഹചര്യത്തിൽ സ്ഥലം തിരിച്ചുപിടിക്കുന്നതിനും വ്യവസായ വകുപ്പിനുകീഴിൽ അനുയോജ്യമായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും മറ്റു വികസന ആവശ്യങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ;

(ബി) റിസീവർ ഭരണത്തിലുള്ള കമ്പനിയും സർക്കാരും തൊഴിലാളികളും തമ്മിൽ നിലനിൽക്കുന്ന വ്യവഹാരങ്ങൾ കാലതാമസം കൂടാതെ തീർപ്പാക്കുന്നതിനാവശ്യമായ ഇടപെടലുകളും നടപടികളും സർക്കാർ സ്വീകരിക്കുമോ?

<u>കാസർകോട് വ്യവസായ ബൃഹത് സോൺ</u>

3775. ശ്രീ.എം. സി. കമറുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഞ്ച് ബൃഹത് പദ്ധതികൾക്കായി വ്യവസായ സോണുകൾ ആരംഭിക്കുന്നതിലേയ്ക്കായി കാസർകോട് അഞ്ഞൂറ് ഏക്കർ സ്ഥലം ഏറ്റെടുക്കുമെന്ന് 2016-17 ലെ പുതുക്കിയ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി സ്ഥലം ഏറ്റെടുക്കുന്ന നടപടിയുടെ വിശദാംശം അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ എന്തെല്ലാമാണെന്നും പദ്ധതി നടപ്പിലാക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ?

<u>കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്</u>

3776. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ നിലവിൽ എത്ര വ്യവസായ യൂണിറ്റുകൾ പ്രവർത്തിക്കുന്നതിനുള്ള സൗകര്യമുണ്ടെന്നും എത്ര യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(ബി) ഇവിടെ ഒഴിഞ്ഞുകിടക്കുന്ന യൂണിറ്റുകൾ എത്രയെന്നും അവയെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ;

(സി) പ്രസ്തുത എസ്റ്റേറ്റിന്റെ ആധുനികവത്കരണത്തിന് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ?

ചെങ്ങന്നൂരിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കാൻ നടപടി

3777. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിൽ സിഡ്കോയുടെ കീഴിൽ പ്രവർത്തിക്കുന്ന ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകളുടെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമവും ഉല്പാദനപരവുമാക്കുന്നതിന് സർക്കാർ സ്വീകരിക്കുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ മണ്ഡലത്തിൽ ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് ആരംഭിക്കുന്നതിനുള്ള നടപടികൾക്ക് പരിഗണന നൽകുമോ; വ്യക്തമാക്കാമോ?

കിറ്റ്കോസിന്റെ പുനരുദ്ധാരണം

3778. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വ്യവസായ സഹകരണസ്ഥാപനമായ കിറ്റ്കോസ് പുനരുദ്ധരിയ്ക്കുന്നതിന് ആലോചിയ്ക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) കിറ്റ്കോസിന് പ്രവർത്തനമൂലധനം അനുവദിയ്ക്കണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള അപേക്ഷ സർക്കാരിന്റെ പരിഗണനയിലുണ്ടോ; എങ്കിൽ പ്രസ്തുത അപേക്ഷയിന്മേൽ കൈക്കൊള്ളാൻ ഉദ്ദേശിയ്ക്കുന്ന നടപടികൾ വിശദീകരിയ്ക്കാമോ;

(സി) സംസ്ഥാനത്ത് സർക്കാർ ഉടമസ്ഥതയിൽ എത്ര വ്യവസായ സഹകരണസംഘങ്ങൾ പ്രവർത്തിയ്ക്കുന്നുണ്ട്; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

കോന്നി മണ്ഡലത്തിലെ പാറമടകൾ

3779. ശ്രീ.കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ പ്രവർത്തിക്കുന്ന പാറമടകൾ, ക്രഷർ യൂണിറ്റുകൾ എന്നിവയുടെ എണ്ണമെത്രയെന്ന് അറിയിക്കാമോ; ഇവയെല്ലാം പാരിസ്ഥിതിക അനുമതി ലഭിച്ചവയാണോയെന്ന് വെളിപ്പെടുത്തുമോ;

(ബി) കോന്നി നിയോജകമണ്ഡലത്തിൽ പുതിയതായി എവിടെയെങ്കിലും പാറമടകൾ, ക്രഷറുകൾ എന്നിവയ്ക്ക് അപേക്ഷ ലഭിച്ചിട്ടുണ്ടോ; ആയതിന്റെ നിലവിലുള്ള സ്ഥിതി അറിയിക്കുമോ?

മുതല പഞ്ചായത്തിലെ ക്വാറി

3780. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

മുതല പഞ്ചായത്തിൽ കഴിഞ്ഞ പ്രളയത്തിൽ ഉരുൾ പൊട്ടൽ ഉണ്ടായ പ്രദേശത്ത് ക്വാറി ആരംഭിക്കുന്നതിന് നൽകിയ അപേക്ഷയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

<u>സർക്കാർ പുറമ്പോക്കിൽ അനധികൃത ക്വാറി</u>

3781. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ അവനവൻഞ്ചേരി പൂവണത്തിൻമൂട്ടിൽ സർക്കാർ പുറമ്പോക്കിൽ മാസങ്ങളായി അനുമതിയില്ലാതെ ക്വാറി പ്രവർത്തിക്കുന്നത് കണ്ടെത്തിയിട്ടുണ്ടോ;

(ബി) യാതൊരു സുരക്ഷാ മാനദണ്ഡവും പാലിക്കാതെയാണ് പ്രസ്തുത ക്വാറി പ്രവർത്തിച്ചിരുന്നതെന്ന റിപ്പോർട്ട് വസ്തുതാപരമാണോയെന്ന് വ്യക്തമാക്കാമോ;

(സി) മൈനിംഗ് & ജിയോളജി വകുപ്പിന്റെ ലൈസൻസ് ഇല്ലാതെ ഇത്തരത്തിൽ ഒരു ക്വാറി മാസങ്ങളോളം പ്രവർത്തിച്ചത് എപ്രകാരമെന്ന് കണ്ടെത്തി ബന്ധപ്പെട്ടവർക്കെതിരെ നടപടി സ്വീകരിക്കുമോ?

<u>ജിയോളജിസ്റ്റുമാരുടെ സ്ഥലംമാറ്റം</u>

3782. **ശ്രീ.ഐ.സി.ബാലകൃഷ്ണൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മൈനിംഗ് & ജിയോളജി വകുപ്പിൽ ജിയോളജിസ്റ്റുമാരുടെ സ്ഥലംമാറ്റവുമായി ബന്ധപ്പെട്ട് എത്ര ഉത്തരവുകൾ ഇറങ്ങിയെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത വകുപ്പിൽ ഇടയ്ക്കിടെയുള്ള സ്ഥലംമാറ്റം മൂലം ഒരു ഉദ്യോഗസ്ഥന് ഒരേ സ്ഥലത്ത് രണ്ട് വർഷം ജോലി ചെയ്യാൻ സാധിക്കാത്ത സാഹചര്യം നിലവിലുണ്ടോ; അപ്രകാരം എത്ര കേസുകളുണ്ടായി; അതിനുള്ള കാരണം വ്യക്തമാക്കുമോ; ഇപ്രകാരമുള്ള സ്ഥലംമാറ്റങ്ങൾ വകുപ്പിന്റെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ വകുപ്പിലെ ജിയോളജിസ്റ്റുമാരിൽ മൂന്ന് വർഷം പോലും ജില്ലാ ഓഫീസുകളിലോ സ്ക്വാഡ് ഓഫീസുകളിലോ ഇതേ വരെ ജോലി ചെയ്യാത്തവർ ഉണ്ടോ; അവരെ പ്രസ്തുത ഓഫീസുകളിലേയ്ക്ക് സ്ഥലം മാറ്റാൻ തടസ്സമായി നിൽക്കുന്നത് എന്താണെന്ന് വിശദമാക്കാമോ;

(ഡി) 2005-ൽ സർവ്വീസിൽ പ്രവേശിച്ചതും ഇപ്പോൾ തിരുവനന്തപുരം ജില്ലാ ഓഫീസിൽ ജോലി ചെയ്തുവരുന്നതുമായ ഒരു അസിസ്റ്റന്റ് ജിയോളജിസ്റ്റ് ഒരു വർഷം മാത്രമേ മറ്റു ജില്ലാ ഓഫീസുകളിൽ ജോലി ചെയ്തിട്ടുള്ളൂ എന്ന് പരാതി ഉണ്ടായിട്ടുണ്ടോ; ഇവരെ സർക്കാർ മൂന്ന് തവണ മാറ്റാൻ ശ്രമിച്ചെങ്കിലും മാറ്റാൻ സാധിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ;

(ഇ) കോട്ടയം, എറണാകുളം, ഇടുക്കി ജില്ലകളിൽ ജോലി ചെയ്ത് വിജിലൻസ് അന്വേഷണങ്ങൾ നേരിട്ടതും ശിക്ഷിക്കപ്പെട്ടതും അനധികൃത സ്വത്ത് സമ്പാദനത്തിന് വിജിലൻസ് കേസ് എടുത്തിരുന്നതുമായ ഒരു വ്യക്തിയെ വകുപ്പിന്റെ അഡീഷണൽ ഡയറക്ടറും ഡയറക്ടറുമായി സ്ഥാനക്കയറ്റം നൽകിയത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ;

(എഫ്) ഈ ഉദ്യോഗസ്ഥനെതിരെ ഉണ്ടായിരുന്ന അനധികൃത സ്വത്ത് സമ്പാദന കേസിൽ ടിയാന് മറ്റു സംസ്ഥാനത്ത് ബിനാമി ഇടപാടുകൾ ഉണ്ടായിരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ജി) മൈനിംഗ് & ജിയോളജി വകുപ്പിൽ നിലവിൽ ഉയർന്ന തസ്തികകളിലും താഴ്ന്ന തസ്തികകളിലും ഉദ്യോഗസ്ഥർ ഇല്ലാത്ത സാഹചര്യം വന്നുചേർന്നിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

<u>കൈത്തറി മേഖലയുടെ ഉന്നമനത്തിനുള്ള പദ്ധതികൾ</u>

3783. ശ്രീ.സി.കൃഷ്ണൻ

,, ഡി.കെ. മുരളി

,, പുരുഷൻ കടലുണ്ടി

,, പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൈത്തറി മേഖലയുടെ ഉന്നമനത്തിനായി ഈ സർക്കാർ എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) കൈത്തറി മേഖലയിലെ ഉൽപ്പാദനക്ഷമതയും തൊഴിൽ ദിനങ്ങളും വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) സംസ്ഥാനത്ത് നടപ്പിലാക്കിയ സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതി ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനും തൊഴിലാളികൾക്ക് കൂടുതൽ ദിവസത്തെ തൊഴിൽ നൽകുന്നതിനും മികച്ച വേതനം ലഭ്യമാക്കുന്നതിനും എത്രമാത്രം പ്രയോജനപ്പെട്ടിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ഡി) ആരുടെയെല്ലാം പങ്കാളിത്തത്തോടെയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

<u>പൊതുമേഖല സ്പിന്നിംഗ്മിൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ</u>

3784. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖല സ്പിന്നിംഗ്മിൽ തൊഴിലാളികളുടെ സേവന-വേതന വ്യവസ്ഥകൾ പരിഷ്കരിക്കുന്നതിന് ശമ്പള കമ്മീഷനെ നിയമിക്കുമോ എന്ന് വ്യക്തമാക്കാമോ;

(ബി) തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും കിഴിവ് ചെയ്യുന്ന പി.എഫ്, ഇ.എസ്.ഐ. കുടിശ്ശിക എന്നിവ ഇനിയും അടച്ചു തീർക്കാനുണ്ടോ; എങ്കിൽ അവ അടയ്ക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ;

(സി) വിരമിക്കുന്ന തൊഴിലാളികൾക്ക് യഥാസമയം ഗ്രാറ്റുവിറ്റി വിതരണം ചെയ്യുവാനും സ്ഥിരം/താൽക്കാലിക തൊഴിലാളികൾക്ക് മിനിമം വേതനം നൽകുവാനും സത്വര നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>പ്രകൃതിദത്ത ചായങ്ങൾ മുക്കിയ കൈത്തറി വസ്ത്രങ്ങൾ</u>

3785. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിദത്ത ചായങ്ങൾ മുക്കി കൈത്തറി വസ്തുങ്ങൾ നെയ്തെടുക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നുണ്ടോ;എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ഇതിലൂടെ എന്തെല്ലാം നേട്ടങ്ങളാണ് ഉപഭോക്താവിനും കൈത്തറി മേഖലയ്ക്കും ലഭിക്കുകയെന്ന് അറിയിക്കാമോ?

കോട്ടയം ടെക്സ്റ്റയിൽസിന്റെ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറൽ

3786. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജക മണ്ഡലത്തിൽ കോട്ടയം ടെക്സ്റ്റയിൽസിന്റെ കീഴിലുള്ള ഇരുപത്തിമൂന്ന് ഏക്കർ സ്ഥലത്ത് നിലവിൽ ഉപയോഗിക്കാതെ കിടക്കുന്ന പതിമൂന്ന് ഏക്കറിൽ മൂന്ന് ഏക്കർ സ്ഥലം വിദ്യാഭ്യാസ വകുപ്പിന് കൈമാറുന്നതിന് 24/1/2018 ലും 20/12/2019 ലും നൽകിയ നിവേദനങ്ങളിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; ആയതിന്റെ സെക്രട്ടറിയേറ്റിലെ ഫയൽ നമ്പർ അറിയിക്കാമോ;

(ബി) വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സി-ആപ്റ്റിന് കോട്ടയം ജില്ലാ ഓഫീസ് നിർമ്മിക്കുന്നതിനും വ്യവസായ പുരോഗതിക്ക് ഉപകരിക്കുന്ന വിധത്തിൽ ഈ ഭാഗം വികസിപ്പിക്കുന്നതിനും ഭൂമി നൽകുന്നതിന് വ്യവസായ വകുപ്പ് തുടർനടപടി സ്വീകരിക്കുമോ;

(സി) കോട്ടയം ടെക്സ്റ്റയിൽസിന്റെ ഭാവി വികസനത്തിന് ആവശ്യമായ സ്ഥലം നിലനിർത്തിക്കൊണ്ട് വേദഗിരിയിലുള്ള കോമ്പൗണ്ടിൽ നിന്ന് മൂന്ന് ഏക്കർ സ്ഥലം കിഫ്ബി മുഖാന്തരം വിദ്യാഭ്യാസ വകുപ്പിന് അനുവദിച്ചിരിക്കുന്ന ഇരുപത്തി അഞ്ച് കോടിയുടെ വികസന പദ്ധതി നടപ്പാക്കുന്നതിന് വിട്ടുകൊടുക്കുന്നതിന് കോട്ടയം ടെക്സ്റ്റയിൽസ് കോർപ്പറേഷൻ തയ്യാറാകുമോ; വിശദമാക്കാമോ?

കോട്ടയം ടെക്സ്റ്റയിൽസിൽ നിന്നും വിരമിച്ച ഇ.കെ. രാജന്റെ ആനുകൂല്യങ്ങൾ

3787. ശ്രീ.മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ടെക്സ്റ്റയിൽസിൽ നിന്നും വിരമിച്ച് നിലവിൽ ചികിത്സയിൽ കഴിയുന്ന ഇ.കെ. രാജന്റെ റിട്ടയർമെന്റ് ആനുകൂല്യങ്ങൾ ലഭ്യമാക്കണമെന്നാവശ്യപ്പെട്ട് മന്ത്രിക്ക് നൽകിയിരുന്ന നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പരാതിയുടെ ഫയൽ നമ്പർ അറിയിക്കാമോ; ഈ പരാതി ഫയൽ ഇപ്പോൾ ആരുടെ പക്കലാണെന്ന് വ്യക്തമാക്കാമോ?

ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മില്ലുകളിൽ സ്ത്രീകളുടെ രാത്രികാലജോലി

3788. ശ്രീ.ചിറ്റയം ഗോപകുമാർ

,, കെ. രാജൻ

,, ഇ.ടി. ടൈസൺ മാസ്റ്റർ

,, വി.ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാക്ടറികളിൽ സ്ത്രീകളെ രാത്രികാലങ്ങളിൽ ജോലിക്ക് നിയോഗിക്കാൻ പാടില്ലെന്ന് ഫാക്ടറി ആക്ടിൽ നിബന്ധനയുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഫാക്ടറി ആക്ട് അറുപത്തിയാറ്(ബി) പ്രകാരം സ്ത്രീകളെ രാത്രികാലത്ത് ജോലിക്ക് നിയോഗിക്കാൻ പാടില്ലെന്നിരിക്കെ ടെക്സ്റ്റൈൽ കോർപ്പറേഷന്റെ ഏതെങ്കിലും മില്ലുകളിൽ സ്ത്രീകളെ രാത്രികാല ജോലിയ്ക്ക് നിയോഗിക്കുന്നുണ്ടോ;

(സി) ടെക്സ്റ്റൈൽ കോർപ്പറേഷൻ വക കോട്ടയം ടെക്സ്റ്റൈൽസിൽ സ്ത്രീ തൊഴിലാളികളെ നിർബന്ധപൂർവ്വം രാത്രിയിൽ ജോലി ചെയ്യിക്കാൻ നീക്കം നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ;

(ഡി) ടെക്സ്റ്റൈൽ കോർപ്പറേഷന്റെ മറ്റു മില്ലുകളിൽ സ്ത്രീ തൊഴിലാളികൾ രാത്രി കാലങ്ങളിൽ ജോലി ചെയ്യുന്നതുമായി ബന്ധപ്പെട്ട ഏതെങ്കിലും കോടതിവിധികൾ നിലവിലുണ്ടോ; വിശദമാക്കുമോ?

<u>കാട്ടാക്കട മണ്ഡലത്തിലെ ഖാദി ബോർഡിന്റെ സ്ഥലം</u>

3789. ശ്രീ.ഐ.ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട നിയോജകമണ്ഡലത്തിലെ പള്ളിച്ചൽ പഞ്ചായത്തിൽ 151/2-ൽപെട്ട 17.20 ആർ സ്ഥലത്തിന്റെ ഉടമ തണ്ടപ്പേർ രജിസ്റ്ററിലും കുടിക്കട സാക്ഷ്യപത്രത്തിലും ഖാദി ബോർഡ് ആണെന്ന് രേഖപ്പെടുത്തിയിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം ബോർഡിന്റെ നിയന്ത്രണത്തിലാക്കുന്നതിന് സാധിക്കുമോ; ആയതിന് വേണ്ട നടപടികൾ വിശദമാക്കാമോ;

(സി) ആയതിന് അടിയന്തര നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>കൊട്ടാരക്കര മണ്ഡലത്തിൽ ഖാദി ബോർഡിന്റെ ഭൂമി</u>

3790. ശ്രീമതിപി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഖാദി & വില്ലേജ് ഇൻഡസ്ട്രീസ് ബോർഡിന്റെ അധീനതയിൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലുള്ള ഭൂമിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത സ്ഥലങ്ങളിൽ നിലവിൽ നടക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) ഉപയോഗിക്കാതെ കിടക്കുന്ന സ്ഥലങ്ങളിൽ ബോർഡിന്റെ അധീനതയിൽ നൂതന സംരംഭങ്ങൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കുവാൻ പദ്ധതികൾ

3791. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മികച്ച കായിക താരങ്ങളെ വളർത്തിയെടുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുള്ളത് എന്ന് വിശദമാക്കുമോ?

സ്ലാഷ് പദ്ധതി

3792. ശ്രീ.അബ്ദുൽ ഹമീദ് പി.
ഡോ.എം. കെ. മുനീർ
ശ്രീ.ടി.എ.അഹമ്മദ് കബീർ
,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്കൂൾ കുട്ടികൾക്കായി നടപ്പിലാക്കുന്ന അതിജീവന നീന്തൽ പരിശീലന പദ്ധതിയായ സ്ലാഷ് പദ്ധതിയെക്കുറിച്ച് വിശദമാക്കാമോ;

(ബി) ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) എല്ലാ ജില്ലകളിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നുണ്ടോ; വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വ്യക്തമാക്കാമോ?

ഫിറ്റ്നസ് സെന്ററുകൾ

3793. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായികതാരങ്ങളുടെ കായികക്ഷമത വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിൽ അത്യാധുനിക ഫിറ്റ്നസ് സെന്ററുകൾ നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ വിശദാംശം അറിയിക്കുമോ?

സ്പോർട്സ് കൗൺസിൽ രൂപീകരണം

3794. പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ മന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലങ്ങളിൽ സ്പോർട്സ് കൗൺസിലുകൾ രൂപവൽക്കരിക്കുന്നതിന് ഈ സർക്കാർ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഇല്ലയെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ബോൾ ബാഡ്മിന്റൺ അസോസിയേഷന് സ്പോർട്സ് കൗൺസിൽ അനുവദിച്ച തുക

3795. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബോൾ ബാഡ്മിന്റൺ ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നതിന് ജൂനിയർ, സീനിയർ, സബ് ജൂനിയർ ആൺകുട്ടികളുടെയും പെൺകുട്ടികളുടടെയും വിഭാഗത്തിൽ 2016 മുതൽ 2020 ഫെബ്രുവരി വരെ ഓരോ വർഷവും യാത്രാ ബത്ത, ദിനബത്ത എന്നീ ഇനങ്ങളിൽ എത്ര രൂപ വീതം സംസ്ഥാന ബാഡ്മിന്റൺ അസോസിയേഷന് സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത കായികതാരങ്ങളെ ദേശീയ മത്സരങ്ങളിൽ പങ്കെടുപ്പിക്കുന്നതിന് സീനിയർ, ജൂനിയർ, സബ് ജൂനിയർ വിഭാഗങ്ങളിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും കോച്ചിംഗ് ക്യാമ്പ് നടത്തിയ വകയിൽ 2016 മുതൽ 2020 ഫെബ്രുവരി മാസം വരെ ഓരോ വർഷവും എത്ര രൂപ വീതം അസോസിയേഷന് സ്പോർട്സ് കൗൺസിൽ നൽകിയിട്ടുണ്ടെന്ന് വിശദമാക്കാമോ?

സ്പോർട്സ് സ്കൂളുകൾ

3796. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പുതുതായി സ്പോർട്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

സായ് സെന്ററുകളിൽ പരിശീലകർക്കും താരങ്ങൾക്കും എതിരെ പരാതികൾ

3797. ശ്രീ.പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സായ് സെന്ററുകളിൽ പരിശീലകർക്കും മുതിർന്ന താരങ്ങൾക്കും എതിരെ ഉയർന്നുവരുന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതാനും ദിവസങ്ങൾക്ക് മുമ്പ് ആലപ്പുഴ സായ് കേന്ദ്രത്തിൽ നിന്ന് ഒരു പെൺകുട്ടി പരിശീലനം നിർത്തി വീട്ടിലേക്ക് മടങ്ങുകയുണ്ടായോ;

(സി) ദ്രോണാചാര്യ ജേതാവായ കോച്ചിന്റെ പീഡനത്തെ തുടർന്നാണ് കുട്ടിയ്ക്ക് പരിശീലനം നിർത്തി മടങ്ങേണ്ടിവന്നതെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ഡി) ഇതിനെതിരെ മുൻ ഇന്ത്യൻ താരമായ കുട്ടിയുടെ മാതാവ് നൽകിയ പരാതിയിൽ കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ് ; വിശദാംശങ്ങൾ നൽകുമോ;

(ഇ) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തൊക്കെ നടപടികൾ കൈക്കൊള്ളും എന്ന് വെളിപ്പെടുത്താമോ;

(എഫ്) പരിമിതമായ സൗകര്യത്തിൽ സ്വകാര്യ സ്കൂളുകളും കോളേജുകളും മികച്ച താരങ്ങളെ വാർത്തെടുക്കുമ്പോൾ മതിയായ സർക്കാർ ഫണ്ടും സൗകര്യങ്ങളും ലഭിച്ചിട്ടും സായ് കേന്ദ്രങ്ങൾ

നിലവാരമുള്ള താരങ്ങളെ സൃഷ്ടിക്കുന്നുണ്ടോ എന്ന കാര്യം സർക്കാർ പരിശോധിക്കുമോ; വിശദാംശങ്ങൾ നൽകുമോ;

(ജി) എങ്കിൽ സായ് കേന്ദ്രങ്ങളുടെ പ്രവർത്തനം അടിമുടി പരിഷ്കരിക്കാൻ എന്തെങ്കിലും പുതിയ സംവിധാനത്തിന് രൂപം നൽകുമോ എന്നറിയിക്കാമോ?

<u>ഈ സർക്കാർ അനുവദിച്ച സ്റ്റേഡിയങ്ങൾ</u>

3798. ശ്രീ.കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സംസ്ഥാനത്ത് ചെറുതും വലുതുമായ എത്ര സ്റ്റേഡിയങ്ങളാണ് അനുവദിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് സ്റ്റേഡിയം അനുവദിച്ചിട്ടുള്ളതെന്നും ഓരോന്നിന്റെയും പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച നിലവിലെ വിശദാംശങ്ങളും നൽകുമോ?

<u>പഞ്ചായത്തുകളിൽ കളിക്കളങ്ങളും നീന്തൽ പരിശീലന കേന്ദ്രങ്ങളും</u>

3799. ശ്രീ.ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും കളിക്കളങ്ങളും നീന്തൽ പരിശീലന കേന്ദ്രങ്ങളും പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്;

(സി) ആലപ്പുഴ ജില്ലയിൽ ഏതെല്ലാം പഞ്ചായത്തുകളിൽ ഈ പദ്ധതി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) മാവേലിക്കര മണ്ഡലത്തിലെ പഞ്ചായത്ത്-മുനിസിപ്പാലിറ്റികളിൽ പദ്ധതി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

<u>സ്റ്റേഡിയങ്ങളുടെ ശോചനീയാവസ്ഥ</u>

3800. ശ്രീ.എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിപാലനത്തിലും കായിക വകുപ്പിന്റെ പരിപാലനത്തിലുമുള്ള ചില സ്റ്റേഡിയങ്ങൾ അത്യന്തം ശോചനീയമായ അവസ്ഥയിലാണെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ ദുരവസ്ഥ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;എങ്കിൽ വിശദാംശം അറിയിക്കുമോ?

<u>കൊല്ലം ജില്ലയിലെ സ്പോർട്സ് യുവജനക്ഷേമ പദ്ധതികൾ</u>

3801. ശ്രീ.എം. നൗഷാദ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്പോർട്സ് കൗൺസിലിന്റെയും യുവജനക്ഷേമ ബോർഡിന്റെയും ആഭിമുഖ്യത്തിൽ കൊല്ലം ജില്ലയിൽ നടപ്പിലാക്കിവരുന്ന വിവിധ പദ്ധതി പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>കോന്നി മണ്ഡലത്തിൽ സ്പോർട്സ് സ്കൂൾ</u>

3802. ശ്രീ.കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ മലയോരമേഖലയിലെ കുട്ടികൾ കായിക രംഗത്ത് കാണിക്കുന്ന താത്പര്യം കണക്കിലെടുത്ത് കോന്നി നിയോജക മണ്ഡലത്തിൽ ഉയർന്ന നിലവാരത്തിലുള്ള ഒരു സ്പോർട്സ് സ്കൂൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) എങ്കിൽ ആയതിന് ആവശ്യമായ തുടർനടപടികൾ ത്വരിതപ്പെടുത്തുമോ?

<u>മലപ്പുറം ജില്ലയിൽ നിലവാരമുള്ള സ്റ്റേഡിയങ്ങളുടെ അപര്യാപ്തത</u>

3803. ശ്രീ.പി.ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫുട്ബോളിൽ നിരവധി ദേശീയ-അന്തർദേശീയ താരങ്ങളെ വാർത്തെടുത്ത മലപ്പുറം ജില്ലയിൽ നിലവാരമുള്ള സ്റ്റേഡിയങ്ങളുടെ അപര്യാപ്തത സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആഭ്യന്തര വകുപ്പിന്റെ ഉടമസ്ഥതയിലുള്ള മലപ്പുറം കുട്ടിലങ്ങാടി എം.എസ്.പി. മൈതാനം നവീകരിക്കുന്നതിനും തിരുവനന്തപുരം കാര്യവട്ടം മാതൃകയിൽ ഒരു അന്താരാഷ്ട്ര സ്റ്റേഡിയം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) ഇക്കാര്യത്തിൽ ആഭ്യന്തര വകുപ്പുമായി ബന്ധപ്പെട്ട് തുടർ നടപടികൾ സ്വീകരിക്കുമോ?

<u>സ്പോർട്സ് മെഡിസിൻ വിപുലീകരിക്കുന്നതിന് പദ്ധതികൾ</u>

3804. പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്പോർട്സും അതിനോട് ബന്ധപ്പെട്ട് കിടക്കുന്ന ശാസ്ത്ര ശാഖകളും ദിനംപ്രതി വളർച്ച നേടിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ പ്രസ്തുത മേഖലകളിലെ കണ്ടുപിടിത്തങ്ങൾ ഫലപ്രദമാംവിധം ഉപയോഗിക്കുന്നതിന് എന്തൊക്കെ കാര്യങ്ങളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) സ്പോർട്സ് മെഡിസിൻ വിപുലീകരിക്കുന്നതിന് വേണ്ടിയുള്ള പദ്ധതികൾ കായിക വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ;

(സി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഇടക്കൊച്ചി വില്ലേജിൽ ക്രിക്കറ്റ് സ്റ്റേഡിയം

3805. ശ്രീ.ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ ഇടക്കൊച്ചി വില്ലേജിൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ കൈവശമുള്ള ഇരുപത്തി നാല് ഏക്കർ ഭൂമിയിൽ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്ന വിഷയത്തിൽ നേരിടുന്ന തടസ്സങ്ങൾ ചർച്ച ചെയ്യുന്നതിനായി 23.12.2019 ൽ ചേർന്ന യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച ഫയൽ നമ്പർ എത്രയെന്ന് വെളിപ്പെടുത്താമോ?

വയനാട്ടിലെ പഞ്ചായത്തുകളിലെ കളിസ്ഥലങ്ങൾ

3806. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ പ്രഖ്യാപിത കായിക നയപ്രകാരം വയനാട് ജില്ലയിലെ ഏതെല്ലാം പഞ്ചായത്തുകളിൽ സ്വന്തമായി കളിസ്ഥലങ്ങൾ നിർമ്മിക്കുവാൻ സാധിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(ബി) സ്വന്തമായി കളിസ്ഥലമില്ലാത്ത പഞ്ചായത്തുകൾക്ക് കളിസ്ഥലം നിർമ്മിക്കാൻ ഫണ്ട് ലഭ്യമാകുമോ; ഇതിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

നെയ്യാറ്റിൻകര പരുത്തിയൂർ സ്റ്റേഡിയം നവീകരണം

3807. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര പൊഴിയൂരിലുള്ള പരുത്തിയൂർ സ്റ്റേഡിയം നവീകരിക്കുന്നതിനുള്ള എസ്റ്റിമേറ്റ് കായിക വകുപ്പ് എഞ്ചിനീയറിംഗ് വിഭാഗം പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏറ്റവും കൂടുതൽ ഫുട്ബോൾ കളിക്കാരുള്ള പൊഴിയൂരിലെ സ്റ്റേഡിയം നവീകരിക്കുന്നതിലെ കാലതാമസം എന്തുകൊണ്ടാണെന്ന് വിശദമാക്കുമോ?

കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം

3808. ശ്രീ.അബ്ദുൽ ഹമീദ് പി.

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള കേരള വോളന്ററി യൂത്ത് ആക്ഷൻ ഫോഴ്സിന്റെ പ്രവർത്തനം വിശദമാക്കാമോ;

(ബി) അപകടങ്ങളും പ്രകൃതി ദുരന്തങ്ങളും ഉണ്ടാവുമ്പോൾ പ്രസ്തുത സന്നദ്ധ സേനാംഗങ്ങളുടെ സേവനം

പ്രയോജനപ്പെടുത്താൻ ഉതകുന്ന തരത്തിൽ സേനാംഗങ്ങൾക്ക് ആവശ്യമായ സാഹസിക, കായിക പരിശീലനം നൽകുന്നതിന് പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

## യുവശക്തി പദ്ധതി

3809. ശ്രീ.സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് പഞ്ചായത്തുകൾ വഴി നടപ്പിലാക്കുന്ന യുവശക്തി പദ്ധതിയുടെ പഞ്ചായത്ത് യൂത്ത് കോ-ഓർഡിനേറ്റർമാരുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോ; ഇവരുടെ പ്രവർത്തനങ്ങൾ മോണിറ്ററിംഗ് നടത്താറുണ്ടോ;

(ബി) യുവശക്തി പദ്ധതി കൂടുതൽ കാര്യക്ഷമമായി നടത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) യുവശക്തി കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം വർദ്ധിപ്പിക്കാൻ സർക്കാർ നടപടികൾ സ്വികരിക്കുമോ എന്നറിയിക്കാമോ?

## യുവജനക്ഷേമ ബോർഡിൽ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തൽ

3810. ഡോ.എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡിൽ താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിന് ബോർഡ് ഭരണസമിതി യോഗം അംഗീകാരം നൽകിയിട്ടുണ്ടോഎന്നറിയിക്കാമോ;

(ബി) ഉണ്ടെങ്കിൽ എത്ര തസ്തികകളിലെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ഡി) യുവജനക്ഷേമ ബോർഡിന്റെ പ്രസ്തുത ശിപാർശകളിന്മേൽ സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു;

(ഇ) 2019 നവംബറിൽ കായിക - യുവജനക്ഷേമ വകുപ്പ്, യുവജനക്ഷേമ ബോർഡിനോട് താത്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുന്നതിനുള്ള ശിപാർശ നൽകാൻ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ സർക്കാർ ബോർഡിനോട് ആവശ്യപ്പെട്ട ശിപാർശയുടെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) സംസ്ഥാനത്ത് ക്ലാർക്ക്, പ്യൂൺ തസ്തികകൾക്ക് പി.എസ്.സി. റാങ്ക് പട്ടിക നിലനിൽക്കേ താത്കാലിക നിയമനം നേടിയ ആളുകളെ സ്ഥിരപ്പെടുത്തുന്നത് ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(ജി) ഇത്തരത്തിൽ സ്ഥിരപ്പെടുത്തുവാൻ ശിപാർശ ചെയ്തിരിക്കുന്ന ജീവനക്കാരുടെ പേര് വിവരം ലഭ്യമാക്കുമോ; താത്ക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തുമ്പോൾ പ്രസ്തുത സ്ഥാപനത്തിൽ സംവരണതത്വം അട്ടിമറിക്കപ്പെടുകയല്ലേ എന്ന് വ്യക്തമാക്കുമോ?

## മാനന്തവാടി അഗ്രിഫെസ്റ്റ് അഴിമതി ആരോപണവുമായി ബന്ധപ്പെട്ട അന്വേഷണം

3811. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് മാനന്തവാടിയിൽ നടന്ന അഗ്രിഫെസ്റ്റ് എന്ന പരിപാടിയുടെ അഴിമതി ആരോപണവുമായി ബന്ധപ്പെട്ട് യുവജനക്ഷേമ വകുപ്പ് നടത്തിയിട്ടുള്ള വകുപ്പുതല അന്വേഷണത്തിന്റെ റിപ്പോർട്ട് ലഭ്യമാക്കാമോ;

(ബി) പ്രസ്തുത അന്വേഷണം പൂർത്തിയായിട്ടുണ്ടോ; ഉണ്ടെങ്കിൽ റിപ്പോർട്ടിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(സി) പ്രസ്തുത പരിപാടിക്ക് യുവജനക്ഷേമ ബോർഡിൽ നിന്നും ചെലവഴിച്ച തുക സംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള അഴിമതി നടന്നിട്ടുള്ളതായി വകുപ്പിന് ബോധ്യപ്പെട്ടിട്ടുണ്ടോ;

(ഡി) യുവജനക്ഷേമ വകുപ്പിൽ നിന്നും പ്രസ്തുത പരിപാടിക്കായി ചെലവഴിച്ച തുകയുടെ ധനവിനിയോഗം സംബന്ധിച്ച മുഴുവൻ രേഖകളും ലഭ്യമാക്കാമോ?

## വൈദ്യുതി സർചാർജ്ജ്

3812. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിക്ക് മൂന്ന് മാസത്തേക്ക് യൂണിറ്റ് ഒന്നിന് പത്ത് പൈസ നിരക്കിൽ സർചാർജ്ജ് ഈടാക്കാൻ കെ.എസ്.ഇ.ബി തീരുമാനിച്ചിട്ടുണ്ടോ; ഇത് മൂലം ബി.പി.എൽ കുടുംബങ്ങളിൽപെട്ടവർ ഉൾപ്പെടെയുള്ളവർക്ക് വൻ ചാർജ്ജ് വർദ്ധനയുണ്ടാവുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 200 യൂണിറ്റ് വരെ പ്രതിമാസം വൈദ്യുതി ഉപയോഗിക്കുന്ന ഉപഭോക്താക്കളെ സർചാർജ്ജിൽ നിന്ന് ഒഴിവാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) സർചാർജ്ജ് ഏർപ്പെടുത്താനുണ്ടായ സാഹചര്യം വിശദമാക്കാമോ?

## വൈദ്യുതി ഉൽപാദനത്തിന് ഡാമുകളിലെ ജലലഭ്യത

3813. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡാമുകളിൽ ഇപ്പോൾ എത്ര മെഗാവാട് വൈദ്യുതി ഉൽപ്പാദിപ്പിക്കാനുള്ള ജലശേഖരമാണുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) ഇപ്പോഴുള്ള ജലലഭ്യത മുൻവർഷത്തെ അപേക്ഷിച്ച് കൂടുതലാണോ; വിശദീകരിക്കാമോ?

## നിലവാരമില്ലാത്ത പോസ്റ്റുകൾ

3814. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിന് പോസ്റ്റുകൾ നിർമ്മിച്ച് നൽകുന്നത് ഏതൊക്കെ കമ്പനികളാണെന്ന് അറിയിക്കാമോ;

(ബി) ഇതിൽ തമിഴ് നാട്ടിൽ നിന്നുള്ള ഗൗതം എന്ന കമ്പനിയെ നിലവാരമില്ലാത്ത പോസ്റ്റുകൾ നൽകിയതിനാൽ കരിമ്പട്ടികയിൽ ഉൾപ്പെടുത്തണമെന്ന് മുൻ ചീഫ് സേഫ്റ്റി കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്താമോ?

<u>വൈദ്യുതോല്പാദനവും ഉപഭോഗവും</u>

3815. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതിയുടെ ശരാശരി ഉപഭോഗം എത്ര മെഗാവാട്ടാണ്; ഇതിൽ എത്ര മെഗാവാട്ട് വൈദ്യുതി സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്നുണ്ട്; അവശേഷിക്കുന്ന വൈദ്യുതി ഇപ്പോൾ എങ്ങനെയാണ് കണ്ടെത്തുന്നത്;

(ബി) സംസ്ഥാനത്ത് എത്ര ജലവൈദ്യുത പദ്ധതികളാണ് ആകെ ഉള്ളത്; ഇവയിൽ എത്ര എണ്ണം ഇപ്പോൾ വൈദ്യുതോല്പാദനം നടത്തുന്നുണ്ട്; ഓരോന്നിലും എത്ര മെഗാവാട്ട് വീതം വൈദ്യുതോല്പാദനം നടത്തുന്നുണ്ട് എന്ന് വിശദമാക്കാമോ;

(സി) ഇനി എത്ര ദിവസത്തെ വൈദ്യുതി ഉല്പാദനത്തിനുള്ള വെള്ളം കൂടി കേരളത്തിലെ ഡാമുകളിൽ ഉണ്ട്;

(ഡി) വേനൽ കടുക്കുന്നതോടെ സംസ്ഥാനത്ത് പവർകട്ട്, ലോഡ് ഷെഡ്ഡിങ് എന്നിവ ഏർപ്പെടുത്തുന്ന സാഹചര്യമുണ്ടാകുമോ;

(ഇ) വേനൽ കടുക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ആവശ്യമായ അധിക വൈദ്യുതി എങ്ങനെ കണ്ടെത്താനാണ് തീരുമാനിച്ചിരിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>വൈദ്യുതിചാർജിനോടൊപ്പം സർചാർജ്</u>

3816. ശ്രീ.പി.ഉബൈദുള്ള
,, സി.മമ്മൂട്ടി
,, പി.കെ.ബഷീർ
,, പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിചാർജിനോടൊപ്പം സർചാർജ് ഈടാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) സർചാർജ് ഈടാക്കേണ്ട സാഹചര്യം വിശദമാക്കുമോ;

(സി) സർചാർജ് വർദ്ധനവ് പൊതുജനങ്ങളെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ അത് ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>'ട്രാൻസ് ഗ്രിഡ്' പദ്ധതി</u>

3817. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണ വിതരണ നഷ്ടം കുറയ്ക്കുന്നതിനായി 'ട്രാൻസ് ഗ്രിഡ്' പദ്ധതി എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനായി എത്ര തുക ആവശ്യമായി വരുമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(സി) ഏത് രീതിയിലാണ് ഈ പദ്ധതി നടപ്പിലാക്കാൻ തീരുമാനം എടുത്തിട്ടുള്ളത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ട്രാൻസ് ഗ്രിഡ് പദ്ധതിക്കായി കിഫ്ബിയിൽ നിന്നും എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്; ആയതിനു കിഫ്ബിക്ക് എത്ര ശതമാനം പലിശയാണ് നൽകേണ്ടത്;

(ഇ) 'ട്രാൻസ് ഗ്രിഡ്' പദ്ധതി നടപ്പിലാക്കുന്നതിലൂടെ പ്രസരണ നഷ്ടം എത്ര ശതമാനം കുറയ്ക്കാൻ കഴിയും ;

(എഫ്) അതിലൂടെ പ്രതിവർഷം എത്ര മെഗാവാട്ട് വൈദ്യുതി ലാഭിക്കാൻ കഴിയും; പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലൂടെ എത്ര രൂപ നേടാൻ കഴിയും ; വ്യക്തമാക്കാമോ?

<u>'ഊർജ്ജമിത്ര' എന്ന അക്ഷയ ഊർജ്ജകേന്ദ്രം</u>

3818. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന "ഊർജ്ജമിത്ര" എന്ന അക്ഷയ ഊർജ്ജ കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) മണലൂർ നിയോജക മണ്ഡലത്തിൽ ഇത്തരം ഒരു കേന്ദ്രം സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

<u>പഴയ ഗാർഹിക മീറ്റർ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ</u>

3819. ശ്രീ.മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി വകുപ്പിന്റെ കീഴിലുള്ള പഴയ ഗാർഹിക മീറ്റർ മാറ്റി പുതിയ ഇലക്ട്രോണിക് മീറ്റർ വയ്ക്കുന്ന പദ്ധതികൾ പൂർത്തിയായോയെന്ന് വിശദമാക്കാമോ;

(ബി) എല്ലാ ഗാർഹിക ഉപഭോക്താക്കൾക്കും ഇലക്ട്രോണിക് മീറ്റർ വയ്ക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്ന് പദ്ധതി പൂർത്തീകരിക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കാമോ?

<u>പുതിയ വൈദ്യുതി കണക്ഷൻ</u>

3820. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വൈദ്യുതി കണക്ഷന് അപേക്ഷിക്കുമ്പോൾ നിലവിലുള്ള നിബന്ധനകൾ എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) എന്തൊക്കെ നിബന്ധനകളാണ് ഒഴിവാക്കിയിരിക്കുന്നത്;

(സി) ഇതു പ്രകാരം വൈദ്യുതി കണക്ഷന് അപേക്ഷിച്ചാൽ എത്ര ദിവസത്തിനകം കണക്ഷൻ നൽകാനാകുമെന്ന് വെളിപ്പെടുത്തുമോ ?

<u>സ്വകാര്യ അൺ എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള വൈദ്യുതി നിരക്ക്</u>

3821. ശ്രീ.വി.ഡി.സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും എയ്ഡഡ് സ്ഥാപനങ്ങൾക്കും കുറഞ്ഞ വൈദ്യുതി നിരക്കാണോ ഈടാക്കുന്നതെന്ന് അറിയിക്കാമോ;

(ബി) സ്വകാര്യ അൺ എയ്ഡഡ് സ്ഥാപനങ്ങളെ വാണിജ്യ ഗണത്തിലാണോ ഉൾപ്പെടുത്തിയിട്ടുള്ളത്; അതിന്റെ അടിസ്ഥാനമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വാണിജ്യ ഗണത്തിൽപ്പെടുത്തി വൈദ്യുതി നിരക്ക് നിശ്ചയിച്ച സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ നടപടി സ്കൂൾ മാനേജർമാർ സുപ്രീംകോടതിയിൽ ചോദ്യം ചെയ്തിരുന്നോ; എങ്കിൽ ഇക്കാര്യത്തിലുള്ള സുപ്രീംകോടതി വിധി എന്താണെന്ന് വ്യക്തമാക്കുമോ?

<u>വൈദ്യുതി നിരക്ക് വർദ്ധന</u>

3822. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്താമോ;എങ്കിൽ അതിന്റെ വിശദാംശങ്ങൾ നൽകാമോ;

(ബി) എന്തു കാരണത്താലാണ് വൈദ്യുതി നിരക്ക് വർദ്ധിപ്പിച്ചതെന്ന് വിശദമാക്കുമോ?

<u>കായംകുളം താപനിലയം</u>

3823. ശ്രീമതിഷാനിമോൾ ഉസ്മാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന് നൽകുവാനുള്ള ഫിക്സഡ് ചാർജ് സംബന്ധിച്ച് വൈദ്യുതി ബോർഡും എൻ.ടി.പി.സി.യും തമ്മിൽ എന്തെങ്കിലും തർക്കം നിലവിലുണ്ടോ;

(ബി) കുടിശ്ശിക തുക അടച്ചില്ലെങ്കിൽ മാർച്ച് 10 കഴിഞ്ഞ് കേരളത്തിന് മറ്റ് നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിതരണം നിർത്തിവെയ്ക്കുമെന്ന് നോട്ടീസ് നൽകിയിട്ടുണ്ടോ;

(സി) സംസ്ഥാനം രൂക്ഷമായ വേനൽ ചൂട് അഭിമുഖീകരിക്കുന്ന ഈ സാഹചര്യത്തിൽ എൻ.ടി.പി.സി. യുടെ

ഇപ്രകാരമുള്ള നടപടി മറികടക്കുവാൻ എന്ത് ഇടപെടലാണ് വകുപ്പ് നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>വൈദ്യുതി നിരക്കിലെ വർധനവ്</u>

3824. **ശ്രീ.മുല്ലക്കര രത്നാകരൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വൈദ്യുതിനിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ;

(ബി) കെ.എസ്.ഇ.ബി വൈദ്യുതിനിരക്ക് ഇനിയും വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ ;

(സി) വൈദ്യുതിനിരക്ക് വർദ്ധനവിലൂടെ എത്ര അധിക വരുമാനമാണ് കെ.എസ്.ഇ.ബി ലക്ഷ്യമാക്കുന്നതെന്ന് വെളിപ്പെടുത്താമോ?

<u>ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ</u>

3825. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ നേതൃത്വത്തിൽ എത്ര ഇലക്ട്രിക് വാഹന ചാർജ്ജിംഗ് സ്റ്റേഷനുകൾ പ്രവർത്തിക്കുന്നുണ്ട്; ചാർജ്ജിംഗ് സ്റ്റേഷനുകൾ എവിടെയെല്ലാമാണെന്ന് അറിയിക്കുമോ?

<u>വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിൽ ഇളവ്</u>

3826. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സർക്കാർ, എയിഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വൈദ്യുതി നിരക്കിൽ ഇളവ് നൽകുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഊർജരംഗത്ത് കാര്യക്ഷമത</u>

3827. **ശ്രീ.പി.സി. ജോർജ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജരംഗത്ത് കാര്യക്ഷമത കൈവരിക്കുന്നതിനായി സംസ്ഥാനം സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കുമോ;

(ബി) വൈദ്യുതി കുടിശ്ശിക പൂർണ്ണമായും ശേഖരിച്ച് ബോർഡിന്റെ സാമ്പത്തിക ഭദ്രത ഉറപ്പാക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഒരു ലക്ഷം രൂപയിൽ കൂടുതൽ കുടിശ്ശിക നൽകാനുള്ള സ്ഥാപനത്തിന്റെയോ വ്യക്തികളുടേയോ പേരുവിവരം വെളിപ്പെടുത്തുമോ; ആയത് പിരിച്ചെടുക്കുന്നതിന് നാളിതുവരെ സ്വീകരിച്ച നടപടികൾ

വ്യക്തമാക്കുമോ?

<u>കോൺക്രീറ്റ് പോസ്റ്റുകൾക്ക് പകരം 'എ പോൾ' പോസ്റ്റുകൾ</u>

3828. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി ലൈൻ വലിക്കുന്ന കോൺക്രീറ്റ് പോസ്റ്റുകൾക്ക് പകരം 'എ പോൾ' പോസ്റ്റുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) സാധാരണ കോൺക്രീറ്റ് പോസ്റ്റിന് കെ.എസ്.ഇ.ബി.യുടെ നിർമ്മാണ ചെലവ്/പുറത്ത് വാങ്ങുന്ന നിരക്ക് എത്രയെന്ന് അറിയിക്കാമോ; ഉപഭോക്താക്കളിൽ നിന്ന് കെ.എസ്.ഇ.ബി. ഇതിന് ഈടാക്കുന്ന വില എത്രയെന്നും വ്യക്തമാക്കാമോ;

(സി) 'എ പോൾ' പോസ്റ്റിന്റെ നിർമ്മാണചെലവ്/പുറത്ത് നിന്നും വാങ്ങുന്ന നിരക്ക് എത്രയെന്ന് അറിയിക്കാമോ; ഉപഭോക്താക്കളിൽ നിന്നും ഇതിന് ഈടാക്കുന്ന നിരക്ക് എത്രയെന്നും അറിയിക്കാമോ?

<u>വൻകിട പ്രസരണ ലൈനുകളുടെ നിർമ്മാണം</u>

3829. ശ്രീ.പി.ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ബോർഡ് വൻകിട പ്രസരണ ലൈനുകളുടെ നിർമ്മാണത്തിന് ടെൻഡർ വിളിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ പ്രവൃത്തികളുടെ എന്നറിയിക്കാമോ;

(ബി) കെ.എസ്.ഇ.ബി.യുടെ വലിയ പ്രസരണ ലൈനുകളുടെ നിർമ്മാണ ജോലി ഏറ്റെടുക്കുവാൻ കരാറുകാർ മടിക്കുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത സാഹചര്യത്തിൽ ടെൻഡർ തുക വർദ്ധിപ്പിച്ച് നൽകണമെന്ന് കെ.എസ്.ഇ.ബി. സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) നിലവിൽ ടെൻഡർ തുകയുടെ എത്ര ശതമാനം വർദ്ധനവ് അനുവദിക്കുവാനാണ് ബോർഡിന് ധനവകുപ്പ് അനുമതി നൽകിയിട്ടുള്ളത്;

(ഇ) ഈ പ്രവൃത്തികൾക്ക് ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുവാനാണോ ടെൻഡർ തുക വർദ്ധിപ്പിച്ച് നൽകണമെന്ന് സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>പുരപ്പുറ വൈദ്യുതി ഉല്പാദന പദ്ധതി</u>

3830. ശ്രീ.സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. നടപ്പിലാക്കുന്ന പുരപ്പുറത്തെ വൈദ്യുതി ഉല്പാദന പദ്ധതി സംസ്ഥാനത്ത് ഉടനീളം നടപ്പിലാക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും പൊതുമേഖലാ സ്ഥാപനങ്ങളെയും പുരപ്പുറ വൈദ്യുതി ഉല്പാദക പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് പരിഗണനയിലുണ്ടോ എന്ന് അറിയിക്കുമോ?

## പുനരാരംഭിച്ച വൈദ്യുത പദ്ധതികൾ

3831. ശ്രീ.സജി ചെറിയാൻ

,, എസ്.രാജേന്ദ്രൻ

,, ബി.ഡി. ദേവസ്സി

,, കെ.യു. ജനീഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് നിർമ്മാണം മുടങ്ങിക്കിടന്നിരുന്നതും ഈ സർക്കാരിന്റെ കാലത്ത് പുനരാരംഭിച്ചിട്ടുള്ളതുമായ വൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ കമ്മീഷൻ ചെയ്തിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(സി) നിർമ്മാണത്തിലിരിക്കുന്ന വിവിധ പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിന് പ്രോജക്ട് മോണിറ്ററിംഗ് സെൽ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ട്രാൻസ്ഗ്രിഡ് 2.0 പദ്ധതി

3832. ശ്രീ.റോജി എം. ജോൺ

,, കെ.എസ്.ശബരീനാഥൻ

,, എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ട്രാൻസ്ഗ്രിഡ് 2.0 പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ അഴിമതി ആരോപണം നേരിടുന്ന സ്റ്റെർലൈറ്റ് കമ്പനിക്ക് തന്നെ രണ്ടാം ഘട്ട പ്രവർത്തനത്തിന്റെ കരാർ നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ട്രാൻസ്ഗ്രിഡ് സംബന്ധിച്ച കരാറുകളിൽ കിഫ്ബിയിൽ നിന്നും ലഭ്യമാക്കുന്ന തുക കെ.എസ്.ഇ.ബി.യാണോ തിരിച്ചടക്കേണ്ടത്; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) ത്രികക്ഷി കരാറിലെ ക്ലോസ്സ് നാലിന്റെ അടിസ്ഥാനത്തിൽ തിരിച്ചടവ് സംബന്ധിച്ച കരാർ സർക്കാരും കിഫ്ബിയും തമ്മിൽ ഏർപ്പെട്ടിട്ടുണ്ടോ;

(ഡി) സർക്കാർ ഖജനാവിന് മേൽ ബാധ്യത വരുത്തി വയ്ക്കുന്ന ഈ കരാറുകളിൽ സർക്കാരിന്റെ നിബന്ധനകൾ പാലിക്കേണ്ടതല്ലേ എന്ന് വ്യക്തമാക്കുമോ?

## മണലൂർ മണ്ഡലത്തിലെ ദ്യുതി 2021 പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ

3833. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-2022 കാലയളവിൽ വിതരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനുള്ള ദ്യുതി 2021 പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ നടപ്പാക്കുന്ന 3466 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ എന്ന് പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കാമോ?

<u>വൈദ്യുതാവശ്യകത നിറവേറ്റൽ</u>

3834. ശ്രീ.എൻ. ഷംസുദ്ദീൻ

,, വി.കെ.ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ വൈദ്യുതാവശ്യകത നിറവേറ്റുന്നതിന് വേണ്ടി ഇപ്പോൾ സംസ്ഥാനത്തിന് പുറത്തു നിന്നും വൈദ്യുതി വാങ്ങുന്നുണ്ടോ; എങ്കിൽ എവിടെ നിന്ന്, എത്ര മെഗാവാട്ട് വൈദ്യുതി, എന്തു തുക ചെലവഴിച്ച് വാങ്ങുന്നു എന്നതിന്റെ വിശദാംശം നൽകുമോ?

<u>വടാട്ടുപാറ പലവൻ പടിയിൽ നിന്നും കുട്ടമ്പുഴയിലേക്ക് വൈദ്യുതി ലൈൻ</u>

3835. ശ്രീ.ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി. ഇടമലയാർ പവർഹൗസിൽ നിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി ഭൂതത്താൻകെട്ട്-കീരംപാറ-പുന്നേക്കാട് തട്ടേക്കാട് വഴി 32 കി.മീ. ദൂരം ലൈൻ സ്ഥാപിച്ച് കുട്ടമ്പുഴയിൽ എത്തിക്കുന്നതിനാൽ പ്രസരണ നഷ്ടവും വോൾട്ടേജ് ക്ഷാമവും കുട്ടമ്പുഴയിൽ രൂക്ഷമാകുന്നത് സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) വടാട്ടുപാറ പലവൻ പടിയിൽ നിന്നും കുട്ടമ്പുഴയിലേക്ക് 5 കി.മീ. മാത്രം ലൈൻ വലിച്ച് വൈദ്യുതി എത്തിച്ചാൽ പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ കഴിയും എന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് കുട്ടമ്പുഴ പഞ്ചായത്ത് കമ്മിറ്റി നല്കിയിട്ടുള്ള നിവേദനം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ;

(ഡി) പ്രസ്തുത നിവേദനത്തിൽ സ്വീകരിച്ച തുടർനടപടി വിശദമാക്കാമോ;

(ഇ) ഇത്തരത്തിൽ വടാട്ടുപാറയിൽ നിന്നും കുട്ടമ്പുഴയിലേക്ക് ലൈൻ വലിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ; വിശദമാക്കാമോ?

<u>നിർമ്മാണം പുരോഗമിക്കുന്ന ജല വൈദ്യുത പദ്ധതികൾ</u>

3836. ശ്രീ.റ്റി.വി.രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം പുരോഗമിക്കുന്ന പ്രധാനപ്പെട്ട ജലവൈദ്യുത പദ്ധതികൾ ഏതൊക്കെയാണ്; പ്രസ്തുത പദ്ധതികൾ എപ്പോഴേക്ക് പൂർത്തിയാക്കാൻ കഴിയും;

(ബി) എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാനാണ് ഇതുവഴി ലക്ഷ്യമിടുന്നത്; വിശദമാക്കാമോ;

(സി) സംസ്ഥാനത്ത് കൂടുതൽ ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

<u>മൈലാട്ടി ഡീസൽ പവർ പ്ലാന്റ്</u>

3837. ശ്രീ.കെ.കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൈലാട്ടി ഡീസൽ പവർ പ്ലാന്റിന്റെ പ്രവർത്തനം നിർത്തിയിട്ട് എത്ര കാലമായി;

(ബി) കെ.പി.സി.എൽ. ഉം കെ.എസ്.ഇ .ബി. ലിമിറ്റഡുമായുള്ള വൈദ്യുതി വാങ്ങൽ കരാറിന്റെ കാലാവധി എന്നാണ് അവസാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കെ.പി.സി.എൽ. ഉം കെ.എസ്.ഇ .ബി. ലിമിറ്റഡുമായുള്ള ഫൈനൽ സെറ്റിൽമെന്റ് സംബന്ധിച്ച തീരുമാനം ആയിട്ടുണ്ടോ;

(ഡി) എൻ.എച്ച്-66 നോട് ചേർന്നുള്ള പ്രസ്തുത പ്ലാന്റ് സ്ഥിതി ചെയ്യുന്ന 8.921 ഏക്കർ സ്ഥലം എന്ത് ചെയ്യാനാണ് കെ.എസ്.ഇ .ബി. ആലോചിക്കുന്നത്; വിശദാംശങ്ങൾ അറിയിക്കാമോ?

<u>വൈദ്യുതി ഉല്പാദന-വിതരണ രംഗം കാര്യക്ഷമമാക്കാനുള്ള നടപടികൾ</u>

3838. ശ്രീ.കെ.ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ഉല്പാദന-വിതരണ രംഗം കൂടുതൽ കാര്യക്ഷമമാക്കാനുള്ള എന്തെല്ലാം നടപടികൾ ഈ സർക്കാർ സ്വീകരിച്ചുവരുന്നു എന്ന് വ്യക്തമാക്കുമോ;

(ബി) നിലവിലെ കേന്ദ്ര സർക്കാരിന്റെ കേന്ദ്ര വൈദ്യുതി നിയമ ഭേദഗതി സംസ്ഥാനങ്ങളുടെ അധികാര പരിധി പൂർണ്ണമായും ഇല്ലാതാക്കാനായുള്ളതാണെന്നും ആയത് കേരളത്തെ എത്തരത്തിൽ ബാധിയ്ക്കുമെന്നും സർക്കാർ പരിശോധിച്ചുവോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ നിന്നും കേരള സംസ്ഥാന വൈദ്യുതിമേഖലയുടെ ഉല്പാദന-വിതരണ രംഗത്തെ സംരക്ഷിക്കാനായി ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

<u>വൈദ്യുതി ഉല്പാദനവും വാങ്ങലും</u>

3839. ശ്രീ.അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18, 2018-19 വർഷങ്ങളിൽ സംസ്ഥാനത്ത് എത്ര മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിച്ചു എന്ന വിവരം ഹൈഡൽ, സോളാർ, കാറ്റാടി, തെർമൽ എന്നിങ്ങനെ ഇനം തിരിച്ച് അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ മേൽ ഇനങ്ങളിൽ സംസ്ഥാനത്തിന് പുറമേനിന്ന് എത്ര മെഗാവാട്ട് വൈദ്യുതി വാങ്ങി എന്ന വിവരം ഇനം തിരിച്ച് ലഭ്യമാക്കുമോ?

<u>കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും വൈദ്യുതി</u>

3840. ശ്രീ.അൻവർ സാദത്ത്

,, ഐ.സി.ബാലകൃഷ്ണൻ

,, വി.ടി.ബൽറാം

,, എ.പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപവൈദ്യുത നിലയത്തിൽ നിന്നും കെ.എസ്.ഇ.ബി. വൈദ്യുതി വാങ്ങുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) വൈദ്യുതി വാങ്ങാത്ത സാഹചര്യത്തിലും കെ.എസ്.ഇ.ബി. എൻ.ടി.പി.സിക്ക് ഫിക്സഡ് ചാർജ്ജ് ഇനത്തിൽ തുക അടക്കേണ്ടതുണ്ടോ; എങ്കിൽ പ്രതിവർഷം എന്ത് തുകയാണ് ഈ ഇനത്തിൽ നൽകേണ്ടത്;

(സി) കായംകുളത്ത് നിന്നും വൈദ്യുതി വാങ്ങാത്ത സാഹചര്യത്തിൽ നിലയത്തിന്റെ പരിപാലന ചെലവ് മാത്രം കെ.എസ്.ഇ.ബി. നൽകിയാൽ മതിയെന്ന ധാരണയുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഇപ്രകാരം അടക്കേണ്ടത്;

(ഡി) ഈ ധാരണ എൻ.ടി.പി.സി. അംഗീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവർ ആവശ്യപ്പെടുന്നത് എത്ര തുകയാണ് എന്ന് അറിയിക്കുമോ?

<u>കായംകുളം താപനിലയത്തിലെ വൈദ്യുതി ഉൽപ്പാദനം</u>

3841. ശ്രീ. എൻ .എ.നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കാറുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ നാഷണൽ തെർമൽ പവർ കോർപ്പറേഷനും വൈദ്യുതി ബോർഡും തമ്മിൽ എന്ത് തർക്കമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) എൻ.ടി.പി.സിയുടെ കണക്കിൽ കുടിശ്ശികയുണ്ടോ; ഈ കുടിശ്ശിക എങ്ങനെയാണ് വന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുടിശ്ശിക അടച്ചില്ലെങ്കിൽ കേരളത്തിന് തങ്ങളുടെ മറ്റ് നിലയങ്ങളിൽ നിന്നുള്ള വൈദ്യുതി വിതരണം നിർത്തിവെക്കുമെന്ന് കെ.എസ്.ഇ.ബിക്ക് എൻ.ടി.പി.സി. നോട്ടീസ് നൽകിയിട്ടുണ്ടോ; എങ്കിൽ ഉണ്ടായേക്കാവുന്ന പ്രതിസന്ധി തരണം ചെയ്യാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ

ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>വൈദ്യുത ചാര്‍ജ് വര്‍ദ്ധന</u>

3842. **ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഈ സര്‍ക്കാര്‍ അധികാരമേറ്റത് മുതല്‍ നാളിതുവരെ എത്ര തവണ വൈദ്യുത ചാര്‍ജില്‍ വര്‍ദ്ധനവ് വരുത്തിയിട്ടുണ്ടെന്നും ഓരോതവണയും ഉള്ള വര്‍ദ്ധനയുടെ നിരക്ക് എത്രയാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത വര്‍ദ്ധനകള്‍ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്‍ നിര്‍ദ്ദേശ പ്രകാരമാണോ അതോ കെ.എസ്.ഇ.ബി. യുടെ ആവശ്യപ്രകാരമാണോ നടപ്പിലാക്കിയതെന്ന് അറിയിക്കുമോ?

<u>വൈദ്യുതി ബില്‍ കുടിശ്ശിക</u>

3843. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) വൈദ്യുതി ബില്‍ കുടിശ്ശികയിനത്തില്‍ വിവിധ വകുപ്പുകളില്‍ നിന്നും സ്ഥാപനങ്ങളില്‍ നിന്നും കിട്ടാനുള്ള തുക എത്രയെന്ന് വിശദമാക്കുമോ;

(ബി) ഓരോ സ്ഥാപനവും നല്‍കാനുള്ള കുടിശ്ശിക സംബന്ധിച്ച വിശദാംശം നല്‍കുമോ?

<u>സമ്പൂര്‍ണ്ണ വൈദ്യുതീകൃത സംസ്ഥാനം</u>

3844. **ശ്രീ.എ. എന്‍. ഷംസീര്‍ :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) കേരളത്തെ സമ്പൂര്‍ണ്ണ വൈദ്യുതീകൃത സംസ്ഥാനമാക്കുന്നതിന് എന്തൊക്കെ കാര്യങ്ങള്‍ ആണ് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സര്‍ക്കാര്‍ അധികാരത്തില്‍ വന്നതിന് ശേഷം എത്ര പുതിയ വൈദ്യുത കണക്ഷന്‍ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഊര്‍ജ്ജ സംരക്ഷണ നടപടികള്‍</u>

3845. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നല്‍കുമോ:

(എ) ഊര്‍ജ്ജ സംരക്ഷണത്തിന് വൈദ്യുതി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികള്‍ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഊര്‍ജ്ജ സംരക്ഷണത്തിനായി ബോധവത്കരണ പരിപാടികള്‍ സംഘടിപ്പിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

## മണലൂർ മണ്ഡലത്തിലെ പുരപ്പുറ സോളാർ പദ്ധതി

3846. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുനരുപയോഗ ഊർജ്ജസ്രോതസുകളുടെ വ്യാപനം ലക്ഷ്യമാക്കി സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന പുരപ്പുറ സോളാർ പദ്ധതിയുടെ നടപടിയുടെ വിശദാംശങ്ങൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ എത്ര പുരപ്പുറ സോളാർ നിലയങ്ങൾക്ക് അനുമതി ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

## പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന് പദ്ധതികൾ

3847. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകൾ പ്രയോജനപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഇതിൽ നിന്നും എത്ര മെഗാ വാട്ട് വൈദ്യുതി പ്രതിവർഷം ശരാശരി ഉത്പാദിപ്പിക്കുന്നുവെന്ന് വിശദീകരിക്കുമോ;

(സി) പൊതുവിദ്യാലയങ്ങളുടെയും സർക്കാർ ഓഫീസുകളുടെയും കെട്ടിടങ്ങളുടെ റൂഫിൽ സോളാർ പാനലുകൾ സ്ഥാപിക്കുമോ; വിശദീകരിക്കുമോ?

## കോഴിക്കോട് ജില്ലയിൽ ജോലിക്കിടെ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടവർ

3848. ശ്രീ.കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കഴിഞ്ഞ പത്ത് വർഷത്തിനിടെ ജോലിക്കിടെ വൈദ്യുതാഘാതമേറ്റ് മരണപ്പെട്ടത് (സ്ഥിരം, താൽക്കാലികം ജീവനക്കാർ ഉൾപ്പെടെ) എത്ര പേരാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഏറ്റവും കൂടുതൽ മരണം സംഭവിച്ച ആദ്യ പത്ത് കെ.എസ്.ഇ.ബി. സെക്ഷനുകളുടെ പേരും, മരണപ്പെട്ടവരുടെ എണ്ണവും വ്യക്തമാക്കാമോ?

## കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളിൽ ഓവർസിയർമാരുടെ എണ്ണം

3849. ശ്രീ.ടി.ജെ. വിനോദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വൈദ്യുതി ബോർഡിലെ സെക്ഷൻ ഓഫീസുകളിൽ ഓവർസിയർമാരുടെ എണ്ണം ആറിൽ നിന്ന് അഞ്ച് ആയി കുറയ്ക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) കുറയ്ക്കുന്ന ഒരാൾക്ക് പകരം കോൺട്രാക്ടിൽ ആളെ നിയമിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ നിയമനം ഏതു വിധത്തിൽ എന്ന് വ്യക്തമാക്കുമോ?

<u>നെന്മാറ മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് പ്രവർത്തനങ്ങൾ</u>

3850. **ശ്രീ.കെ. ബാബു :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെന്മാറ നിയോജകമണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ;

(ബി) അയിലൂർ പഞ്ചായത്തിലെ സെക്ഷൻ ഓഫീസിന്റെ നിർമ്മാണം ഏത് ഘട്ടംവരെയായെന്നും ആയത് എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

<u>കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന് മുകളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിന് നടപടി</u>

3851. **ശ്രീ.പി.ടി.എ. റഹീം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം മിനി സിവിൽ സ്റ്റേഷന് മുകളിൽ സൗരോർജ്ജ സംവിധാനം സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ നടത്തിപ്പ് ചുമതല ആരെ ഏൽപ്പിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) മിനി സിവിൽ സ്റ്റേഷനിലേക്ക് ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന കെ.എസ്.ഇ.ബി. ഓഫീസ് മാറ്റി സ്ഥാപിക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) മിനി സിവിൽ സ്റ്റേഷനിലേക്കാവശ്യമായ ട്രാൻസ്ഫോർമർ സ്ഥാപിക്കുന്നതിന് എത്ര തുകയാണ് ചെലവായിട്ടുള്ളത്; ഈ തുക കണ്ടെത്തിയത് ഏതുവിധമാണ് എന്ന് വ്യക്തമാക്കാമോ?

<u>കോഴിക്കോട് ജില്ലയിലെ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകൾ</u>

3852. **ശ്രീ.കെ. ദാസൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ ആകെ എത്ര കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസുകളാണ് ഉള്ളത്;ഓരോന്നിന്റെയും പേര് വിവരം ലഭ്യമാക്കാമോ;

(ബി) ഓരോ സെക്ഷനും കീഴിലുള്ള ആകെ ജീവനക്കാരുടെ എണ്ണം, കൺസ്യൂമർമാരുടെ എണ്ണം എന്നിവ പട്ടികയായി ലഭ്യമാക്കാമോ?

പെരുമ്പത്തൂർ നിവാസികളെ അകമ്പാടം സെക്ഷൻ പരിധിയിൽ കൊണ്ടുവരുവാൻ നടപടി

3853. ശ്രീ.പി.കെ.ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറനാട് മണ്ഡലത്തിലെ ചാലിയാർ ഗ്രാമപഞ്ചായത്തിലെ പെരുമ്പത്തൂർ നിവാസികളെ കെ.എസ്.ഇ.ബി.യുടെ പോത്തുകല്ല് സെക്ഷൻ ഓഫീസിന്റെ പരിധിയിലാണോ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ബി) പ്രസ്തുത സെക്ഷൻ ഓഫീസ് പരിധിയിൽ നിലവിൽ എത്ര ഉപഭോക്താക്കളുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ചാലിയാർ പഞ്ചായത്ത് പരിധിയിൽപ്പെട്ട പെരുമ്പത്തൂർ പ്രദേശത്ത് താമസിക്കുന്ന ആളുകൾക്ക് ഇരുപത്തി അഞ്ച് കിലോമീറ്ററോളം സഞ്ചരിച്ചാൽ മാത്രമേ പോത്തുകല്ല് സെക്ഷൻ ഓഫീസിൽ എത്താൻ കഴിയൂ എന്നതിനാലും പോത്തുകല്ല് സെക്ഷൻ ഓഫീസിലെ സേവനങ്ങൾ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നു എന്നതിനാലും ഈ ഉപഭോക്താക്കളെ അകമ്പാടം കെ.എസ്.ഇ.ബി. സെക്ഷൻ പരിധിയിൽ കൊണ്ടുവരണമെന്നാവശ്യപ്പെട്ട് എന്തെങ്കിലും അപേക്ഷകൾ ലഭിച്ചിരുന്നോ; എങ്കിൽ പ്രസ്തുത അപേക്ഷകളിൽ എന്ത് നടപടി സ്വീകരിച്ചു;

(ഡി) ഇല്ലെങ്കിൽ പ്രസ്തുത അപേക്ഷകൾ പരിഗണിച്ച് നിലവിൽ പോത്തുകല്ല് സെക്ഷൻ പരിധിയിൽ ഉള്ള പെരുമ്പത്തൂർ നിവാസികളെ അകമ്പാടം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പരിധിയിൽ കൊണ്ടു വരുന്ന കാര്യം അടിയന്തരമായി പരിഗണിക്കുമോ?

ഒലവക്കോട് പുതിയതായി ഉദ്ഘാടനം ചെയ്ത സബ്സ്റ്റേഷൻ

3854. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഒലവക്കോട് പുതിയതായി ഉദ്ഘാടനം ചെയ്ത സബ്സ്റ്റേഷൻ ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്താണ് കാരണം ; കോടികൾ മുടക്കി നിർമ്മിച്ച സബ് സ്റ്റേഷൻ പ്രവർത്തന സജ്ജമാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ?

കെ.എസ്.ഇ.ബി.യിലെ മീറ്റർ റീഡർ തസ്തിക

3855. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യിൽ മീറ്റർ റീഡർമാരുടെ എത്ര തസ്തികകളാണ് ഉള്ളത് എന്നറിയിക്കാമോ;

(ബി) ആയതിൽ സ്ഥിരം ജീവനക്കാർ എത്രയെന്നും കരാർ ജീവനക്കാർ എത്രയെന്നും അറിയിക്കാമോ;

(സി) ഈ തസ്തികയിൽ നിലവിൽ എത്ര ഒഴിവുകൾ ഉണ്ടെന്ന് അറിയിക്കാമോ;

(ഡി) നിലവിലുള്ള ഒഴിവുകളിൽ എത്രയെണ്ണം കേരള പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്ന് അറിയിക്കുമോ; റിപ്പോർട്ട് ചെയ്യാത്തവ എത്രയാണ് ;

(ഇ) കേരള പി.എസ്.സി.യ്ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ ഉണ്ടെങ്കിൽ എത്രയെന്നും ആയതിനുള്ള കാരണവും അറിയിക്കാമോ;

<u>നിലമ്പൂർ മണ്ഡലത്തിലുള്ള കെ.എസ്.ഇ.ബി.യിലെ താൽക്കാലിക ജീവനക്കാർ</u>

3856. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നിലമ്പൂർ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി.യുടെ എത്ര ഓഫീസ് പ്രവർത്തിക്കുന്നുണ്ട്; ഓരോ ഓഫീസിലും പ്രവർത്തിക്കുന്ന താൽക്കാലിക ജീവനക്കാരുടെ പേരും ഡെസിഗ്നേഷനും സെക്ഷൻ തിരിച്ച് ലഭ്യമാക്കാമോ?

<u>പാലക്കാട് ജില്ലയിലെ വൈദ്യുത അദാലത്ത്</u>

3857. **ശ്രീ.ഷാഫി പറമ്പിൽ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ വൈദ്യുത അദാലത്ത് നടത്തി എത്ര പരാതികൾ പരിഹരിച്ചു;

(ബി) ഈ പരാതികൾ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി.ക്ക് എത്ര രൂപയുടെ ചെലവ് വന്നു; ഈ തുക സർക്കാർ ലഭ്യമാക്കുമോ; ലഭ്യമാക്കുമെങ്കിൽ ബോർഡിന് ലഭിക്കേണ്ട തുക എത്ര എന്ന് വ്യക്തമാക്കുമോ;

(സി) ബോർഡ് സ്വയം വഹിക്കേണ്ട തുക എത്ര എന്ന് അറിയിക്കാമോ;

(ഡി) ബോർഡ് ചെലവാക്കിയ തുക റഗുലേറ്ററി കമ്മീഷന്റെ അനുമതിയോടെയാണോ എന്ന് അറിയിക്കാമോ; ഇത് സംബന്ധിച്ച ഉത്തരവുകളുണ്ടോ; വിശദമാക്കാമോ?

<u>സഹകരണ സംഘങ്ങൾ ജനോപകാരപ്രദമാക്കാൻ നടപടി</u>

3858. **ശ്രീ.എ. എൻ. ഷംസീർ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ സഹകരണ സംഘങ്ങൾ സുതാര്യവും ജനോപകാരപ്രദവും അഴിമതിരഹിതവും ആക്കിത്തീർക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>സഹകരണ ബാങ്കുകൾ വഴിയുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ</u>

3859. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി നേരിട്ട് വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റാത്തവരുടെ തുക യഥാസമയം തിരികെ സർക്കാരിലേക്ക് ഒടുക്കാത്ത ഏതെങ്കിലും സഹകരണ ബാങ്ക് ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സഹകരണ ബാങ്കുകൾ സാമൂഹ്യ സുരക്ഷാ പെൻഷൻ യഥാസമയം വിതരണം ചെയ്യാത്ത സാഹചര്യം ഉണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ബാങ്കുകൾക്ക് എതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സഹകരണ ബാങ്കുകളിൽ നൂതന ബാങ്കിംഗ് സംവിധാനങ്ങൾ

3860. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

നൂതന ബാങ്കിംഗ് സംവിധാനങ്ങൾ നടപ്പിലാക്കി സഹകരണ ബാങ്കുകളെ കാലഘട്ടത്തിനനുസൃതമായി മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

സഹകരണ സംഘങ്ങളെ ശാക്തീകരിക്കുവാൻ നടപടി

3861. ശ്രീ.കെ.വി.വിജയദാസ്
ശ്രീമതിപി. അയിഷാ പോറ്റി
ശ്രീ.യു. ആർ. പ്രദീപ്
,, കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാരിന്റെ വികലമായ നയങ്ങളുടെ ഭാഗമായി കാർഷിക വായ്പാമേഖലയിൽ സഹകരണ സ്ഥാപനങ്ങൾ അവഗണിക്കപ്പെടുകയും സ്വകാര്യ - ന്യൂജനറേഷൻ ബാങ്കുകൾക്ക് അമിത പ്രാധാന്യം കൈവരുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ ഫലമായി സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ നൽകുന്ന കാർഷിക വായ്പ മൊത്തം വായ്പയുടെ പത്ത് ശതമാനമായി കുറഞ്ഞിട്ടുണ്ടോ;

(സി) ഈ സാഹചര്യത്തിൽ കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വേണ്ട സംരംഭങ്ങൾ ആരംഭിച്ച്, തൊഴിലും വരുമാനവും വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടലുകൾ നടത്തുവാൻ സാധ്യമാകും വിധം സഹകരണ സംഘങ്ങളെ ശാക്തീകരിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

സഹകരണ മേഖലയിൽ പാഡി പ്രോസസിംഗ് പ്ലാന്റ്

3862. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയിൽ പാലക്കാട് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന പാഡി പ്രോസസിംഗ് പ്ലാന്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനരീതിയും വിശദമാക്കാമോ;

(ബി) ഈ പ്ലാന്റിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തുന്നതെന്ന് അറിയിക്കാമോ?

സഹകരണ ബാങ്കുകൾ വഴി കെ.എസ്.ആർ.ടി.സി. പെൻഷൻ

3863. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകൾ വഴി കെ.എസ്.ആർ.ടി.സി.യുടെ പെൻഷൻ വിതരണം ചെയ്യുന്ന പദ്ധതിയിൽ എത്ര സഹകരണ ബാങ്കുകൾ പങ്കാളികളായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) നാളിതുവരെ പെൻഷൻ വിതരണത്തിനായി എത്ര കോടി രൂപയാണ് സഹകരണ ബാങ്കുകൾ മുഖേന അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വയനാട് ജില്ലയിൽ കെയർഹോം പദ്ധതി പ്രകാരം വീട് ലഭിച്ചവർ

3864. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെയർഹോം പദ്ധതി പ്രകാരം വയനാട് ജില്ലയിൽ പൂർത്തിയായ വീടുകളുടെ എണ്ണം വ്യക്തമാക്കാമോ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതി പ്രകാരം വീട് ലഭിച്ചവരുടെ പൂർണവിവരം ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം വീടുകൾ വച്ച് നൽകിയ വയനാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളുടെ പേര് വ്യക്തമാക്കാമോ?

ഗ്രാമീണ പശ്ചാത്തല സൗകര്യം സൃഷ്ടിക്കാൻ പദ്ധതികൾ

3865. പ്രൊഫ.കെ.യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ പശ്ചാത്തല സൗകര്യം സൃഷ്ടിക്കാനായി സഹകരണ സംഘങ്ങളുമായി സഹകരിച്ച് നിലവിൽ എന്തെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നബാർഡിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ

3866. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ വകുപ്പ് നബാർഡിന്റെ സഹകരണത്തോടെ എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കി വരുന്നതെന്ന് അറിയിക്കാമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സഹകരണ ബാങ്കുകളെ ആദായ നികുതിയിൽ നിന്ന് സംരക്ഷിക്കുന്നതിന് നടപടി

3867. ശ്രീ.ബി.ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിലെ നിക്ഷേപങ്ങളിൻമേൽ ആദായ നികുതി ചുമത്തുന്നതിന് കേന്ദ്ര സർക്കാർ നിർദ്ദേശമുണ്ടോ ;

(ബി) ഇതുസംബന്ധിച്ച എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ;

(സി) ഗ്രാമീണ സമ്പദ് വ്യവസ്ഥയുടെ നെട്ടുംതൂണായ സഹകരണ ബാങ്കുകളെ വരിഞ്ഞു മുറുക്കുന്നതിനായി ആദായ നികുതി വകുപ്പിന്റെ ഇത്തരം നിർദ്ദേശങ്ങളെ മറികടന്ന് സഹകരണ പ്രസ്ഥാനത്തെ സംരക്ഷിക്കുന്നതിന് എന്ത് നടപടികളാണ് സർക്കാർ കൈക്കൊള്ളുക എന്ന് അറിയിക്കാമോ?

<u>സംഘങ്ങളുടെ പ്രവർത്തനത്തിൽ ആർ.ബി.ഐ.യുടെ നിയന്ത്രണം</u>

3868. ശ്രീ.കെ.വി.വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സഹകരണ സംഘങ്ങളുടെ മേൽ ആർ.ബി.ഐ.യുടെ കടുത്ത നിയന്ത്രണങ്ങളും ആദായ നികുതി വകുപ്പിലെ 80(പി)(2) പ്രകാരമുള്ള നികുതിയിളവ് പിൻവലിച്ചതും 194(എൻ) വകുപ്പ് പ്രകാരം പണം പിൻവലിക്കുമ്പോൾ 2% നികുതി അടയ്ക്കേണ്ടി വരുന്നതുമായ സാഹചര്യത്തിൽ കേരളം എന്തെല്ലാം ബദൽ മാർഗങ്ങളാണ് ഇക്കാര്യങ്ങളിൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം നൽകാമോ?

<u>കേരള ബാങ്കിൽ നിന്ന് സഹകാരികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ</u>

3869. ശ്രീ.ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് രൂപീകരിക്കുമ്പോൾ സംസ്ഥാന സഹകരണ കാർഷിക വികസന ബാങ്കുകൾ കേരള ബാങ്കിന്റെ അംഗ ബാങ്കായി ഉൾപ്പെടുമോ; വിശദീകരിക്കുമോ;

(ബി) സഹകരണ ബാങ്കുകൾ വഴി ലഭിക്കുന്ന എല്ലാ ആനുകൂല്യങ്ങളും കേരള ബാങ്കിൽ നിന്ന് സഹകാരികൾക്ക് ലഭിക്കുമോ; വിശദമാക്കുമോ;

(സി) ഈ ബാങ്കിന് ഇന്ത്യയിലും വിദേശത്തും പ്രവർത്തിക്കുന്നതിന് സൗകര്യമുണ്ടാകുമോ; വ്യക്തമാക്കുമോ?

<u>കേരള ബാങ്കിന്റെ ഭരണ നിർവ്വഹണ സംവിധാനം</u>

3870. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് ഭരണ നിർവ്വഹണത്തിനായി ഇപ്പോഴുള്ള സംവിധാനം എന്തൊക്കെയാണെന്ന് വിശദീകരിക്കാമോ;

(ബി) കേരള ബാങ്കിന്റെ ഇപ്പോഴുള്ള ഭരണ സമിതിയിലെ അംഗങ്ങളുടെ പേരുവിവരങ്ങളും ചുമതലകളും വെളിപ്പെടുത്തുമോ;

(സി) ഇപ്പോഴുള്ള ഭരണ സംവിധാനത്തിന്റെ ഘടനയിൽ എന്തെങ്കിലും മാറ്റങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ?

<u>കേരളാ ബാങ്ക് ഭരണ സമിതി</u>

3871. **ശ്രീ.ടി.ജെ. വിനോദ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ബാങ്ക് എന്നാണ് നിലവിൽ വന്നത്; ഇത് സഹകരണ നിയമപ്രകാരം പ്രവർത്തിക്കുന്ന സഹകരണ ബാങ്ക് ആണോ; ഇതിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഇടപാടുകാർ സഹകാരികൾ എന്നാണോ അറിയപ്പെടുന്നത്; വിശദമാക്കുമോ;

(ബി) ജില്ലാ സഹകരണ ബാങ്കുകൾ ഇല്ലാതായ സാഹചര്യത്തിൽ കേരളാ ബാങ്കിന് മാത്രമായി പ്രത്യേക ഭരണ സമിതി ഉണ്ടാകുമോ; ഇത് സഹകരണ നിയമത്തിന്റെ അടിസ്ഥാനത്തിലാണോ തെരഞ്ഞെടുക്കപ്പെടുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ജില്ലാ സഹകരണ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി ഉൾപ്പെടെയുള്ള ആസ്തി ബാധ്യതകൾ മുഴുവനുമായാണോ കേരളാ ബാങ്കിൽ ലയിപ്പിച്ചിട്ടുള്ളത്; ഇല്ലെങ്കിൽ ഇവ എപ്രകാരമാണ് പരിഹരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>സഹകരണ ബാങ്കിംഗ് മേഖലയിൽ ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉപയോഗം</u>

3872. **ശ്രീ.ഐ.ബി. സതീഷ്**

**,,** ജെയിംസ് മാത്യു

**,,** കെ. ബാബു

**,,** എം. നൗഷാദ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ പ്രദേശത്തെയും സഹകരണ സ്ഥാപനങ്ങളിലെ അംഗങ്ങളുടെ ആവശ്യകതയ്ക്കനുസരിച്ച് എന്തെല്ലാം വായ്പ പദ്ധതികളാണ് അതതു സഹകരണ സംഘങ്ങൾ/ബാങ്കുകൾ നടപ്പിലാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പുത്തൻ തലമുറ ബാങ്കുകളുടെ രംഗപ്രവേശനത്തോടെ ബാങ്കിംഗ് രംഗത്ത് ശാസ്ത്രസാങ്കേതിക വിദ്യയുടെ ഉപയോഗം വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ ഇവയോട് മത്സരിക്കാൻ കഴിയും വിധം സഹകരണ ബാങ്കുകളെ ബന്ധിപ്പിച്ച് കോർബാങ്കിംഗ് നെറ്റ്‌വർക്ക് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) ഉപഭോക്താക്കൾ ആഗ്രഹിക്കുന്ന തരത്തിൽ സഹകരണ ബാങ്കിംഗ് മേഖലയിൽ പ്രൊഫഷണലിസം വളർത്തിയെടുക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ജില്ലാ സഹകരണ ബാങ്കുകൾക്ക് എ.ടി.എം. സംവിധാനം</u>

3873. **ശ്രീ.ആർ. രാമചന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ ജില്ലാ സഹകരണ ബാങ്കുകൾക്കും എ.ടി.എം. സംവിധാനമുണ്ടോ; വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കുകൾക്ക് കോർ ബാങ്കിംഗ് സംവിധാനം നിലവിലുണ്ടോ; വിശദീകരിക്കുമോ;

(സി) പ്രാഥമിക സഹകരണ സംഘങ്ങളെ കോർ ബാങ്കിംഗ് പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ?

<u>പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ</u>

3874. **ശ്രീമതിപി. അയിഷാ പോറ്റി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ ബാങ്കുകളിൽ നിന്നും നൽകുന്ന വായ്പയുടെ പലിശ നിരക്ക് കുറയ്ക്കുന്നതിന് ആലോചിക്കുമോ;

(ബി) ഗ്രാമീണ മേഖലയിൽ പ്രാഥമിക സഹകരണ ബാങ്കുകളിൽ നിന്നുള്ള വായ്പ വിതരണം കൂടുതൽ ജനകീയമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ?

<u>പാലക്കാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിലെ ക്രമക്കേടുകൾ</u>

3875. **ശ്രീ.പി.കെ. ശശി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) 2019ൽ സഹകരണ വകുപ്പ് നടത്തിയ പരിശോധനകളിൽ പാലക്കാട് ജില്ലയിലെ സഹകരണ സ്ഥാപനങ്ങളിൽ എന്തെല്ലാം ക്രമക്കേടുകളാണ് കണ്ടെത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ക്രമക്കേടുകൾ കണ്ടെത്തിയ സ്ഥാപനങ്ങളുടെ പേരും ക്രമക്കേടുകളുടെ വിശദാംശങ്ങളും അറിയിക്കാമോ?

<u>നിലമ്പൂർ സഹകരണ അർബൻ ബാങ്ക് പൊതുനന്മ ഫണ്ട്</u>

3876. **ശ്രീ.പി.വി. അൻവർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സഹകരണ അർബൻ ബാങ്ക് 2015-16 വർഷം മുതൽ 2020 ഫെബ്രുവരി 29 വരെ ചെലവഴിച്ച പൊതുനന്മ ഫണ്ട് എത്ര രൂപയാണെന്ന് സാമ്പത്തിക വർഷം തിരിച്ച് കണക്കാക്കാമോ; വിശദമാക്കാമോ;

(ബി) 2015-2016 വർഷം മുതൽ 5/03/2020 വരെ വ്യക്തിഗതമായും പൊതുആവശ്യങ്ങൾക്കും ചെലവഴിച്ച തുക, ചെലവഴിച്ച ഇനം, ചെലവഴിച്ചതെന്തിനാണ് എന്നീ വിവരങ്ങൾ സാമ്പത്തിക വർഷം തിരിച്ച് ലഭ്യമാക്കാമോ; വ്യക്തികൾക്ക് സഹായധനം നൽകിയിട്ടുണ്ടെങ്കിൽ ലഭിച്ച വ്യക്തികളുടെ പേരും വിലാസവും, നൽകിയ സംഖ്യയും നൽകിയ തീയതിയടക്കമുള്ള മുഴുവൻ വിവരങ്ങളും

ലഭ്യമാക്കാമോ;

(സി) നിലമ്പൂർ സഹകരണ അർബൻ ബാങ്ക് നിലമ്പൂർ ജില്ലാശുപത്രിയിലേക്ക് 2015-2016 മുതൽ 2020 മാർച്ച് 5 തീയതി വരെ പൊതു നന്മ ഫണ്ടിൽ നിന്നും ഏതെങ്കിലും ഇനത്തിൽ പണം ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) 2015-16 വർഷം മുതൽ 05/03/2020 വരെ പൊതുനന്മഫണ്ട് നീക്കിയിരിപ്പ് എത്രയെന്നും ചെലവഴിച്ച തുക എത്രയെന്നും വർഷം തിരിച്ച് വിശദമാക്കാമോ;

(ഇ) 2018, 2019 എന്നീ വർഷങ്ങളിലെ പ്രളയത്തിന് സഹായമായി പൊതുനന്മഫണ്ടിൽ നിന്നും ചെലവഴിച്ച തുക ആർക്കൊക്കെ നൽകിയെന്ന് വിശദമാക്കാമോ?

<u>കാർഷികരംഗത്ത് സഹകരണ സംഘത്തിന്റെ പ്രാധാന്യം</u>

3877. ശ്രീ.റ്റി.വി.രാജേഷ്

,, യു. ആർ. പ്രദീപ്

,, എം. രാജഗോപാലൻ

,, കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളുടെ മേലുള്ള സംസ്ഥാന സർക്കാരിന്റെ അവകാശങ്ങൾ കവർന്നെടുക്കുന്ന തരത്തിൽ കേന്ദ്രസർക്കാർ പുതിയ നിയമനിർമ്മാണത്തിന് പ്രാരംഭം കുറിച്ചിട്ടുള്ളതിനാൽ നിർദ്ദിഷ്ട നിയമഭേദഗതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തി കേന്ദ്ര സർക്കാരുമായി ബന്ധപ്പെടാൻ സത്വര നടപടിയുണ്ടാകുമോ;

(ബി) ഗ്രാമവാസികൾ തങ്ങളുടെ സാമ്പത്തികാശ്രയമായി സമീപിക്കുന്ന സഹകരണ പ്രസ്ഥാനം കരുത്തോടെ നിലനിർത്തുന്നതിന് ചെയ്യുവാൻ ഉദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമാണ്; അറിയിക്കാമോ;

(സി) വായ്പ ലഭ്യമാക്കിക്കൊണ്ടും സംഭരണം, സംസ്കരണം, വിപണനം എന്നീ രംഗത്ത് ഇടപെട്ടുകൊണ്ടും സഹകരണ സംഘങ്ങൾ കാർഷികരംഗത്ത് നടത്തുന്ന പ്രവർത്തനം ശക്തിപ്പെടുത്താൻ പരിപാടിയുണ്ടോ; വ്യക്തമാക്കാമോ?

<u>സഹകരണ പെൻഷൻ ബോർഡിന്റെ നിക്ഷേപം</u>

3878. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ പെൻഷൻ ബോർഡിന്റെ ഫണ്ട് ജില്ലാ സഹകരണ ബാങ്കുകളിൽ അല്ലാതെ ഏതെങ്കിലും പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കുകളിലേയ്ക്ക് ഫണ്ട് വകമാറ്റുന്നതിന് ഭരണസമിതിയുടെയും സർക്കാരിന്റെയും മുൻകൂർ അനുവാദം വാങ്ങിയിരുന്നോ;

(സി) സർക്കാരും ഭരണ സമിതിയും അനുവാദം നൽകിയ തീയതികളും ഫണ്ട് പ്രാഥമിക സർവ്വീസ്

സഹകരണ ബാങ്കിലേയ്ക്ക് വകമാറ്റിയ തീയതിയും അറിയിക്കാമോ;

(ഡി) പെൻഷൻ ചട്ടങ്ങൾക്ക് വിരുദ്ധമായി ഫണ്ട് വകമാറ്റിയതിന് സർക്കാരിന്റെ ഭാഗത്ത് നിന്നുണ്ടായ നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(ഇ) ഏത് ജില്ലാ സഹകരണ ബാങ്കിൽ നിന്ന് പിൻവലിച്ച തുകയാണ് പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ചതെന്ന് വ്യക്തമാക്കാമോ;

(എഫ്) പ്രാഥമിക സർവ്വീസ് സഹകരണ ബാങ്കിൽ നിക്ഷേപിച്ച തുക തിരികെ ജില്ലാ സഹകരണ ബാങ്കിൽ നിക്ഷേപിക്കാൻ സഹകരണ പെൻഷൻ ബോർഡിനോട് സർക്കാർ ആവശ്യപ്പെടുമോ?

<u>പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണം</u>

3879. **ശ്രീ.കെ.എം.ഷാജി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രാഥമിക സഹകരണ സംഘം ജീവനക്കാരുടെ ശമ്പള പരിഷ്കരണ കമ്മിറ്റി രൂപീകരിച്ചപ്പോൾ കേരള കോ-ഓപ്പറേറ്റീവ് വർക്കേഴ്സ് ഫെഡറേഷൻ പ്രതിനിധിയെ മാത്രം ഒഴിവാക്കിയത് എന്തുകൊണ്ടെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത സംഘടനയുടെ പ്രതിനിധിയെ കമ്മിറ്റിയിൽ ഉൾപ്പെടുത്താമോ;

(സി) പ്രസ്തുത ശമ്പള പരിഷ്കരണം എന്നത്തേയ്ക്ക് നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സർക്കാർ ജീവനക്കാർക്ക് നടപ്പിലാക്കുന്ന മെഡിക്കൽ ഇൻഷ്വറൻസ് പദ്ധതി (മെഡിസെപ്പ്) കോ-ഓപ്പറേറ്റീവ് ഇൻഷ്വറൻസ് സഹകരണ സംഘം മുഖേന നടപ്പിലാക്കുന്നതിന് എന്താണ് തടസ്സമെന്ന് വ്യക്തമാക്കാമോ?

<u>കാസർഗോഡ് ജില്ലയിലെ സഹകരണ സ്ഥാപനങ്ങൾ</u>

3880. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ നിലവിൽ എത്ര സഹകരണ സ്ഥാപനങ്ങൾ ഉണ്ടെന്നും ഈ സ്ഥാപനങ്ങളിൽ എത്ര കോടി രൂപയുടെ നിക്ഷേപം നിലവിലുണ്ടെന്നും വ്യക്തമാക്കാമോ;

(ബി) ഈ സംഘങ്ങൾ എത്ര കോടി രൂപ വായ്പ ഇനത്തിൽ അനുവദിച്ചിട്ടുണ്ടെന്നും നിക്ഷേപ/വായ്പ അനുപാതം എത്ര ശതമാനമാണെന്നും അറിയിക്കാമോ?

<u>കൺസ്യൂമർഫെഡിന്റെ വിപണി ഇടപെടൽ</u>

3881. **ശ്രീ.കെ.വി.അബ്ദുൾ ഖാദർ**

**,, കെ. ആൻസലൻ**

**,, കെ.യു. ജനീഷ് കുമാർ**

**,, ഐ.ബി. സതീഷ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് അഴിമതിയും കെടുകാര്യസ്ഥതയും കൊണ്ട് തകർച്ച നേരിട്ടിരുന്നതായി ആക്ഷേപമുള്ള കൺസ്യൂമർഫെഡിന്റെ നിലവിലെ പ്രവർത്തന നേട്ടം അറിയിക്കാമോ; വിപണി ഇടപെടൽ കാര്യക്ഷമമാക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(ബി) സ്വകാര്യ മേഖലയുടെ ചൂഷണം ഒഴിവാക്കിക്കൊണ്ട് ഉപഭോക്തൃ ഉല്പന്നങ്ങൾ, മരുന്നുകൾ മുതലായവ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിന് ഉപഭോക്തൃ സഹകരണ സംഘങ്ങൾക്കും നീതി സ്റ്റോറുകൾക്കും സർക്കാർ നൽകിവരുന്ന സഹായത്തെക്കുറിച്ച് അറിയിക്കാമോ;

(സി) സഹകരണ മേഖലയിൽ ഉല്പാദിപ്പിക്കുന്നതോ മൂല്യവർദ്ധന നടത്തുന്നതോ ആയ ഉല്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡ് ഏർപ്പെടുത്തുന്നതിനും വില്പനക്ക് ആധുനിക സാങ്കേതിക വിദ്യാധിഷ്ഠിത സൗകര്യം ഏർപ്പെടുത്താനും പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>സഹകരണ വകുപ്പ് സ്കൂളുകളിൽ നടത്തുന്ന പദ്ധതികൾ</u>

3882. **ശ്രീ.മുഹമ്മദ് മുഹസിൻ പി. :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് സഹകരണ വകുപ്പിന് കീഴിൽ വിദ്യാലയങ്ങളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ ആണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

<u>സഹകരണ സ്ഥാപനങ്ങൾ നൽകിയ കാർഷിക വായ്പ</u>

3883. **ശ്രീ.അനൂപ് ജേക്കബ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 2018-19, 2019-20 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാന സഹകരണ ബാങ്ക്, ജില്ലാ സഹകരണ ബാങ്ക്, പ്രാഥമിക സഹകരണ സംഘങ്ങൾ എന്നിവ വഴി കാർഷിക വായ്പ മേഖലയിൽ വിതരണംചെയ്ത തുക എത്രയാണെന്ന വിവരം വർഷം, ഇനം തിരിച്ച് ലഭ്യമാക്കുമോ;

(ബി) ഈ കാലയളവിൽ പ്രസ്തുത വായ്പ മേഖലയിൽ ഏറ്റവും കൂടുതൽ തുക നൽകിയത് ഏത് ജില്ലയിലാണെന്ന് അറിയിക്കുമോ?

<u>ജില്ലാ ബാങ്കുകളിലെ വായ്പ കുടിശ്ശികയുടെ കാലാവധി</u>

3884. **ശ്രീ.രാജു എബ്രഹാം :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകൾ ഇപ്പോൾ കേരള ബാങ്കിന്റെ പരിധിയിലേക്ക് മാറ്റിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ജില്ലാ ബാങ്കുകളിൽ നിന്നും വായ്പയെടുത്ത് കുടിശ്ശിക വന്നവർക്കെതിരെ ജപ്തി നടപടികൾ സ്വീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കേരള ബാങ്കിലേയ്ക്ക് ജില്ലാ ബാങ്കുകൾ ലയിപ്പിക്കുമ്പോൾ ഇത്തരം വായ്പ കുടിശ്ശികയ്ക്ക് പരമാവധി ആറുമാസം വരെ കാലാവധി നീട്ടി നൽകി ജപ്തി നടപടികൾ ഒഴിവാക്കുന്നതിന് എന്തെങ്കിലും നടപടി

സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) സർഫാസി നിയമപ്രകാരം ജില്ലാ ബാങ്ക് വായ്പ കുടിശ്ശിക തീർക്കാൻ ഇപ്പോൾ സ്വീകരിച്ചിട്ടുള്ള എല്ലാ നടപടികളും നിർത്തിവെക്കാൻ ഏതെങ്കിലും തരത്തിൽ സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കുമോ?

നെൽകൃഷി വികസനത്തിൽ സഹകരണ മേഖലയുടെ പങ്ക്

3885. ശ്രീ.ചിറ്റയം ഗോപകുമാർ
,, ആർ. രാമചന്ദ്രൻ
ശ്രീമതി ഗീതാ ഗോപി
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽകൃഷിയുടെ പുനരുജ്ജീവനത്തിനും നെൽകർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹകരണ മേഖല വഹിക്കുന്ന പങ്ക് വിശദമാക്കുമോ;

(ബി) കൊയ്ത്ത് യന്ത്രം വാങ്ങുന്നതിന് സഹകരണ സംഘങ്ങൾ പ്രോത്സാഹന ഗ്രാന്റ് നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി നെൽകർഷകർക്ക് പലിശരഹിത വായ്പയോ പലിശ സബ്സിഡിയോ അനുവദിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ഡി) സഹകരണ സ്ഥാപനങ്ങൾ നെൽകൃഷിക്കായി കർഷകന് നൽകുന്ന പലിശരഹിത വായ്പയുടെ ഇൻഷ്വറൻസ് പ്രീമിയം സഹകരണ സ്ഥാപനങ്ങൾ തന്നെയാണോ അടയ്ക്കുന്നത് എന്നറിയിക്കുമോ;

(ഇ) മുൻവർഷത്തേക്കാൾ കൂടുതൽ തുക നെൽകൃഷിക്കായി വായ്പ നൽകുന്ന പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്ക് പ്രോത്സാഹനം നൽകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾ

3886. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾക്കായി നാളിതുവരെ എത്രപേർ അപേക്ഷിച്ചിട്ടുണ്ടെന്നും ഇവരിൽ ഏതുമാസംവരെയുള്ള അപേക്ഷകർക്കാണ് ആനുകൂല്യങ്ങൾ ലഭ്യമായിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കാസർഗോഡ് ജില്ലയിൽ റിസ്ക് ഫണ്ട് ആനുകൂല്യങ്ങൾക്കായി നൽകിയ അപേക്ഷകളിൽ എത്രയെണ്ണം തീർപ്പ് കല്പിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ?

റിസ്ക് ഫണ്ട് അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ

3887. ശ്രീ.പി.കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിൽ നിന്ന് വായ്പയെടുത്തവർ മരണപ്പെടുമ്പോൾ അനുവദിക്കുന്ന റിസ്ക് ഫണ്ടിന്റെ മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) ഷൊർണ്ണൂർ മണ്ഡലത്തിലെ സഹകരണ സ്ഥാപനങ്ങളിൽ നിന്ന് റിസ്ക് ഫണ്ട് അനുവദിക്കുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് സഹായം അനുവദിച്ചുവെന്നും അറിയിക്കാമോ; ആനുകൂല്യം അനുവദിക്കപ്പെട്ടവരുടെ പട്ടിക തുക സഹിതം ലഭ്യമാക്കാമോ?

<u>കൊട്ടാരക്കര സഹകാരികൾക്ക് റിസ്ക് ഫണ്ട്</u>

3888. ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ എത്ര സഹകരണ സ്ഥാപനങ്ങൾ റിസ്ക് ഫണ്ട് പദ്ധതിയിൽ നിന്നുള്ള ധനസഹായം സഹകാരികൾക്ക് ലഭ്യമാക്കിയിട്ടുണ്ട്;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ പ്രസ്തുത സഹകരണ സ്ഥാപനങ്ങളിൽനിന്നും റിസ്ക് ഫണ്ട് മുഖേനയുള്ള ധനസഹായത്തിന് ലഭിച്ച അപേക്ഷകളിൽ അനുവദിച്ചവയുടെ വിശദാംശങ്ങളും ലഭ്യമാക്കിയ തുക എത്രയാണെന്നും വെളിപ്പെടുത്തുമോ?

<u>ആലംബഹീനർക്ക് റിസ്ക്ഫണ്ട് ആനുകൂല്യം</u>

3889. ശ്രീ.മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക്ഫണ്ട് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കാമോ;

(ബി) മാരകരോഗങ്ങളിൽപ്പെട്ട് മരണപ്പെട്ടവരും അനുകമ്പാർഹമായ ജീവിത സാഹചര്യങ്ങളിൽപ്പെട്ടവരുമായ വായ്പ കുടിശ്ശികക്കാർക്ക് റിസ്ക്ഫണ്ട് ആനുകൂല്യം ലഭിക്കുന്നതിന് നിവേദനങ്ങൾ ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) വായ്പ കുടിശ്ശികക്കാരായ ആലംബഹീനർക്ക് കൂടി റിസ്ക്ഫണ്ട് ആനുകൂല്യം ലഭിക്കുന്ന തരത്തിൽ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്ന കാര്യം പരിഗണിക്കുമോ; അറിയിക്കുമോ?

<u>സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ</u>

3890. ശ്രീ.ഡി.കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെ പെൻഷൻ പ്രായം നിലവിൽ എത്രയാണെന്ന് അറിയിക്കാമോ;

(ബി) പെൻഷൻ പ്രായം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(സി) വിരമിച്ച സഹകരണ ജീവനക്കാർക്ക് ഇപ്പോൾ നൽകി വരുന്ന പെൻഷൻ തുക എത്രയെന്ന് വിശദമാക്കാമോ;

(ഡി) പെൻഷൻ തുക വർദ്ധിപ്പിക്കുന്ന കാര്യം സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

<u>ക്ലാസ് ഫോർ ജീവനക്കാരുടെ പ്രമോഷൻ</u>

3891. **ശ്രീ.കെ.യു. ജനീഷ് കുമാർ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ സംഘങ്ങളിൽ ക്ലാസ് ഫോർ ജീവനക്കാരുടെ പ്രമോഷനുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന 1:4 അനുപാതം (ചട്ടം 85(10)) അനുസരിച്ച് നിലവിലുള്ള ജീവനക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ തീരുമാനം ഉണ്ടാകുമോയെന്ന് വ്യക്തമാക്കുമോ;

(ബി) സഹകരണ ബാങ്കിലെ ക്ലാസ് ഫോർ ജീവനക്കാരുടെ പ്രമോഷനിൽ നിലനിൽക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ആവശ്യമെങ്കിൽ നിയമനിർമ്മാണം നടത്താമോ?

<u>തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിലെ ക്ലർക്ക്/കാഷ്യർ നിയമനം</u>

3892. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാന സഹകരണ ബാങ്കിന്റെ ഭാഗമായ തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ ക്ലർക്ക്/കാഷ്യർ നിയമനത്തിനായി പി.എസ്.സി. പ്രസിദ്ധീകരിച്ച നിലവിലുള്ള റാങ്ക് ലിസ്റ്റുകൾക്ക് (കാറ്റഗറി നം.20/2014, 21/2014)മുൻപുള്ള റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിച്ചതെന്നാണ്; 01.03.2014 മുതൽ 29.02.2020 വരെ എത്ര പേർ വിരമിച്ചു; തസ്തിക തിരിച്ച് മാസം തിരിച്ച് കണക്ക് ലഭ്യമാക്കാമോ;

(ബി) നിലവിലെ റാങ്ക് ലിസ്റ്റിൽ നിന്നും ക്ലർക്ക്/കാഷ്യർ തസ്തികയിലേക്ക് ജനറൽ കാറ്റഗറിയിൽ നിന്നും സൊസൈറ്റി കാറ്റഗറിയിൽ നിന്നും എത്ര നിയമനങ്ങൾ നടന്നുവെന്ന് അറിയിക്കാമോ;

(സി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന് തസ്തിക അനുവദിച്ച് നൽകാത്ത ഏതെല്ലാം ശാഖകൾ ഉണ്ട്; പ്രസ്തുത ശാഖകളിൽ നിലവിൽ ഏതെല്ലാം തസ്തികകളിൽ എത്രവീതം ജീവനക്കാർ ജോലി ചെയ്യുന്നു; വിശദാംശം ലഭ്യമാക്കാമോ;

(ഡി) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പ്യൂൺ തസ്തികയിൽനിന്നും ക്രമവിരുദ്ധമായി ക്ലാർക്ക്/കാഷ്യർ തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ ഇരുപത്തി രണ്ട് ജീവനക്കാരെ തരംതാഴ്ത്തുന്നതിന് സഹകരണസംഘം രജിസ്ട്രാർ നൽകിയ ഉത്തരവ് പാലിച്ച് പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ;

(ഇ) അനധികൃത സ്ഥാനക്കയറ്റം റദ്ദ് ചെയ്യുന്നതുമായി ബന്ധപ്പെട്ട് നിലവിൽ കോടതിയുടെ സ്റ്റേയുണ്ടെങ്കിൽ വിശദാംശം നൽകാമോ;

(എഫ്) തിരുവനന്തപുരം ജില്ലാസഹകരണ ബാങ്കിലേക്ക് ക്ലർക്ക്/കാഷ്യർ തസ്തികകളിൽ കോടതി ഉത്തരവ് മുഖേന പ്രൊവിഷണൽ ആയി റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകളുടെ എണ്ണം എത്ര; അത്തരത്തിൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ നികത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

## അർബൻ സഹകരണ ബാങ്കുകളുടെ വായ്പ പരിധി

3893. പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) അർബൻ സഹകരണ ബാങ്കുകളുടെ വായ്പ പരിധി വെട്ടിക്കുറച്ചത് നിലവിലുള്ള വായ്പകളെ ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(ബി) ഒരു സ്ഥാപനത്തിനോ ഗ്രൂപ്പിനോ നൽകുന്ന വായ്പകളുടെ പരിധി ടയർ ഒന്നിന്റെ മൂലധനത്തിന്റെ പത്ത് ശതമാനത്തിൽ അധികമാകരുതെന്ന നിർദ്ദേശം സർക്കാർ പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത് സംബന്ധിച്ച് കേന്ദ്ര സർക്കാർ ഇറക്കിയ കരട് വിജ്ഞാപനത്തിന് സംസ്ഥാന സഹകരണ വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ?

## കൊറോണ വൈറസ് രോഗവും ടൂറിസം മേഖലയും

3894. ശ്രീമതി ഇ.എസ്.ബിജിമോൾ

ശ്രീ.ഇ.കെ.വിജയൻ

,, വി.ആർ. സുനിൽ കുമാർ

ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക രാജ്യങ്ങളിൽ ഭീതി പടർത്തുന്ന കൊറോണ വൈറസ് രോഗം സംസ്ഥാനത്തെ ടൂറിസം മേഖലയെ പ്രതികൂലമായി ബാധിക്കുമോയെന്ന് അറിയിക്കുമോ;

(ബി) പ്രളയത്തിന് ശേഷം സജീവമായിക്കൊണ്ടിരിക്കുന്ന സംസ്ഥാന ടൂറിസം വരുമാനത്തെ കൊറോണ വൈറസ് ഭീതി സാരമായി ബാധിക്കുമോയെന്ന് വ്യക്തമാക്കുമോ;

(സി) വിദേശ രാജ്യങ്ങളിൽ നിന്നുള്ള ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വലിയ കുറവുണ്ടാകുമോ എന്നറിയിക്കുമോ; ഏതൊക്കെ രാജ്യങ്ങളിൽ നിന്നുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കുറവുണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നത്;

(ഡി) ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ കൊറോണ ഭീതി മൂലം കുറവുണ്ടാകുമോ; വ്യക്തമാക്കുമോ;

(ഇ) കൊറോണ വൈറസ് പ്രതിരോധത്തിന്റെ ഭാഗമായി ടൂറിസം സെന്ററുകളിൽ ആവശ്യമായ മുൻകരുതൽ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

## പുതിയ ടൂറിസം കേന്ദ്രങ്ങൾ വികസിപ്പിക്കുന്നതിന് നടപടി

3895. ശ്രീ.പി.സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ച വ്യാധികളുടെ വ്യാപനം ടൂറിസം രംഗത്ത് വരുത്തിയിട്ടുള്ള മാന്ദ്യം വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പുതിയ ടൂറിസം കേന്ദ്രങ്ങൾ കണ്ടെത്തി വികസിപ്പിക്കുന്നതിനാവശ്യമായ പദ്ധതികൾക്ക്

രൂപം നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>കൊറോണ പ്രതിരോധത്തിന് ടൂറിസം മേഖലയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ</u>

3896. ശ്രീ.സജി ചെറിയാൻ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ്-19 (കൊറോണ വൈറസ്) തൊണ്ണൂറ്റി ഒന്ന് രാജ്യങ്ങളിൽ പടരുന്നതിന്റെ പശ്ചാത്തലത്തിൽ വിവിധ രാജ്യങ്ങൾ ഏർപ്പെടുത്തിയ യാത്രാ നിയന്ത്രണങ്ങൾ സംസ്ഥാനത്തിന്റെ ടൂറിസം മേഖലയെ ഏതുതരത്തിൽ ബാധിക്കുമെന്നത് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കൊറോണ പ്രതിരോധത്തിന് സംസ്ഥാനം വിനോദ സഞ്ചാര മേഖലയിൽ സ്വീകരിച്ചിട്ടുള്ള മുൻകരുതൽ നടപടികൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ?

<u>ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ</u>

3897. ശ്രീ.പി.ടി. തോമസ് **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഈ പഠനത്തിന്റെ അടിസ്ഥാനത്തിൽ ടൂറിസം മേഖലയിലെ തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>തീരദേശ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങൾ</u>

3898. ശ്രീ.കെ. ആൻസലൻ

,, എം. മുകേഷ്

,, വി. ജോയി

ശ്രീമതി യു. പ്രതിഭ **:** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദേശ-ആഭ്യന്തര വിനോദസഞ്ചാരികളെ ഏറെ ആകർഷിക്കുന്ന സംസ്ഥാനത്തെ തീരപ്രദേശങ്ങളോടനുബന്ധിച്ചുള്ള ടൂറിസം മേഖലകളിൽ കടൽക്ഷോഭം മൂലം നാമാവശേഷമായ ഭാഗങ്ങൾ പൂർവ്വസ്ഥിതിയിലാക്കുന്നതിന് നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിവരിക്കാമോ;

(ബി) പ്രതിസന്ധികളെ അതിജീവിച്ചുകൊണ്ട് കോവളം, ശംഖുമുഖം, വേളി, വർക്കല തുടങ്ങിയ പ്രദേശങ്ങൾ തീരദേശ വിനോദസഞ്ചാര വികസനത്തിൽ കൈവരിച്ചുവരുന്ന നേട്ടങ്ങൾ എന്തെല്ലാമാണ്;

(സി) കൊല്ലം കടൽത്തീരം മത്സ്യഗ്രാമവുമായി ബന്ധപ്പെട്ട് വിനോദസഞ്ചാര വികസന സാധ്യതയ്ക്കനുസരിച്ചുള്ള എന്തെല്ലാം പ്രവൃത്തികൾക്കാണ് തുടക്കം കുറിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ;

(ഡി) കോവളം പോലെ തന്നെ വിശാലമായ മണൽതിട്ടകളുള്ള ആലപ്പുഴ ബീച്ചിന്റെയും കായംകുളം,

ചേർത്തല അന്ധകാരനഴി എന്നിവയുടെയും വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കുമോ?

പൗരാണിക,കടൽത്തീര കേന്ദ്രീകൃത വിനോദസഞ്ചാര പ്രവർത്തനങ്ങൾ

3899. ശ്രീ.എ. എൻ. ഷംസീർ

,, കെ.കുഞ്ഞിരാമൻ

,, എ. പ്രദീപ്കുമാർ

,, കെ.വി.അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിന്റെ കടൽത്തീര കേന്ദ്രീകൃത വിനോദസഞ്ചാര സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് വിനോദ സഞ്ചാരവകുപ്പ് നടത്തിവരുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ചാവക്കാട്, കാപ്പാട്, ബേപ്പൂർ, തലശ്ശേരി തുടങ്ങിയ കേന്ദ്രങ്ങൾ പൗരാണിക തുറമുഖ നഗരത്തോടനുബന്ധിച്ചുള്ളതും മത്സ്യഗ്രാമങ്ങളുമാണെന്നതിന്റെയും സാധ്യതകൾ സംയുക്തമായി പ്രയോജനപ്പെടുത്തത്തക്ക വിധം നൂതനപദ്ധതികൾക്ക് തുടക്കം കുറിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വ്യക്തമാക്കാമോ;

(സി) കണ്ണൂർ മുഴപ്പിലങ്ങാട് ഡ്രൈവ്- ഇൻ ബീച്ചിന്റെ പ്രത്യേകതകൾ പരിഗണിച്ചുകൊണ്ടും കണ്ടൽവനങ്ങളാൽ ചുറ്റപ്പെട്ടുകിടക്കുന്ന ചെറുജലാശയങ്ങളെ സംയോജിപ്പിച്ചുകൊണ്ടും പ്രത്യേക ടൂറിസം പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ; വ്യക്തമാക്കാമോ;

(ഡി) ബേക്കൽ വിനോദസഞ്ചാര വികസന പ്രവർത്തനങ്ങളുടെ പുരോഗതി വിവരിക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനം

3900. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അറിയിക്കാമോ;

(ബി) കേരളത്തിലെ ഏതെല്ലാം പ്രധാന വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ പ്രഥമ ശുശ്രൂഷയ്ക്കുള്ള സംവിധാനം, കാലതാമസം കൂടാതെ ആംബുലൻസ് ലഭ്യമാകൽ, വേണ്ടത്ര സുരക്ഷാ മുൻകരുതലുകളും മാസ്റ്റർ പ്ലാനും, പ്രായമായവർക്കും വീൽചെയർ ഉപയോഗിക്കുന്നവർക്കും മുൻഗണന നൽകൽ എന്നീ സൗകര്യങ്ങൾ ലഭ്യമാണെന്നത് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇത്തരം സൗകര്യങ്ങളുടെ അഭാവം നമ്മുടെ വിനോദസഞ്ചാര മേഖലയെ തകർക്കുമെന്നതിനാൽ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാനസൗകര്യ വികസന പദ്ധതികൾ

3901. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി നടപ്പ് വർഷത്തെ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന പുതിയ പദ്ധതികൾ ഏതൊക്കെയായിരുന്നു; എത്ര തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്; ചെലവഴിച്ച തുക എത്രയാണ്; അറിയിക്കുമോ;

(ബി) ടൂറിസം മേഖലയിൽ ഏറ്റെടുക്കുമെന്ന് പ്രഖ്യാപിച്ച പദ്ധതികളെല്ലാം നടപ്പിലാക്കിയിട്ടുണ്ടോ; ഇനി ഏറ്റെടുക്കാനുള്ള പദ്ധതികൾ ഏതൊക്കെയാണ്;

(സി) അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം മേഖലയിൽ ഏതെല്ലാം റോഡുകളും ശുദ്ധജലവിതരണ പദ്ധതികളും നടപ്പിലാക്കുകയുണ്ടായി; വിശദമാക്കാമോ?

<u>ഗ്രീൻ കാർപ്പെറ്റ് പദ്ധതി</u>

3902. ശ്രീ.സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന ഗ്രീൻ കാർപ്പെറ്റ് പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം എന്ന് വ്യക്തമാക്കുമോ?

<u>തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി</u>

3903. ശ്രീ.എ. എൻ. ഷംസീർ
,, സി. കെ. ശശീന്ദ്രൻ
,, പി.വി. അൻവർ
,, കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരിയുടെ പൈതൃക മൂല്യങ്ങൾ സംരക്ഷിച്ചുകൊണ്ട് മലബാർ മേഖലയുടെ ചരിത്രം, കല, സംസ്കാരം എന്നിവയെ കോർത്തിണക്കി വിനോദ സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിന് തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഏതെല്ലാം ജില്ലകളെ കേന്ദ്രീകരിച്ചാണ് പ്രസ്തുത പദ്ധതി ആവിഷ്കരിച്ചിരിക്കുന്നതെന്നും എത്ര ഡെസ്റ്റിനേഷനുകളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്നും അറിയിക്കാമോ;

(സി) പദ്ധതിയ്ക്കായി എത്ര കോടി രൂപയുടെ ഡി.പി.ആർ. ആണ് തയ്യാറാക്കിയിട്ടുള്ളതെന്നും എത്ര കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>പിൽഗ്രിം ടൂറിസം പദ്ധതി</u>

3904. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പിൽഗ്രിം ടൂറിസം പദ്ധതി വഴി നടപ്പിലാക്കിയ പദ്ധതികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) പിൽഗ്രിം ടൂറിസം പദ്ധതിക്ക് മലപ്പുറം ജില്ലയിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരങ്ങൾ ലഭ്യമാക്കാമോ;

(സി) വള്ളിക്കുന്ന് മണ്ഡലത്തിലെ നെറുങ്കൈതക്കോട്ട ക്ഷേത്രം, മൂന്നിയൂർ കളിയാട്ടമുക്ക് ക്ഷേത്രം, മൂന്നിയൂർ മുട്ടിയറ പള്ളി എന്നിവിടങ്ങൾ കേന്ദ്രീകരിച്ച് ടൂറിസം വകുപ്പ് വഴി പിൽഗ്രിം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാരിന് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരവാദിത്ത ടൂറിസം, ഇക്കോ ടൂറിസം പദ്ധതികൾ</u>

3905. **ശ്രീ.സി. കെ. ശശീന്ദ്രൻ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പ് നടപ്പിലാക്കുന്ന ഉത്തരവാദിത്ത ടൂറിസം, ഇക്കോ ടൂറിസം പദ്ധതികൾ വിജയകരമാണോ;

(ബി) ഈ പദ്ധതികളിൽ വയനാട് ജില്ലയിൽ ആദിവാസി ജനവിഭാഗത്തിന് ആവശ്യമായ പരിഗണന നൽകിയിട്ടുണ്ടോ;

(സി) പരിസ്ഥിതി സൗഹൃദമായും പാരിസ്ഥിതിക വെല്ലുവിളികൾ ഇല്ലാതെയുമാണോ വയനാട്ടിൽ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത്; വ്യക്തമാക്കാമോ;

(ഡി) വയനാട്ടിലെ പുതിയ ഇക്കോ ടൂറിസം സാധ്യതകൾ/പദ്ധതികൾ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

<u>നിളയോരം പാർക്ക് കുറ്റിപ്പുറം</u>

3906. **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) റിവൈറ്റലൈസേഷൻ ഓഫ് നിളയോരം പാർക്ക് കുറ്റിപ്പുറം എന്ന പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി എന്തെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പാർക്ക് സ്ഥിതി ചെയ്യുന്ന കുറ്റിപ്പുറം റീസർവ്വെ നമ്പർ 1- ൽപെട്ട ഏഴ് ഏക്കർ സ്ഥലവും പാർക്കിനോട് ചേർന്ന് തെക്ക് കിഴക്ക് ഭാഗത്തായി സ്ഥിതി ചെയ്യുന്ന പാർക്കിന്റെ തുടർ വികസനത്തിന് ഉപയോഗിക്കാവുന്ന എട്ട് ഏക്കർ റവന്യൂ പുറമ്പോക്ക് സ്ഥലവും ടൂറിസം വകുപ്പിന് ലഭിക്കുന്നതിനുവേണ്ടി സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) ഇത് സംബന്ധിച്ച് ഡി.ടി.പി.സി. ടൂറിസം ഡയറക്ടർക്കും സർക്കാരിനും കത്ത് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ബി.ആർ.ഡി.സി. വഴി നടത്തിയ നിർമ്മാണ പ്രവർത്തനങ്ങൾ</u>

3907. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷൻ. വഴി ഏതൊക്കെ നിർമ്മാണ പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളതെന്നും ഇതിനായി എത്ര കോടി രൂപ ചെലവഴിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

മഞ്ചേരി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

3908. ശ്രീ.എം.ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേരി നിയോജകമണ്ഡലത്തിൽ നിലവിലുള്ള ടൂറിസം പദ്ധതികൾ ഏതെല്ലാമെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിനായി ഈ സർക്കാർ സ്വീകരിച്ച നടപടികളും ചെലവഴിച്ച തുകയും എത്രയെന്ന് വിശദമാക്കാമോ;

(സി) മലപ്പുറം ജില്ലാ പ്രമോഷൻ കൗൺസിൽ വഴി ഏതെല്ലാം പദ്ധതികളാണ് നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയത്; വിശദമാക്കാമോ?

തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതി

3909. ശ്രീ.ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി ഹെറിറ്റേജ് ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) വയനാട് ജില്ലയിൽ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള പ്രവൃത്തികൾ നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(സി) തലശ്ശേരി ഹെറിറ്റേജ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി ഏതാണെന്ന് അറിയിക്കാമോ?

മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതി

3910. ശ്രീ.സി.കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിൽ ടൂറിസം വകുപ്പിൽ നിന്നും ഭരണാനുമതി ലഭിച്ച മീൻകുഴി വാട്ടർ റിക്രിയേഷൻ പദ്ധതിയുടെ നിലവിലെ അവസ്ഥ എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നിർമ്മാണ പ്രവൃത്തി എപ്പോൾ തുടങ്ങാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പാലക്കാട് മണ്ഡലത്തിലെ ടൂറിസം വകുപ്പ് പ്രവൃത്തികൾ

3911. ശ്രീ.ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

പാലക്കാട് നിയോജക മണ്ഡലത്തിൽ ടൂറിസം വകുപ്പ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ബാലുശ്ശേരി മണ്ഡലത്തിലെ വയലട ഹിൽ ടൂറിസം പദ്ധതി

3912. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ വയലട ഹിൽ ടൂറിസം പദ്ധതിയുടെ ഭാഗമായി ഇപ്പോൾ എന്തൊക്കെ പ്രവൃത്തികളാണ് പുരോഗമിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഈ പ്രവൃത്തി എപ്പോൾ പൂർത്തിയാക്കാനാവുമെന്നാണ് കരുതുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വയലട ടൂറിസം പദ്ധതി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് അറിയിക്കാമോ?

തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതി

3913. **ശ്രീ.ഐ.ബി. സതീഷ് :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട പഞ്ചായത്തിലെ തുങ്ങാംപാറ ഇക്കോടൂറിസം പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ; ആയത് സംബന്ധിച്ച തുടർനടപടികൾ എന്തെന്ന് വിശദമാക്കാമോ?

അരുവിപ്പുറം ടൂറിസം പദ്ധതി

3914. **ശ്രീ.ഡി.കെ. മുരളി :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജക മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന അരുവിപ്പുറം ടൂറിസം പദ്ധതിക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ നൽകാമോ?

കൊച്ചയിൽ ക്രൂസ് ടൂറിസത്തിന്റെ വികസന സാധ്യത

3915. **ശ്രീ.കെ.ജെ. മാക്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചിയിൽ ക്രൂസ് ടൂറിസ വികസനത്തിനായി സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) 2019ൽ കൊച്ചിയിൽ എത്തിയ ഇറ്റാലിയൻ ആഡംബര കപ്പൽ കോസ്റ്റ് വിക്ടോറിയയിൽ കൊച്ചിയിൽ നിന്ന് കന്നിയാത്രയ്ക്ക് കയറിയവർ എത്രയെന്ന് അറിയിക്കാമോ;

(സി) അവർക്ക് ലഭ്യമായ അനുഭവങ്ങളും സൗകര്യങ്ങളും പരിഗണിച്ച് കൊച്ചി കേന്ദ്രമാക്കി ക്രൂസ് ടൂറിസ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിനായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) കോസ്റ്റ് വിക്ടോറിയ, കൊച്ചി-മാലിദ്വീപ്, മുംബൈ-ഗോവ-ന്യൂമാംഗ്ലൂർ-കൊച്ചി, മാലിദ്വീപ്-കൊളംബോ-മുംബൈ എന്നീ പാക്കേജുകൾ നടത്തുന്നതുപോലെ മറ്റു കപ്പലുകളുടെ വരവ് സാധ്യമാക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്താമോ;

(ഇ) വിനോദസഞ്ചാരികൾക്കായി ഹെലികോപ്റ്റർ ടൂറിസം യാഥാർത്ഥ്യമാക്കുവാനായി ഈ സർക്കാർ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ വ്യക്തമാക്കുമോ?

## വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി

3916. ശ്രീ.മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ വാടാനപ്പള്ളി ബീച്ച് ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്നും അനുമതി ലഭിക്കുന്നതിനായി വാടാനപ്പള്ളി പഞ്ചായത്ത് നൽകിയ തീരുമാനം, വില്ലേജിൽ നിന്നും ലഭിച്ച സ്കെച്ച്, പ്ലാൻ എന്നിവ സഹിതം വാടാനപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് കത്ത് നൽകിയ തീയതി എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിൽ നിന്ന് അനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കാമോ?

## ചാലിയാറിന്റെ കരയിൽ ടൂറിസം പദ്ധതി

3917. ശ്രീ.ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിൽ ചാലിയാറിന്റെ കരയിൽ ടൂറിസം പദ്ധതി ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ചാലിയാറിന്റെ കരയിൽ ചീക്കോട്, വാഴക്കാട്, വാഴയൂർ പഞ്ചായത്തുകളിൽ ചിൽഡ്രൻസ് പാർക്ക്, ഗാർഡൻ എന്നിവ സ്ഥാപിക്കാൻ ആവശ്യമായ സ്ഥലങ്ങൾ ലഭ്യമായിട്ടും ടൂറിസം ഡെസ്റ്റിനേഷനായി മാറ്റാതിരിക്കുന്നതിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) ചാലിയാറിൽ ടൂറിസം വികസനത്തിന്റെ ഭാഗമായി ബോട്ടിംഗ് സർവ്വീസ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

## ഊരാറ്റിൻപുറം ടൂറിസം പദ്ധതി

3918. ശ്രീ.കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര ഊരാറ്റിൻപുറത്ത് ഡി.ടി.പി.സി. വഴി നടപ്പിലാക്കുന്ന ടൂറിസം പദ്ധതിയിൽ തൂക്കുപാലം നിർമ്മിക്കുന്നതിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ എപ്പോൾ പൂർത്തീകരിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) ആദ്യഘട്ടത്തിൽ ഏതൊക്കെ പ്രവൃത്തികൾ ആണ് ഈരാറ്റിൻപുറത്ത് പൂർത്തീകരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>പൊൻമുടിയിൽ സഞ്ചാരികളിൽ നിന്നും പണം ഈടാക്കുന്ന നടപടി</u>

3919. **ശ്രീ.എം. വിൻസെന്റ് :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊൻമുടിയിൽ കെ.എസ്.ആർ.ടി.സി. ബസ്സിലെത്തുന്ന സഞ്ചാരികളിൽ നിന്നും വനം വകുപ്പ് പണം ഈടാക്കുന്ന നടപടി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പൊൻമുടിയിലേക്ക് എത്തുന്ന ടൂറിസ്റ്റുകളുടെ വരവിനെ ഇത് സാരമായി ബാധിക്കുമെന്നതിനാൽ വനം വകുപ്പുമായി ബന്ധപ്പെട്ട് ഇത് ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>അതിരപ്പിള്ളിയിലെ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ</u>

3920. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിൽപ്പെട്ട പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ അതിരപ്പിള്ളിയിൽ ടൂറിസം വകുപ്പിന് കീഴിലുള്ള സ്ഥലത്ത് ഫെസിലിറ്റേഷൻ സെന്റർ, പാർക്കിംഗ് സൗകര്യം എന്നിവയുടെ നിർമ്മാണം തുടങ്ങിയെങ്കിലും പൂർത്തീകരിക്കാനാവാതെ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നിർമ്മാണത്തിനുണ്ടായിട്ടുള്ള തടസ്സങ്ങൾ നീക്കി അതിരപ്പിള്ളി ടൂറിസം ഫെസിലിറ്റേഷൻ സെന്ററിന്റേയും പാർക്കിംഗ് സൗകര്യങ്ങളുടെയും നിർമ്മാണം പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിക്കുമോ;

(സി) അതിരപ്പിള്ളിയിലെ യാത്രിനിവാസിന്റെ നിർമ്മാണം ഏതുഘട്ടത്തിലാണ് എന്ന് അറിയിക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണം പൂർത്തീകരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>അതിരപ്പിള്ളിയിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ</u>

3921. **ശ്രീ.ബി.ഡി. ദേവസ്സി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി മണ്ഡലത്തിലെ അതിരപ്പിള്ളിയിൽ ടൂറിസം ഫെസിലിറ്റേഷൻ സെന്റർ സ്ഥാപിക്കുന്നതിനും പാർക്കിംഗ് സംവിധാനം ഒരുക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(സി) നിർമ്മാണം പൂർത്തിയാക്കാൻ എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ എന്ന് വെളിപ്പെടുത്താമോ;

(ഡി) ഉണ്ടെങ്കിൽ തടസ്സങ്ങൾ നീക്കി നിർമ്മാണം പൂർത്തിയാക്കി വിനോദസഞ്ചാരികൾക്ക്

സൗകര്യമൊരുക്കുവാൻ ആവശ്യമായ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>മലപ്പുറത്തെ കാവുകളുടെയും കുളങ്ങളുടെയും സംരക്ഷണം</u>

3922. ശ്രീ.അബ്ദുൽ ഹമീദ് പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷേത്രങ്ങളിലെ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനുമുള്ള പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിൽ അനുവദിച്ച പദ്ധതികളുടെ വിശദമായ വിവരം ലഭ്യമാക്കാമോ;

(ബി) നടപ്പ് സാമ്പത്തിക വർഷം ഇത്തരത്തിൽ കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ?

<u>ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ</u>

3923. ശ്രീ.എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

അന്യാധീനപ്പെട്ട ക്ഷേത്രഭൂമി തിരിച്ചുപിടിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും എത്ര ഏക്കർ ഭൂമിയാണ് ഇതുവഴി തിരിച്ചുപിടിച്ചിട്ടുള്ളതെന്നും അറിയിക്കാമോ?

<u>റോപ്പ് വേ സംവിധാനം</u>

3924. ശ്രീ.രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) പമ്പയിൽ നിന്ന് സന്നിധാനത്തേക്ക് സാധനങ്ങൾ എത്തിക്കുന്നതിന് റോപ്പ് വേ സംവിധാനം ഏർപ്പെടുത്തുന്ന നടപടി ഏത് ഘട്ടം വരെയായി; എത്ര രൂപയാണ് ഇതിനായി വകയിരുത്തിയിരിക്കുന്നത്;

(ബി) റോപ്പ് വേ നിർമ്മാണത്തിന് ഏതെങ്കിലും കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതു കമ്പനിയെ; ഇതിന് അന്തിമമായി കരാറായിട്ടുണ്ടോ; എങ്കിൽ എന്ന്; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) ഇല്ലെങ്കിൽ ശബരിമല സീസൺ ഉൾപ്പെടെയുള്ള സമയങ്ങളിൽ ട്രാക്ടറുകളിൽ സാധനങ്ങൾ മുകളിൽ എത്തിക്കുന്നതിന്റെ അസൗകര്യം പരിഗണിച്ച് റോപ്പ് വേ ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഇത് സ്ഥാപിക്കുന്നത് സംബന്ധിച്ച് വനം വകുപ്പ് ഏതെങ്കിലും തരത്തിലുള്ള എതിർപ്പുകൾ ഉന്നയിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവ എന്തൊക്കെയാണ്; അവ പരിഹരിക്കുന്നതിന് എന്തൊക്കെ നടപടി സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ?

<u>മലബാർ ദേവസ്വം ബോർഡ് - നിയമനിർമ്മാണവും, ശമ്പള പരിഷ്കരണവും</u>

3925. ശ്രീ.പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം നിയമനിർമ്മാണത്തിന് ശിപാർശ സമർപ്പിക്കാൻ സർക്കാർ കമ്മിറ്റിയെ നിയമിച്ചിരുന്നുവോ; എങ്കിൽ കമ്മിറ്റി അംഗങ്ങൾ ആരൊക്കെയായിരുന്നു; കമ്മിറ്റി എന്നാണ് റിപ്പോർട്ട് സമർപ്പിച്ചതെന്ന് അറിയിക്കാമോ ;

(ബി) ദേവസ്വം നിയമനിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ;

(സി) മലബാർ ദേവസ്വം ജീവനക്കാരുടെ വേതനം പരിഷ്കരിക്കുന്നതിന് ദേവസ്വം ബോർഡ് തീരുമാനം എടുത്തിട്ടുണ്ടോ ; എങ്കിൽ സർക്കാർ അനുമതിക്ക് വേണ്ടി എന്നാണ് സമർപ്പിച്ചത്; എന്ത് തീരുമാനമാണ് ഇക്കാര്യത്തിൽ കൈക്കൊണ്ടതെന്നറിയിക്കാമോ ;

(ഡി) ശമ്പള പരിഷ്കരണത്തിന് എത്ര തുക വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്; വ്യക്തമാക്കാമോ?

<u>മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ വേതന പരിഷ്കരണം</u>

3926. ശ്രീ.കെ.എൻ.എ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിലെ ക്ഷേത്രജീവനക്കാരുടെ വേതന പരിഷ്കരണം പൂർത്തിയാക്കിയോ; എന്നുമുതലുള്ള പരിഷ്കരണമാണ് നടത്തിയത്; ഇതിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും വ്യക്തമാക്കാമോ;

(ബി) 2009-ൽ നടപ്പിലാക്കിയ വേതനപരിഷ്കരണത്തിനുശേഷം പിന്നീട് ഇതുവരെയും വേതനം പരിഷ്കരിക്കാത്തതുകാരണം സ്വന്തം ഫണ്ടില്ലാത്ത ബി, സി, ഡി ഗ്രേഡുകളിലുള്ള ക്ഷേത്രങ്ങളിലെ ജീവനക്കാർ അനുഭവിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് ഈ സർക്കാർ ഇത്രയും കാലതാമസമുണ്ടാക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ സാമ്പത്തിക വർഷത്തിൽ ഇപ്രകാരമുള്ള വേതന പരിഷ്കരണ കുടിശ്ശിക വിതരണം ചെയ്യാൻ ആവശ്യമായ തുക വകയിരുത്തുന്നതിന് വകുപ്പ് നടപടികൾ സ്വീകരിച്ചോ; വ്യക്തമാക്കുമോ?

<u>മലബാർ ദേവസ്വം ബോർഡിലെ ജീവനക്കാരുടെ ശമ്പളപരിഷ്കരണം</u>

3927. ശ്രീ.കെ.എം.ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാറിലെ ക്ഷേത്ര ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കാൻ സർക്കാരിന്റെ അംഗീകാരത്തിനായി മലബാർ ദേവസ്വം സമർപ്പിച്ച റിപ്പോർട്ടിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) കെ. ഗോപാലകൃഷ്ണൻ റിപ്പോർട്ടിൽ ഇന്നുവരെ സ്വീകരിച്ച നടപടികളെന്തെല്ലാമെന്ന് പറയാമോ;

(സി) മലബാർ ദേവസ്വത്തിന് കീഴിലുള്ള ജീവനക്കാരുടെ പത്തുവർഷമായി മുടങ്ങിക്കിടക്കുന്ന ശമ്പള പരിഷ്കരണം എന്നത്തേക്ക് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) മലബാർ ദേവസ്വം ബോർഡിലെ ക്ഷേത്ര ജീവനക്കാർക്ക് അർഹമായ ശമ്പളപരിഷ്കരണം നടപ്പിലാക്കി അവർക്ക് നീതി ഉറപ്പാക്കാൻ സർക്കാർ അടിയന്തര നടപടി സ്വീകരിക്കുമോ?

## മലബാർ ദേവസ്വം ബോർഡിൽ എക്സിക്യൂട്ടീവ് ഓഫീസർമാരുടെ നിയമനം

3928. **ശ്രീ.പുരുഷൻ കടലുണ്ടി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ജീവനക്കാരുടെ പ്രശ്നങ്ങൾ ഉന്നയിച്ചുകൊണ്ട് മലബാർ ദേവസ്വം എംപ്ലോയിസ് യൂണിയൻ (സി.ഐ.ടി.യു) സർക്കാരിന് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ ചർച്ച നടന്നിരുന്നുവോ; ഉണ്ടെങ്കിൽ എന്ത് തീരുമാനമാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ;

(ബി) മലബാർ ദേവസ്വം ബോർഡിനു കീഴിൽ എത്ര എക്സിക്യൂട്ടീവ് ഓഫീസർമാർ ജോലി ചെയ്യുന്നുണ്ട്; ഇവർ നിരവധി ക്ഷേത്രങ്ങളുടെ ചുമതല നിർവഹിക്കുന്നവരാണ് എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ക്ഷേത്ര ഭരണം കാര്യക്ഷമമായി നടത്തുന്നതിന് കൂടുതൽ എക്സിക്യൂട്ടീവ് ഓഫീസർമാരെ നിയമിക്കാൻ സർക്കാർ നടപടി എടുക്കുമോ; എക്സിക്യൂട്ടീവ് ഓഫീസർമാരെ തെരഞ്ഞെടുക്കുമ്പോൾ നിലവിലുള്ള ദേവസ്വം ജീവനക്കാരെ കൂടി ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

## അബ്രാഹ്മണ ശാന്തിമാരുടെ നിയമനം

3929. **ശ്രീ.എം. രാജഗോപാലൻ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

സാമൂഹിക മാറ്റത്തിന് കാഹളമുയർത്തി സംസ്ഥാനത്ത് ഇതുവരെയായി എത്ര അബ്രാഹ്മണ ശാന്തിമാരെ നിയമിച്ചിട്ടുണ്ടെന്നും ഇതിൽ എത്രപേർ പട്ടികജാതി/വർഗ്ഗ വിഭാഗത്തിൽപ്പെട്ടവരുണ്ടെന്നും വ്യക്തമാക്കാമോ?

## എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പാത്രക്കുളത്തിന്റെ പുനരുദ്ധാരണം

3930. **ശ്രീമതി യു. പ്രതിഭ :** താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ ഉൾപ്പെട്ടതും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ പരിധിയിൽപ്പെട്ടതുമായ എരുവ ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിലെ പാത്രക്കുളം പുനരുദ്ധരിച്ച് സംരക്ഷിക്കുന്നതിന് വേണ്ടിയുള്ള നടപടിക്രമങ്ങളുടെ പുരോഗതി വിശദമാക്കാമോ?

## വർക്കല മണ്ഡലത്തിലെ ക്ഷേത്രങ്ങളുടെ അധീനതയിലുള്ള ഭൂമി

3931. **ശ്രീ.വി. ജോയി :** താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ദേവസ്വം ബോർഡിന് കീഴിലുള്ള ക്ഷേത്രങ്ങൾ ഏതൊക്കെയെന്ന് പഞ്ചായത്തടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) പ്രസ്തുത ക്ഷേത്രങ്ങളുടെ അധീനതയിൽ എത്ര ഭൂമി വീതമാണുള്ളതെന്ന് വിശദമാക്കാമോ?

<u>പന്തല്ലൂർ ക്ഷേത്രത്തിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം</u>

3932. ശ്രീ.ഐ.സി.ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള പന്തല്ലൂർ ക്ഷേത്രത്തിന്റെ അധീനതയിലുണ്ടായിരുന്ന സ്ഥലം അന്യാധീനപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എത്ര ഏക്കർ ഭൂമിയാണ് അന്യാധീനപ്പെട്ടത്; അതിൽ എത്ര ഏക്കർ ഭൂമി കോടതി വിധിയുടെ അടിസ്ഥാനത്തിൽ മലബാർ ദേവസ്വം ബോർഡ് ഏറ്റെടുത്തുവെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത ക്ഷേത്ര ഭൂമി പരിപാലിക്കുവാൻ ബോർഡ് ആരെയെങ്കിലും ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആരെ; പ്രസ്തുത വ്യക്തിക്ക് ഈ ഇനത്തിൽ 2018-19-ൽ എന്ത് തുക നൽകിയെന്ന് വ്യക്തമാക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, | എസ് വി ഉണ്ണികൃഷ്ണൻ നായർ,
തിരുവനന്തപുരം, | സെക്രട്ടറി,
10-03-2020

---

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിൻറെ തലേദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി ലഭ്യമാക്കേണ്ടതാണ് [ചട്ടം 47(1)].
"T" ഇന്നത്തേക്ക് മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.